പുസ്തകം 8 ലക്കം 7
ജൂൺ 2018
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

*Eka Thathwa*

മാസിക



ഞാനുണ്ട്...
എന്നെ കാണാറുമുണ്ട്...

## ഏക തത്ത്വയുടെ ആഭിമുഖ്യത്തിൽ
# 'പുനർജ്ജനി'യുടെ പ്രകാശനം




2018 മെയ് 12 ശനിയാഴ്ച രാവിലെ 10 മണിക്ക് ചെറായ ശില്പശാലയിൽ വെച്ച് ഏക തത്ത്വയുടെ ആഭിമുഖ്യത്തിൽ ശില്പി സുകുമാരൻ നെല്ലാനിക്കാടിന്റെ രചനാസമാഹാരമായ 'പുനർജ്ജനി'യുടെ പ്രകാശനവും വേദിയുടെ ഉദ്ഘാടനവും സുപ്രസിദ്ധ ഛായാഗ്രാഹകനും സിനിമാസംവിധായകനുമായ ശ്രീ. വേണു നിർവ്വഹിച്ചു. തുടർന്ന് സാഹിത്യസംഗമവും കുടുംബകൂട്ടായ്മയും നടന്നു. പുനർജ്ജനിയുടെ ആദ്യപ്രതി ചരിത്ര രചയിതാവും ഗവേഷകനുമായ ശ്രീ. ബാലഗംഗാധരൻ മാസ്റ്റർ ഏറ്റുവാങ്ങി. ശ്രീമതി. കൃഷ്ണ എഴക്കാട് പുസ്തകപരിചയം നടത്തി. ഏക തത്ത്വ എഡിറ്റർ ശ്രീ. ഇ. ടി. മുരളീധരൻ അദ്ധ്യക്ഷനായിരുന്നു. കവിയും റിട്ട. ഹെഡ് മാസ്റ്ററുമായ ശ്രീ. ആർ. കെ. വള്ളീച്ചിറ, ശ്രീ. സുകുമാരൻ നെല്ലാനിക്കാടിന് കീർത്തിപത്രം സമർപ്പിച്ചു. ശ്രീ. ശുകപുരം രാധാകൃഷ്ണനും മൊഴി കലാസാഹിത്യവേദിയ്ക്കുവേണ്ടി ശ്രീ. ബാലകൃഷ്ണനും നാടകസംഘത്തിനുവേണ്ടി ശ്രീ. സി. എൻ. ശിവദാസനും അദ്ദേഹത്തെ പൊന്നാടയണിഞ്ഞ് ആദരിച്ചു. ഗായകൻ ശ്രീ. പ്രദീപ് ചെറായ, കർഷകനായ ശ്രീ. അപ്പൂട്ടി, മൂന്നര എന്ന സിനിമയിലെ നായിക ശ്രീമതി. മഞ്ജു രാഘവ് എന്നിവരേയും ആദരിച്ചു. തുടർന്ന് എസ്. എസ്. എൽ. സിയ്ക്ക് ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് മൊമെന്റോ നല്കി. മാതൃകാ കർഷകനും മനുഷ്യസ്നേഹിയുമായ ശ്രീ. തങ്കച്ചൻ ജോണിന്റെ സാന്നിദ്ധ്യം സദസ്സിന് മികവേകി. അഡ്വ. സേനാപതി വേണു (കെ. പി. സി. സി. നിർവ്വാഹക സമിതി അംഗം), അഡ്വ. പി. എ. ഗോകുൽദാസ് (പ്രസിഡണ്ട്, സർഗ്ഗം സാംസ്കാരികവേദി, കോങ്ങാട്), ശ്രീമതി. ലത (കോങ്ങാട് പഞ്ചായത്ത് പ്രസിഡണ്ട്), ശ്രീ. വി. സേതുമാധവൻ (കോങ്ങാട് പഞ്ചായത്ത് വൈസ് പ്രസിഡണ്ട്), ശ്രീ. പി. എൻ. മോഹൻദാസ് (മുൻ പഞ്ചായത്ത് പ്രസിഡണ്ട്), ശ്രീ. തൃപ്പലമുണ്ട വിശ്വനാഥൻ (കവി), ശ്രീ. ബാലകൃഷ്ണൻ സമന്വയ (കവർ ഡിസൈനർ), ശ്രീ. സി. എൻ. ശിവദാസൻ (നാടക നടൻ), ശ്രീ. കൃഷ്ണൻ കുട്ടി (കെ. എസ്. എസ്. പി. യു. ബ്ലോക്ക് സെക്രട്ടറി) എന്നിവർ ആശംസ അർപ്പിച്ചു. ഗ്രന്ഥകർത്താവായ ശില്പി ശ്രീ. സുകുമാരൻ നെല്ലാനിക്കാട് മറുപടി പ്രസംഗം നടത്തി. കുമാരി. ആർദ്ര കൃഷ്ണയുടെ പ്രാർത്ഥനയിൽ ആരംഭിച്ച ചടങ്ങിൽ ശ്രീ. ശുകപുരം രാധാകൃഷ്ണൻ (വാദ്യകലാപ്രതിഭ) സ്വാഗതവും ശ്രീമതി. മഞ്ജു കൃഷ്ണ നന്ദിയും പറഞ്ഞു. ഉച്ചഭക്ഷണത്തിനുശേഷം രണ്ടുമണി മുതൽ ആറുവരെ സാഹിത്യസദസ്സും കുടുംബകൂട്ടായ്മയും നടന്നു. കുഞ്ഞുണ്ണിമാഷുടെ ശിഷ്യനും കവിയുമായ ശ്രീ. മുരളീധർ കൊല്ലത്ത്, പ്രശസ്ത കഥാകൃത്ത് സുരേഷ് തെക്കീട്ടിൽ, ആർ. കെ. വള്ളീച്ചിറ എന്നിവർ ചേർന്ന് സാഹിത്യസദസ്സ് നയിച്ചു. ശ്രീ. ഇന്ദുജൻ ഇന്ദീവരം, ശ്രീ. ഗോപിനാഥ് തട്ടയ്ക്കാടൻ, ശ്രീ. ഇ. എൻ. നാരായണൻ, ശ്രീ. ശ്രീപ്രകാശ് ഒറ്റപ്പാലം, ശ്രീ. സുധാകര പണിക്കർ, ശ്രീമതി വാസന്തി മോഹൻ തുടങ്ങിയവർ കവിതകളവതരിപ്പിച്ചു. ഗായകൻ പ്രദീപ് ചെറായയും സംഘവും അവതരിപ്പിച്ച സംഗീതവിരുന്ന് ഏവരും ആസ്വദിച്ചു. ശ്രീ. പൂവത്തിങ്കൽ ഭാസ്ക്കരൻ, ശ്രീ. ഈശ്വർകുമാർ തരവത്ത്, ശ്രീ. ടി. കെ. ഉണ്ണികൃഷ്ണൻ, ശ്രീ. ടി. വി. നാരായണൻ കുട്ടി, ശ്രീ. രജീഷ് കാളികാവ്, ശ്രീമതി തുളസി കേരളശ്ശേരി, ശ്രീമതി. കൃഷ്ണ എഴക്കാട് ശ്രീ. ഉണ്ണിവിശ്വനാഥ്, ശ്രീമതി. ജ്യോതി ചമ്പത്ത്, ശ്രീമതി. നീരജവർമ്മ, ശ്രീ. അശോകൻ രാജീവം, ശ്രീ. ദേവീപ്രസാദ് പീടീയ്ക്കൽ ഏക തത്ത്വ മാനേജിംഗ് എഡിറ്റർ ബിന്ദു. കെ, ഏക തത്ത്വ സൗണ്ട് എഞ്ചിനീയർ ഉല്ലാസ് ഗോവർദ്ധൻ തുടങ്ങി രാവിലെ പത്തുമണി മുതൽ വൈകീട്ട് ആറു മണിവരെ ഒത്തുചേർന്ന് വേദിയേയും സദസ്സിനേയും പ്രൗഢഗംഭീരമാക്കി..





₹ 15

# ഏക തത്ത്വ

**മാസിക**

**പുസ്തകം 8 ലക്കം 7**
**ജൂൺ 2018**

visit: ekathathwa.blogspot.in


**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**കവർ ഫോട്ടോ**
ഉല്ലാസ് ഗോവർദ്ധൻ


**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."


അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**

**വരിസംഖ്യ**
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**




# ഉള്ളടക്കം


**ലേഖനം**
7 – ആദാമിന്റെ മകൻ അബു – എം. എം. മേനോൻ
9 – എഴുത്തെന്ന കല – ജനാർദ്ദനൻ പി. വണ്ടാഴി
10 – ബാലപാഠം കുടുംബത്തിൽ നിന്നുതന്നെ – പി. ആർ. ജോസ്
11 – നൈരാശ്യം പരമസുഖം – ചെറിയാൻ തോട്ടുങ്കൽ
12 – കരുണ ചെയ്തീടുകിൽ – ജോസഫ് പൂതക്കുഴി
14 – ബന്ദ് – ശ്യാമള
29 – മാസങ്ങളിൽ ഞാൻ മാർകഴി... – ടി. ജെ. നായർ

**കഥ**
20 – നുറുങ്ങുകൾ – അർച്ചനാ മേനോൻ സച്ചിൻ
26 – അപരിചിതൻ – അശോകൻ രാജീവം
34 – പുതുമനസ്സ് – സുരേഷ് തെക്കീട്ടിൽ
34 – ജീവിതം – ഉല്ലല ബാബു
37 – വെറുമൊരു പെണ്ണിന്റെ കഥ – രജിത മണക്കാട്
38 – സാഹിത്യം – ടി. വി. ഹരികുമാർ
39 – നരസു – ടി. കെ. ഉണ്ണികൃഷ്ണൻ

**കവിത**
8 – ഉന്മാദം – പായിപ്ര രാധാകൃഷ്ണൻ
15 – മുണ്ട് – സൈനുദീൻ മുണ്ടക്കയം
17 – ഗാന്ധിയുടെ മരണം – മുകുന്ദൻ കുറുവട്ടൂർ
20 – നവംബറിന്റെ ദുഃഖം – അന്ന ജോസഫ് കോരുത്തോട്
21 – അടുക്കള – മംഗളൻ തൈക്കൽ
21 – വിധി – തുളസി കേരളശ്ശേരി
33 – കുഞ്ഞുകവിതകൾ – ജിജോ രാജകുമാരി
34 – ഹർത്താൽ – സൗമിനി അലക്സാണ്ടർ
38 – ആകാശത്തിനു കീഴിൽ – ഉണ്ണി വിശ്വനാഥ്
38 – അഖിലമ്മ സകലമമ്മ – അജയ് ബാലചന്ദ്രൻ
41 – പ്രവാഹിനി – എം. കെ. ശശിധരൻ
42 – ഒടുവിൽ നാം ഒരിടത്തിൽ – ഗോപിനാഥ് തട്ടയ്ക്കാടൻ
42 – അമ്മയുടെ മാനദണ്ഡം – വാസന്തി മോഹൻ

**സ്മരണ**
16 – എന്റെ അഭിനയസ്മരണകൾ – മുക്കം ഭാസി

**അനുഭവം**
8 – സ്ത്രീസമത്വം – ഭാസ്ക്കരൻ പൂവത്തിങ്കൽ

**യാത്രാവിവരണം**
18 – ദേവഭൂമിയിലെ ദേവദാരുക്കൾ – ഈശ്വർകുമാർ തരവത്ത്

**ആരോഗ്യം**
19 – കോൺട്രോഡിസ്ട്രോഫി – ഡോ. സി. രാമകൃഷ്ണൻ

**പാചകം**
21 – മട്ടർ പനീർ – പി. എൻ. ഗംഗാലക്ഷ്മി

**പുസ്തകാസ്വാദനം**
22 – തെളിനീരല പോലെ ഒരു ആത്മകഥ – സി. പി. നായർ, I.A.S

**അർബുദവായനയിലെ അത്ഭുതചിന്തകൾ**
30 – നോവൽ വായനയിലെ ആസുരകാലം – മാമ്പള്ളം വിജയൻ

**ദൈവനാമത്തിൽ**
40 – എന്നിലെ ഞാൻ – മുഹമ്മദ് കനി



# ഞാനുണ്ട്... എന്നെ കാണാറുമുണ്ട്...

**ഇ. ടി. മുരളീധരൻ**

**എ**ല്ലാ ഓഫീസുകളിലും ടോക്കൺ സമ്പ്രദായം നിലവിൽ വന്നു. റെയിൽവേ ടിക്കറ്റ് എടുക്കാൻ പോയാൽ അതുമല്ലെങ്കിൽ പണം നിക്ഷേപിക്കാനോ എടുക്കാനോ വേണ്ടി പോസ്റ്റ് ഓഫീസിലോ ബാങ്കിലോ, എവിടെച്ചെന്നാലും പണ്ടത്തേതുപോലെ ക്യൂ നിൽക്കേണ്ട. ടോക്കൺ എടുത്ത് കസേരകളിൽ ഇരുന്നാൽ മതി. ടോക്കൺ നമ്പർ, ഡിസ്പ്ലെ ബോർഡിൽ തെളിയുമ്പോൾ കൗണ്ടറിൽ ചെന്നാൽ മതി. പക്ഷെ നമുക്ക് ക്ഷമയില്ലല്ലോ, വിശ്വാസമില്ലല്ലോ. സമയമാകും മുൻപ് കൗണ്ടറിനുമുമ്പിൽ ചെന്ന് തിക്കിത്തിരക്കി നില്ക്കും. അതാണല്ലോ ശീലം. അതുപോലെ സിങ്കപ്പൂരിലും മറ്റും ഹോൺ അടിക്കുക എന്നത് ഒരു അപമാനമാനിക്കലായി കണക്കാക്കും. ഇവിടെ നാം ആവശ്യത്തിനും അനാവശ്യത്തിനും ഹോൺ അടിച്ചുകൊണ്ടേ വണ്ടി ഓടിക്കുകയുള്ളൂ. പരിഷ്ക്കാരം ബാഹ്യമായി മാത്രം പോരാ, ആന്തരികമായും വേണം. അതിന് ശരിയായ വിദ്യാഭ്യാസം നേടണം. ഇന്ന് സ്കൂളുകളിലും കോളേജുകളിലും പോയാൽ വിദ്യാഭ്യാസം ലഭിക്കില്ല എങ്കിലും 'എ പ്ലസ്' ലഭിക്കും, സർട്ടിഫിക്കറ്റ് ലഭിക്കും. എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ മതിയല്ലോ. എന്തിന് കലാകാരൻമാർക്കുവരെ വേണം പ്രിന്റഡ് സർട്ടിഫിക്കറ്റ്, അവാർഡ്. അതുകൊടുക്കാനും കുറേ തട്ടിപ്പുകാർ ഇറങ്ങിയിട്ടുണ്ട്. വാട്സ്ആപ്പിലൊരു സാഹിത്യകൂട്ടായ്മ, പിന്നെ അവരെ ചൂഷണം ചെയ്ത് ഗ്രൂപ്പ് ക്യാൻസൽ ചെയ്ത് സ്ഥലംവിടും. ഈയടുത്തുനടന്ന സംഭവമാണിത്. കലാസാഹിത്യരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച് മൺമറഞ്ഞുപോയ പല വ്യക്തികളുടേയും പേരിൽ ആരോ ഒരാൾ ഡി. ടി. പി. ചെയ്ത് കുറേ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നു. എന്നിട്ട് അവയെ ആയിരത്തിനും അയ്യായിരത്തിനും വിൽക്കുന്നു. ഇത്തരത്തിലുള്ള അവാർഡുകൾ വാങ്ങാനും കുറേപേർ. പലരും അറിയാതെയാണ് ഇതിൽ ചെന്നുപെടുന്നത്. ആദ്യം പണം ചോദിക്കില്ല. പിന്നെ സൂത്രത്തിൽ പണം ചോദിക്കുമ്പോഴാണ് ചതി മനസ്സിലാവുന്നത്. അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളവരുൾപ്പടെ കബളിപ്പിക്കപ്പെടുന്നു. ഫ്ളൈറ്റിൽ വന്ന് അവാർഡ് വാങ്ങാനായി വരുന്നവരുണ്ട്. പറ്റിയതോ പറ്റി, ഇനി പിടിച്ചുനിൽക്കുക തന്നെയെന്നുകരുതി അവാർഡ് കിട്ടിയ വിവരം ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്ത് സംതൃപ്തിയടയുന്നു. അവാർഡുദാനച്ചടങ്ങ് ഗംഭീരമായിരിക്കും. അവാർഡ് വാങ്ങാൻ മാത്രം മുന്നൂറിലധികം പേരുണ്ടാവും എന്നുമാത്രം. കാശ് കൊടുത്ത ഏവർക്കും അവാർഡുണ്ട്. വിശിഷ്ട വ്യക്തിയെക്കൊണ്ട് അവാർഡ് കൊടുപ്പിക്കും. അവരും അറിയാതെ എത്തിപ്പോകുന്നതാണ്. ചാരിറ്റിയാണ് എന്ന് പ്രചരിപ്പിച്ചാണ് തട്ടിപ്പുകാർ ഇങ്ങനെയെല്ലാം ചെയ്യുന്നത്. അവാർഡുദാനച്ചടങ്ങിനൊടുവിൽ സംഘാടകരിലൊരാൾ മൈക്കിലൂടെ ചോദിക്കുന്നു, ഇനി ആർക്കെങ്കിലും അവാർഡ് (പണം കൊടുത്തിട്ട്) കിട്ടാത്തവരുണ്ടോ ? ഉണ്ടെങ്കിൽ അവർ സ്റ്റേജിൽ കയറിവരേണ്ടതാണ്. അൽപ്പസമയത്തിനുള്ളിൽ അടുത്ത അറിയിപ്പ് വരികയായി. അടുത്ത വർഷത്തെ അവാർഡുകൾക്ക് ഇപ്പോൾത്തന്നെ അപേക്ഷിക്കാം. ഒന്നോ രണ്ടോ ആഴ്ച്ചയുടെ പരിശ്രമത്തിൽ ഈ രീതിയിൽ ലക്ഷങ്ങൾ തട്ടിയെടുക്കുന്നവരുണ്ട്, സൂക്ഷിക്കുക. മറ്റുള്ളവർ നല്കുന്ന സർട്ടിഫിക്കറ്റിനേക്കാൾ ഉപരി നിങ്ങൾ നിങ്ങളെ ശരിയായ രീതിയിൽ സർട്ടിഫൈ ചെയ്തിരിക്കുമ്പോൾ നിങ്ങൾക്ക് സ്വാഭാവികമായും ലഭിക്കുന്ന അംഗീകാരത്തിൽ നിന്നുമാത്രമേ മനഃസ്സാക്ഷിക്കുത്തില്ലാത്ത സംതൃപ്തിയും സന്തോഷവും ലഭിക്കുകയുള്ളൂ. വഞ്ചിതരാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

ഏത് വണ്ടിയിലാണ് സഞ്ചരിക്കുന്നതെന്ന ഓർമ്മ വേണം. പലർക്കും അതില്ല. ടൂ വീലറിൽ പോകുന്നവനും ത്രീ വീലറിൽ പോകുന്നവനും കാറിലാണ് സഞ്ചരിക്കുന്നത് എന്നാണ് വിചാരം. വിചാരം മാത്രമല്ല പ്രവൃത്തിയും അത്തരത്തിലാണ്. അതുപോലെ കാറിൽ പോകുന്നവൻ വല്ല ടൂ വീലറുമാണ് താനോടിക്കുന്നത് എന്ന ലാഘവത്തിൽ കാർ ഓടിച്ചാൽ എന്താവും സ്ഥിതി? ചിറകു മുളച്ച സന്തോഷത്തിൽ ആദ്യമായി പറക്കുന്ന പക്ഷിയേപ്പോലെ സന്തോഷവും ടെൻഷനും കൊണ്ട് പലരും അപകടം വരുത്തിവയ്ക്കുന്നു. തീർത്ഥാടനം കഴിഞ്ഞ് മടങ്ങുന്ന അതുമല്ലെങ്കിൽ തീർത്ഥാടനത്തിനുപോകുന്ന മിക്ക വണ്ടികളും അപകടത്തിൽ പെടാറുണ്ട്. അമിതമായ സന്തോഷം, അമിതമായ സ്പീഡ് അതുമല്ലെങ്കിൽ ക്ഷീണം, സഞ്ചരിക്കുന്ന വണ്ടിയേക്കുറിച്ചുള്ള ധാരണയില്ലായ്മ എന്തുമാകാം അപകടകാരണം.

ലക്ഷങ്ങൾ ചിലവാക്കി മക്കൾക്ക് ടൂ വീലർ വാങ്ങിക്കൊടുക്കും. അല്പ്പന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രി കുട പിടിക്കും എന്നതുപോലെ വാഹനത്തിൽ കയറി മരണത്തിലേയ്ക്ക് റോഡിലൂടെ 'S' ഉം 'ഗ' യും വരച്ചുകൊണ്ടുപോകും. അവരെക്കൊണ്ട് മറ്റു വാഹനങ്ങൾ ഓടിക്കുന്നവർക്ക് വലിയ ശല്യമാണ്, ബുദ്ധിമുട്ടാണ്. എന്തുചെയ്യും ? എന്തായാലും ഇതുപോലൊരു വാഹനമാണ് നമ്മുടെ ശരീരവും. നേരാംവണ്ണം സൂക്ഷിച്ച് ഉപയോഗിച്ചാൽ വളരെനാൾ ഉപയോഗിക്കാനാകും. ഒരു വാഹനം ഓടിക്കുമ്പോൾ മറ്റുവാഹനങ്ങളിൽ സഞ്ചരിക്കുന്നവർക്ക് കൊടുക്കുന്ന പരിഗണന പോലെ ഈ ശരീരം ഉപയോഗിക്കുമ്പോഴും സഹജീവികളുടെ ശരീരത്തേയും ജീവിതത്തേയും കൂടി പരിഗണിക്കണം. റോഡിൽ നാം മാത്രമേ ഉള്ളൂവെങ്കിൽ പകൽ യാത്ര സുഖമായിരിക്കും. പക്ഷെ വിജനമായ റോഡുള്ള രാത്രിയിലെ യാത്ര സുഖമുള്ളതാകില്ല എന്നതുപോലെ. ജീവിതത്തിലും സുഖത്തിലും ദുഃഖത്തിലും നമ്മുടെ ചുറ്റും ആ

ളുകൾ ഉള്ളത് നല്ലതാണ്. ആരോടും പിണങ്ങേണ്ട. അങ്ങോട്ടും ഇങ്ങോട്ടും വിവരവും വിവരക്കേടുകളും പറഞ്ഞും ആസ്വദിച്ചും പല സാഹചര്യങ്ങളേയും അതിജീവിക്കാം.

പണ്ട് ജന്മിമാരുടെ അടുത്തുചെന്ന് ആട്ടും തുപ്പും സഹിച്ച് ജോലി ചെയ്യേണ്ട സ്ഥിതിയുണ്ടായിരുന്നു. എല്ലാ കൃഷിസ്ഥലവും ജന്മിമാരുടെ ആധീനത്തിലായിരുന്നു. സാവധാനം ഈ അവസ്ഥയ്ക്ക് മാറ്റം വന്നു എല്ലാവരും സന്തോഷമായി ജീവിക്കാൻ തുടങ്ങിയതായിരുന്നു. വീണ്ടും ജന്മികൾ പുതിയ രൂപത്തിൽ വന്നു. സ്വന്തം സ്വാർത്ഥതയ്ക്കും നിലനിൽപ്പിനുമായി രാഷ്ട്രീയക്കാർ, ഭരണകർത്താക്കൾ വീണ്ടും പുതിയ രൂപത്തിൽ ജന്മികളെ സൃഷ്ടിച്ചു അതുമല്ലെങ്കിൽ വളരാൻ അനുവദിച്ചു. ചെറിയ തുണിക്കട നടത്തുന്നവന്, പലചരക്ക് വ്യാപാരം ചെയ്യുന്നവന്, എന്തിന് മീൻ കച്ചവടം നടത്തുന്നവനുപോലും പിടിച്ചുനിൽക്കാൻ പറ്റാത്തവിധം പരിഷ്ക്കാരങ്ങൾ കൊണ്ടുവന്നു. കച്ചവടങ്ങളെല്ലാം മാർക്കറ്റിൽ നിന്ന് മാളുകളിലേയ്ക്കായി. 40 ലക്ഷത്തിനുതാഴെ കച്ചവടം ചെയ്യുന്ന പലരും പിടിച്ചുനിൽക്കാനായി സ്വന്തം കിടപ്പാടം വിറ്റ് കടം തീർക്കേണ്ട സ്ഥിതിയായി. കിടപ്പാടം പോലുമില്ലാത്ത കച്ചവടം ചെയ്തവരുടെ കാര്യം പറയാനുമില്ല. എന്തുചെയ്യണമെന്നറിയാതെ, പ്രതീക്ഷയില്ലാതെ ജീവിക്കുന്നു. ഈ കണക്കിന് പോയാൽ കർഷക ആത്മഹത്യ പോലെത്തന്നെ വ്യാപാരികളുടെ ആത്മഹത്യയും നാം കാണേണ്ടിവരും. ഇതിനോടകം തന്നെ കുറേ തൊഴിലുടമകൾ തൊഴിലാളികളായി മാളുകളിൽ അവരുടേതായ മേഖലയിൽ പണിക്കുപോകുന്നു. തുണിക്കട നടത്തിയവൻ മാളുകളിൽ തുണിയെടുത്തുകൊടുക്കാൻ നില്ക്കുന്നു. എന്തിന് മീനും ഇറച്ചിയും വില്ക്കുന്നവനുവരെ മാളിൽ നിന്ന് കുത്തക കമ്പനികൾക്കുവേണ്ടി പണിയെടുക്കേണ്ട സ്ഥിതിയായി. അതോടെ ക്രിയേറ്റിവിറ്റി നഷ്ടപ്പെട്ട ഒരു ജനത സൃഷ്ടിക്കപ്പെടുന്നു. ഇത് നാടിന് ആപത്ത്... സാധാരണക്കാരായ ആളുകൾ പോലും ഇന്ന് ചെറിയൊരു ഉത്പന്നം വാങ്ങാൻ പോലും മാളുകളിലേയ്ക്കാണ് പോകുന്നത്. അവിടുത്തെ ശീതീകരിച്ച അന്തരീക്ഷവും കാഴ്ചകളും കൗതുകത്തോടെ കാണാനെന്നോണം ചെല്ലുന്നു. അപ്പോഴൊന്നും നാം കാരണം ഇല്ലാതാകുന്ന നന്മ നിറഞ്ഞവരെക്കുറിച്ച് നാം ഓർക്കാറില്ല. ജന്മി ഭൂർഷ്വ കുത്തക മുതലാളി മൾട്ടിനാഷണൽ കമ്പനി എന്തായാലും ശരി അവരുടെ വരുതിയിൽ എത്താൻ വേണ്ടി പല ഓഫറുകളും തരും. ചെറിയ മീനുകളെയാണ് വലിയ മീനിനെ പിടിക്കും പോലെ ലളിതം. ഒന്നിന്റെ വിലയിൽ കുറവു വരുത്തി മറ്റൊന്നിന്റെ വില കൂട്ടും. എന്തായാലും അരി ഉൾപ്പടെയുള്ള അവശ്യസാധനങ്ങളുടെ വിലയെല്ലാം കൂട്ടിക്കൊണ്ടേ പോകുന്നു. അതിനുള്ള കാരണങ്ങളിലൊന്ന് മാളുകളുടെ വരവും പിന്നെയൊന്ന് ഇന്ധന വിലക്കയറ്റമാണ്. പെട്രോൾ വില ഇലക്ഷനാകുമ്പോൾ കുറഞ്ഞതും പിന്നെ കുത്തനെ കൂടിയതും നാം കണ്ടിട്ടില്ലെന്നു നടിക്കുകയല്ല എന്തുചെയ്യണം എന്നറിയാത്ത അവസ്ഥയിലാണ് ജനം. ഇലക്ഷൻ സമയത്ത് ഘടകവിരുദ്ധങ്ങളായ ആശയങ്ങളുമായി ഓരോ രാഷ്ട്രീയ പാർട്ടിയും രംഗത്ത് വരും. ഇലക്ഷനെത്തുടർന്ന് ഭരിക്കാൻ ഭൂരിപക്ഷമില്ലാതായാൽ എല്ലാം മറന്ന് പറ്റുന്നവരുടെ കൂടെ കൂട്ടുകൂടി ഭരണത്തിൽ വരും. ഏവരുടേയും നോട്ടം സുഖസൗകര്യങ്ങളോടുകൂടിയുള്ള ജീവിതം മാത്രം. അവിടെ ആദർശങ്ങൾക്ക് സ്ഥാനമില്ല. അധികാരത്തെ ദുർവിനിയോഗം ചെയ്യും. വോട്ട് ചെയ്യുന്ന നാം മണ്ടൻമാർ. രാഷ്ട്രീയക്കാർ ഇവിടെ ചെസ്സ് കളിക്കുകയാണ്. ആര് ഭരണത്തിൽ വന്നാലും പഴയ വീഞ്ഞ് പുതിയ കുപ്പിയിലെന്ന പോലെയാണ് ഇവിടുത്തെ സ്ഥിതി. കൂട്ടുകൃഷി ഭരണത്തേയല്ല പ്രോത്സാഹിപ്പിക്കേണ്ടത്. രാഷ്ട്രീയ പാർട്ടികളുടെ ലയനമാണ് നല്ലത്. മാതൃക സംഘടനയിലേയ്ക്ക്, പാർട്ടിയിലേയ്ക്ക് ലയിക്കട്ടെ. പക്ഷെ നേതാവ് ചമഞ്ഞ് തന്നിഷ്ടപ്രകാരം ജീവിക്കാൻ പോയവർ ലയനത്തിന് സമ്മതിക്കില്ല. കാരണം അവരുടെ ലക്ഷ്യം ഇതുപോലുള്ള അവസരങ്ങളിൽ വിലപേശുക എന്നതാണല്ലോ. അർഹതപ്പെടാത്ത അധികാരവും പണവും ചിന്തകളും മതവും മദ്യവുമായി ലഹരി തരുന്നവരോടാണ് നമുക്ക് എന്നും പ്രിയം. ലഹരി അമിതമാകുമ്പോൾ ബോധം പോകും. അന്ന് നിന്റെ കൈയിൽ അവശേഷിക്കുന്നതിനേക്കൂടി കവർന്ന നടുറോട്ടിൽ നിന്നെ ഉപേക്ഷിക്കും. ബോധം വന്നാൽ ചിന്തിക്കാം പക്ഷെ വൈകി വരുന്ന ബോധം നഷ്ടത്തേയും വേദനകളേയുമാണ് സമ്മാനിക്കുക എന്നത് മനസ്സിലാക്കുക, ചിന്തിക്കുക, ചിന്തിച്ച് പ്രവർത്തിക്കുക. നാശത്തിൽ നിന്ന് സ്വയം രക്ഷ നേടുന്നതോടൊപ്പം മറ്റുള്ളവരെക്കൂടി രക്ഷപ്പെടുത്തുക... ചിന്തിപ്പിക്കുക.

നമ്മുടെ റോഡുകളുടെ സ്ഥിതി നോക്കുക. എത്ര മനോഹരമായിരിക്കുന്നു. റോഡുകളുൾപ്പടെ പലതും പലർക്കും തീറെഴുതി കൊടുത്തിരിക്കുകയാണ്. ചരിത്രസ്മാരകമായ റെഡ് ഫോർട്ട് വരെ കുത്തക കമ്പനികൾക്ക് കൈമാറി. അത് അവർ ഭംഗിയായി നിലനിർത്തുമത്രെ. പക്ഷെ അകത്തു കയറി കാണണമെങ്കിൽ, അവർ പണിത റോഡിലൂടെ പോകണമെങ്കിൽ അവർ ആവശ്യപ്പെടുന്ന പണം, ടോൾ കൊടുക്കണം. ആദ്യമിട്ട റോഡുകൾ പലതും വിപുലീകരിച്ച് ടോളുകളേർപ്പെടുത്തി. പാലക്കാടുനിന്ന് കാറിൽ കോയമ്പത്തൂർ പോകണമെങ്കിൽ 45 രൂപ ടോൾ കൊടുക്കണം. ചെന്നൈയിലേയ്ക്ക് പോകണമെങ്കിൽ 900 രൂപയും ഹൈദരബാദ് പോകണമെങ്കിൽ 1700 രൂപയും ടോൾ കൊടുക്കണം. വേണമെങ്കിൽ മതി അല്ലെങ്കിൽ വല്ല ബസ്സിലോ ടൂ വീലറിലോ പൊയ്ക്കോളൂ. കാളവണ്ടി റോഡ് കേടുവരുത്തും, അതിനാൽ കാളവണ്ടി പറ്റില്ല. നാം നല്ല സൗകര്യമുള്ള വ്യക്തിയാകുമ്പോൾ നാം മറ്റുള്ളവരെക്കുറിച്ച് ആലോചിക്കാറില്ല. പണം കൊടുത്ത് സൗകര്യത്തോടെ ജീവിക്കും. പക്ഷെ നമ്മൾക്കുവേണ്ടി ഈ സൗകര്യമൊരുക്കാൻ വെയിലും മഴയും കൊണ്ട് പണിയെടുത്തവരുടെ ജീവിതങ്ങളെക്കുറിച്ച് നാം ചിന്തിക്കാറേയില്ല. റോഡിന് വീതിയും ഭംഗിയും വന്നപ്പോൾ നമുക്ക് സഞ്ചാരസ്വാതന്ത്ര്യം കുറഞ്ഞു എന്നത് ആര് ചിന്തിക്കാൻ? ഈവിധം റോഡുകളെ ഭംഗിയാക്കിയത് തന്നെ വിദേശനിർമ്മിത കാറുകൾക്ക്, വാഹനങ്ങൾക്ക് വിപണനം ലഭിക്കാനാണല്ലോ. അതിനായി അന്യരാജ്യങ്ങളിൽ നിന്ന് കടം വാങ്ങിയാണല്ലോ റോഡ് പണിതത്. കടം വീട്ടാനായി ടോൾ തന്നെ ശരണം. അങ്ങനെ രണ്ടുവിധത്തിലും നമ്മുടെ പണം അന്യരാജ്യത്തേക്ക് എത്തും. ശരിക്കും ആരാണ് മണ്ടന്മാർ?

ഒരു ചെറിയ ആൾക്കൂട്ടം കണ്ടാൽ നാമും അവിടെച്ചെന്നൊന്ന് എ

ത്തിനോക്കും. അങ്ങനെ പലരും എത്തിനോക്കുമ്പോൾ ആ കൂട്ടം വലിയൊരു ജനക്കൂട്ടമാകും. അവിടെ ഒരു കാര്യവുമില്ലെന്ന് തിരിച്ചറിയുംവരെ തിക്കിത്തിരക്കി നില്ക്കും. അതുകഴിഞ്ഞാൽ അവിടെനിന്ന് യാത്രയാകും. ജീവിതത്തിലെ പല സന്ദർഭങ്ങളും ഇതുപോലെയുള്ളതാണ്. രാഷ്ട്രീയ പാർട്ടികളിൽ മാറി മാറി ധ്രുവീകരണം നടക്കും. ഒന്ന് വളരെ വലുതാകുമ്പോൾ മറുഭാഗം വളരെ ചെറുതുമാകും. പിന്നെ ഒരു കാര്യവുമില്ലെന്ന് മനസ്സിലായവർ തറവാട്ടിൽ തിരിച്ചെത്തുക തന്നെ ചെയ്യും. തറവാടിനാണ് മഹിമയുള്ളത്. പുകഞ്ഞ കൊള്ളി പുറത്ത് എന്നതുപോലെ പോയവരുടെ കൂടെ ചേർന്നവരുടെ സ്ഥിതിയും അധോഗതി തന്നെ. സ്വാർത്ഥ താത്പര്യത്തിനായി എല്ലാം ഉപേക്ഷിച്ച് ഇറങ്ങിയവന്റെ കാര്യവും അവനെ പിൻപറ്റി ജീവിക്കുന്നവരുടെ കാര്യവും പിന്നെ പറയേണ്ടതില്ലല്ലോ. ചരിത്രം പഠിക്കുക, പാരമ്പര്യത്തിൽ വിശ്വസിക്കുക, മഹാന്മാരായ പൂർവ്വീകരുടെ പാത പിൻതുടരുക... അതാണ് നമ്മുടെ യഥാർത്ഥ തറവാട്... തറവാട്ടിലെ പോരായ്മകൾ പരിഹരിക്കാൻ നാം തറവാട് വിട്ട് ഇറങ്ങുകയല്ല വേണ്ടത്. തറവാട്ടിൽ നിന്നുകൊണ്ടു തന്നെ നാമോരോരുത്തരും ശ്രമിക്കേണ്ടതല്ലേ? ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് മുന്നേറുക. മറ്റുള്ളവരെ കുറ്റം പറയാനല്ല ശ്രമിക്കേണ്ടത്. നമ്മുടെ തെറ്റുകുറ്റങ്ങൾ കണ്ടെത്തി തിരുത്തുകയാണ് വേണ്ടത്. നമ്മൾ നന്നാവുമ്പോൾ എല്ലാവരും നന്നാവും. എന്നാൽ എല്ലാവരേയും നമുക്കൊപ്പം വളർത്താതെ, നന്നാക്കാതെ മുന്നേറാനുമാകില്ലല്ലോ. നിങ്ങൾ ഏതു രാഷ്ട്രീയ പാരമ്പര്യത്തിൽ (ചരിത്രത്തിൽ) വിശ്വസിക്കുന്നുവോ അതിൽ നിന്നുകൊണ്ട് അതിനെ നന്നാക്കുക. നിങ്ങൾ ഏത് മതവിശ്വാസിയാണോ അതിൽ നിന്നുകൊണ്ട് ആ മതത്തിനെ ആനാചാരങ്ങളേയും ദുരാചാരങ്ങളേയും തെറ്റിദ്ധാരണകളേയും തിരുത്തുക. പണം കൊടുത്തും പദവി കൊടുത്തും മോഹന സ്വപ്നങ്ങൾ കൊടുത്തും മതത്തിനും രാഷ്ട്രീയ പാർട്ടികളിലും ആളുകളെ ചേർക്കുക എന്നതാകരുത് ലക്ഷ്യം. നിങ്ങൾ നേർമാർഗ്ഗത്തിൽ സഞ്ചരിക്കുമ്പോൾ നിങ്ങളുടെ അടുത്തേയ്ക്ക് ആളുകൾ താനേ എത്തും. മദർ തെരേസയുടെ, വിവേകാനന്ദന്റെ, മുഹമ്മദ് നബിയുടെ അടുത്തെത്തിയ ആൾക്കൂട്ടത്തെ പോലെ... അവരെ പറ്റിക്കാതെ സ്വന്തം നിലനിൽപ്പിന് ഉപയോഗിക്കാതെ ഓരോരുത്തരേയും പ്രബുദ്ധരാക്കുക... ചിന്തിപ്പിക്കുക അതുമാത്രം ചെയ്താൽ മതി അതിനാണ് വന്നതും.

പ്രകൃതിയെ സംരക്ഷിക്കാത്ത പുരുഷനും സ്ത്രീയെ സംരക്ഷിക്കാത്ത പുരുഷനും പുരുഷനേയല്ല. മൃഗത്തെക്കാൾ മോശമായ ഒരു ജന്തു മാത്രം. ഒരു സ്ത്രീക്ക് പുരുഷനേക്കാളും കഴിവുകളുണ്ട്, കർത്തവ്യങ്ങളുണ്ട്. മോക്ഷം എന്നൊന്നുണ്ടെങ്കിൽ നല്ലൊരു സ്ത്രീജന്മത്തിനൊടുവിൽ മാത്രമായിരിക്കും എന്ന് തിരിച്ചറിഞ്ഞ് സ്ത്രീകളേയും പെൺകുഞ്ഞുങ്ങളേയും ഉപദ്രവിക്കാതിരിക്കുക. മദ്യപന്മാർ മദ്യത്തെ ന്യായീകരിക്കും പോലെ, പീഡിപ്പിക്കുന്നവർ പീഡനത്തേയും കൊലപാതകികൾ കൊലപാതകത്തേയും ന്യായീകരിക്കാറുണ്ട്. പക്ഷേ, ന്യായീകരണം കൊണ്ട് തെറ്റ് ശരിയാവുകയില്ലല്ലോ. കള്ളൻ പോലീസായാലും പോലീസ് കള്ളനായാലും കുഴപ്പമാണ്. നാം എന്തുവേഷമണിഞ്ഞാലും തരം കിട്ടിയാൽ നമ്മുടെ ഉള്ളിൽ ഉറങ്ങുന്ന, ഉറക്കം നടിക്കുന്ന മനുഷ്യമൃഗം ആദർശങ്ങളെ ബലി കഴിച്ച് പുറത്തേയ്ക്ക് വരും. അങ്ങനെ ഉണ്ടാകാതെ നോക്കുക എന്നത് വളരെ ശ്രമകരമായ ഉദ്യമമാണ്. എന്തൊക്കെ പറഞ്ഞാലും സ്വന്തം കാര്യം വരുമ്പോൾ മാറ്റിപ്പറയുന്ന ആളുകളെ നിങ്ങൾ കണ്ടിട്ടില്ലേ? നിങ്ങളും ഇതുപോലെ മാറുന്നുണ്ടോ എന്നറിയാൻ ദിവസവും അന്നന്ന് നടക്കുന്ന കാര്യങ്ങൾ, മാനസിക വ്യാപാരങ്ങൾ വരെ എഴുതി സൂക്ഷിക്കുക. ഇടയ്ക്കിടയ്ക്ക് അതെടുത്ത് വായിച്ചുനോക്കുക. നിങ്ങൾ മാറിക്കൊണ്ടിരിക്കുന്നത് നിങ്ങൾക്കുതന്നെ കാണാം. ആ മാറ്റം നല്ലതാണോ എന്ന് വിലയിരുത്തി ജീവിക്കുക. വാക്കും പ്രവൃത്തിയും ഒന്നായിത്തീരാൻ ശ്രമിക്കുക... നാം ഈ ജീവിതത്തിൽ തന്നെ രാമനും രാവണനും ആകുന്നുണ്ടോ എന്നറിയാൻ, തിരിച്ചറിയാൻ ദിനവുമുള്ള ഡയറി എഴുത്ത് നല്ലതാണ്. എഴുതിയാൽ മാത്രം പോര. ഇടയ്ക്കിടെ അത് പാരായണവും ചെയ്യണം. ഈ എഴുതി സൂക്ഷിച്ച കാര്യങ്ങളിൽ നിന്ന് വേണമെങ്കിൽ പിന്നീട് ജീവിതത്തിലെ രസകരമായ അനുഭവങ്ങളെ പലവിധത്തിലുള്ള സാഹിത്യസൃഷ്ടിയാക്കാം. അത്തരം സാഹിത്യസൃഷ്ടികൾ ജീവനുറ്റതാകും. പലർക്കും അത് പ്രയോജനപ്പെടുകയും ചെയ്യും. എഴുത്തിലൂടെ അങ്ങിനെ നിങ്ങളുടെ ജീവിതത്തെ അനശ്വരമാക്കാം...


ശില്പത്തെ കിട്ടിയാൽ ക്ഷേത്രം പണിത് അതിൽ പ്രതിഷ്ഠിച്ച് ആരാധിക്കും. ശില്പിക്ക് പ്രതിഫലമൊന്നും കാര്യമായി കൊടുക്കില്ല, ശില്പത്തെ ഒന്ന് തൊടാൻ പോലും പിന്നീട് സമ്മതിക്കില്ല. ശില്പിയേക്കാളും ശില്പത്തെ വലുതായി കാണുന്നവർക്ക് പിന്നെയെല്ലാം അങ്ങനെത്തന്നെയല്ലേ കാണാൻ കഴിയുകയുള്ളൂ. ശില്പത്തെ സൃഷ്ടിച്ച ശില്പിയുടെ സ്ഥിതിയിതാണെങ്കിൽ ശില്പത്തെ ഭയന്നാരാധിക്കുന്നവരുടെ സ്ഥിതി ഇതിലും മോശമാകുമെന്ന് പറയാനായി പല ശില്പികളും ശ്രമിക്കാറുണ്ട്. പക്ഷെ ആര് കേൾക്കാൻ ? ക്ഷേത്രത്തിനകത്ത് അകപ്പെട്ടുപോയ നിങ്ങളുടെ ഇഷ്ടദൈവത്തിനെ കാണാൻ സൂക്ഷിപ്പുകാർക്ക് പണം കൊടുക്കേണ്ടിവരും. പണി മെനക്കെടുത്തി ക്യൂ നിൽക്കേണ്ടിവരും. അവിടേയും കൈയ്യൂക്കുള്ളവൻ ആദ്യം കൈയ്യേറും. നിങ്ങളും അത് കണ്ട് പഠിക്കും. നിങ്ങളെക്കണ്ട് മറ്റുള്ളവരും എന്ന് തിരിച്ചറിഞ്ഞ് തെറ്റിൽ നിന്ന് എത്രയും പെട്ടെന്ന് പിൻമാറുക. ഇല്ലെങ്കിൽ നിങ്ങളുടെ കൂട്ടത്തിൽ നിന്നും ഒരുവൻ വീണ്ടും ക്ഷേത്രം പണിയും. പുതിയ ദൈവത്തെ സൃഷ്ടിക്കും. അവിടേയുമറിയാതെ കുറേപേർ ചെന്ന് ക്യൂ നിൽക്കും. ശരിക്കും നാം പലപ്പോഴും കണ്ടിട്ടും തിരിച്ചറിയാത്ത ദൈവത്തെ കാണാനുള്ള ക്യൂവിലാണ് എന്ന് മനസ്സിലാക്കുക. നമ്മളിൽ നിക്ഷിപ്തമായ കർമ്മങ്ങൾക്കൊടുവിൽ നാം കാണും. അതിനുമുമ്പ് അസാധ്യമാണുതാനും. അതുകൊണ്ട് കർമ്മത്തിൽ ശ്രദ്ധിക്കുക. ദൈവത്തിനുവേണ്ടിയല്ല കർമ്മങ്ങൾ ചെയ്യേണ്ടത്. ദൈവം നമ്മുടെ മുന്നിൽ ഒരുക്കുന്ന സാഹചര്യങ്ങളുടെ, പരീക്ഷണങ്ങളുടെ അതിജീവന കലയാണ് ജീവിതം. അതിലെ അനിവാര്യതയാണ് കർമ്മം.

കവർ പേജിലെ ചെമ്പരത്തി പ്പൂവിനെ കണ്ടോ ? ചെമ്പരത്തിപ്പൂവിന് ഒരുപാട് വകഭേദങ്ങളുണ്ട്. മഞ്ഞ, പിങ്ക്, കൊണ്ടച്ചെമ്പരത്തി എന്നിങ്ങനെ

പോകുന്നു. പക്ഷെ എല്ലാം ചെമ്പരത്തി തന്നെയാണ്. അതുപോലെ മനുഷ്യരായ നാം ഒന്നാണ്. മനുഷ്യൻ പണ്ട് നിറവ്യത്യാസത്തിന്റെ പേരിൽ ഉച്ച-നീചത്വം കല്പിച്ചിരുന്നു. അതിന്റെ പേരിൽ കലഹിച്ചിരുന്നു. ഇന്നും ചില രാജ്യങ്ങളിൽ ഈ അവഗണന നിലനിൽക്കുന്നു. ഇത്രയേറെ വിദ്യാഭ്യാസം നേടിയിട്ടും ഇന്നും നിറത്തിന്റേയും ജാതിയുടേയും മതത്തിന്റേയും രാഷ്ട്രീയത്തിന്റേയും പേരിൽ നാം കലഹിക്കാമോ ?

ഒന്നായിരുന്ന ഒരു ശക്തി പലതായി തീർന്ന് ഉണ്ടായതാണീ വിധം കാണുന്നതൊക്കെയും അപ്പോൾ പിന്നെ രാഷ്ട്രീയ പാർട്ടികളുടെ കാര്യം പ്രത്യേകിച്ച് പറയേണ്ടതുണ്ടോ? ഒന്നിൽ നിന്ന് പലതായതാണ് എല്ലാം. അത് ഒന്നാകും വരെ എല്ലാം ഇതേപടി തുടരുകയും ചെയ്യും. എന്തായാലും ഞാനുണ്ട്, എന്നെക്കാണാറുമുണ്ട്. പക്ഷെ നിങ്ങൾ നിങ്ങളെ കാണാറുണ്ടോ ? മുഖം നോക്കുന്ന കണ്ണാടിക്ക് പുറത്തും നമുക്ക് നമ്മളെത്തന്നെ പലരിലൂടേയും കാണാൻ സാധിക്കണം അപ്പോൾ പിന്നെ നമുക്ക് മറ്റുള്ളവരെ ശകാരിക്കാനോ കുറ്റപ്പെടുത്താനോ ശിക്ഷിക്കാനോ കഴിയില്ല. പകരം സംരക്ഷിക്കും, സ്നേഹിക്കും, പ്രോത്സാഹിപ്പിക്കും. അതുകൊണ്ട് ആദ്യം നാം നമ്മളെ തന്നെ കണ്ടെത്തുക.

പുതിയ അദ്ധ്യയന വർഷം ആരംഭിക്കുകയാണ്. അറിവ് നേടാനാണ് ഈ ഭൂമുഖത്ത് നാം വന്നത് എന്ന് തിരിച്ചറിഞ്ഞ് നന്നായി പഠിക്കുക. പഠനം അവസാനിക്കുന്നേയില്ല. പ്രാഥമിക വിദ്യാഭ്യാസവും ഉപരിപഠനവും കഴിഞ്ഞാലും ജീവിതപഠനം മരണം വരെ തുടരുന്ന ഒന്നാണ്. എന്തുകൊണ്ടും ഹിസ്റ്ററിയും സയൻസും നന്നായി പഠിക്കുക. എന്നിട്ട് ശാസ്ത്രീയമായും, യുക്തിയിലൂടേയും മുന്നേറുക. ആത്മീയത ജീവിതത്തിൽ ശാന്തി പകരുമെങ്കിലും യുക്തിയിലൂടെ വേണം ഭക്തിയിലെത്താൻ. അങ്ങനെ എത്തിയവർക്കുമാത്രം മനസ്സിലാവും ആത്മീയതയ്ക്ക് മതമില്ലെന്ന്. എന്തായാലും അറിവിന് അതിരുകളില്ലല്ലോ. എല്ലാമറിയുന്ന ആൾ പുറത്തുമാത്രമല്ല, അകത്തുമുണ്ട്. എന്തു പഠിക്കുമ്പോഴും മനനം ചെയ്ത് പഠിക്കുക. ചിന്തിച്ച് പ്രവർത്തിക്കുക നല്ലതേവരൂ... എല്ലാ ചോദ്യങ്ങൾക്കും ഉത്തരമുണ്ട്. ●



# ആദാമിന്റെ മകൻ അബു

**എം. എം. മേനോൻ**
**0491 6451469, 0491 2572939**

**ഏക** തത്ത്വ പുസ്തകം 8 ലക്കം 5 ഏപ്രിൽ 2018, പേജ് 17, ശ്രീ. മുക്കം ഭാസിയുടെ ലേഖനം ***ആദാമിന്റെ മകൻ അബു*** ഓർമ്മപ്പെടുത്തിയത് ബ്രിട്ടീഷ് ചെറുകിട കവി/ചിന്തകൻ J.H.L. Hunt (1784- 1859) രചിച്ച Abou Ben Adhem (അർത്ഥം അതുതന്നെ !) എന്ന കവിതയാണ്.

അബു അത്യദ്ധ്വാനിയും പരോപകാരിയും സ്വാർത്ഥരഹിതനും ആയിരുന്നു. ക്ഷീണിച്ചുറങ്ങിയ ഒരു രാത്രി, തന്റെ മേശയിൽ ഇരുന്നെഴുതുന്ന അജ്ഞാത വ്യക്തിയെ കണ്ട് അബു ചോദിച്ചു, "താങ്കൾ ആരാണ് ? എന്തുചെയ്യുന്നു ?" മറുപടി ലഭിച്ചു, "ദേവദൂതനായ ഞാൻ ദേവലോകത്തിൽ അംഗീകാരത്തിനായി, ഈശ്വരനെ ആത്മാർത്ഥമായി സ്നേഹിക്കുന്ന മനുഷ്യരുടെ പട്ടിക, എഴുതി ഒരുക്കുകയാണ്." തന്റെ പേർ അതിൽ ഇല്ലെന്ന് ചോദിച്ചറിഞ്ഞ അബു, താഴ്മയോടെ അറിയിച്ചു, "ആയുഷ്ക്കാലം മുഴുവൻ അന്യർക്ക് നിസ്സ്വാർത്ഥ സേവനത്തിൽ മുഴുകിയ ഞാൻ, ദേവാലയ ദർശനമോ, തീർത്ഥാടനമോ അന്യ അനുഷ്ഠാനമോ മറ്റോ ചെയ്യാൻ വിട്ടുപോയതിൽ ഖേദമുണ്ട്. വിരോധമില്ലെങ്കിൽ താങ്കളുടെ പട്ടികയുടെ ഒടുവിൽ എന്റെ പേർ "ജനസ്നേഹി എന്നുചേർത്താൽ കൊള്ളാം" എന്നു അബു അഭ്യർത്ഥിച്ചു. "ശരി" എന്നു പറഞ്ഞ് ദേവദൂതൻ മറഞ്ഞുപോയി. പിറ്റേദിവസം അതികാലത്ത് ദേവദൂതൻ വീണ്ടും പ്രത്യക്ഷപ്പെട്ടു. അബുവിന് ദേവലോകത്തിൽ അംഗീകാരം ലഭിച്ച പട്ടിക കാട്ടിക്കൊടുത്തു. അത്യത്ഭുതം ! അതിൽ അബുവിന്റെ നാമം ഏറ്റവും മുകളിൽ, ഒന്നാം സ്ഥാനത്തായി മാറ്റപ്പെട്ടിരിക്കുന്നു!

ലോകമഹായുദ്ധത്തിനുശേഷം ഇന്ത്യയിൽ ആധുനിക ഭൗതികതയുടെ മാരകപ്രഭാവം അനുഭവിക്കാൻ തുടങ്ങിയ നമുക്ക്, പാശ്ചാത്യ രാജ്യത്തിലെ ചിന്തകരുടേയും ബുദ്ധിജീവികളുടേയും രചനകളിൽ നിന്നു അനിവാര്യമായ പാഠങ്ങൾ പഠിക്കാനുണ്ട്, യാന്ത്രിക വിപ്ലവം, വ്യാവസായിക വിപ്ലവം എന്നിവ ആരംഭിച്ചത് അവിടെയാണല്ലോ ! ആത്മീയത, ഈശ്വര വിശ്വാസം, മതസ്നേഹം എന്നിവ ഇന്ത്യക്കാരുടെ കുത്തകാവകാശം അല്ല. ആത്മീയത വിട്ട് ആകർഷകമായ ഭൗതികയിലോട്ടുള്ള ശ്രദ്ധമാറ്റത്തിന്റെ മാരക ഫലത്തെക്കുറിച്ചുള്ള ചേതാവനി അവിടത്തെ ചിന്തകരും ബുദ്ധിജീവികളും പൊതുജനങ്ങൾക്ക് നൽകാൻ ശ്രമിച്ചിട്ടുണ്ട്.


സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ആത്മീയത തീരെ വെടിഞ്ഞു ആധുനിക ഭൗതികതയിലോട്ടുള്ള നമ്മുടെ ഇന്നത്തെ ഈ എടുത്തുചാട്ടം എത്രയും വിനാശകരം എന്നും നാം അറിയുന്നില്ല. ദൈവവിശ്വാസം എന്നുള്ളത് ദൈവസൃഷ്ടിയോടുള്ള സ്നേഹമാണെന്ന് നാം അറിയുന്നുണ്ടോ ?

ഏകദേശം ഈ വാചാരധാരയാണ് ശങ്കരാചാര്യരുടെ ഭജഗോവിന്ദത്തിൽ കൊടുത്തിരിക്കുന്നത്. 'കുരുതേ ഗംഗാ സാഗര ഗമനം, വ്രത പരിപാലനമഥവാ ദാനം, ജ്ഞാനവിഹീനെ സർവ്വേനനേന മുക്തിർഭവതി ന ജന്മശതേനം' ദൈവവിശ്വാസത്തിന്റെ യഥാർത്ഥ ഉദ്ദേശം/താത്പര്യം മനസ്സിലാക്കാതെ അതുപ്രകാരം ജീവിക്കാതെ, പുറമേയുള്ള അനുഷ്ഠാനങ്ങളും ചടങ്ങുകളും മാത്രം കൊണ്ട് യഥാർത്ഥ ഗുണം ഉണ്ടാവുകയില്ലെന്നു മാത്രമല്ല, നമ്മുടെ ശ്രദ്ധയെ വഴിതെറ്റിച്ച് ദോഷം ചെയ്യാൻ സാധ്യതയുണ്ടെന്ന് നാം ഉണരണം.

മുക്തി, മോക്ഷം, സായൂജ്യം, നിർവ്വാണം, സ്വർഗ്ഗപ്രാപ്തി എന്നീ അസ്പഷ്ട ആശയങ്ങൾ മനസ്സിലാക്കാൻ കഷ്ടമാണ്. ഒരുപക്ഷെ ഇതിന്റെ ആവശ്യവും ഇല്ല ! ഇഷ്ടാനിഷ്ടങ്ങളെ നിയന്ത്രിച്ചു മനസ്സിന്മേൽ പ്രഭുത്വം സ്ഥാപിച്ചാൽ ഒരു ചെറുസ്വർഗ്ഗം ഇവിടെത്തന്നെ അനുഭവിക്കാം, നിർമ്മിക്കാം.

ചിന്തിക്കുക! ഉണരുക!! ഇത് നമ്മളാൽ കഴിയും, നമ്മളാൽ മാത്രമേ കഴിയുകയുമുള്ളൂ !!! ●

■ അനുഭവം



# സ്ത്രീ സമത്വം

**ഭാസ്ക്കരൻ പൂവത്തിങ്കൽ**
**0466 2230274**


'**കു**മ്പാരൻകട്ടിയിൽ നിന്ന് കലക്ടറേറ്റിലേക്ക്' എന്ന എന്റെ ആത്മകഥയുടെ പാലക്കാട്ട് വെച്ച് നടന്ന പ്രകാശനച്ചടങ്ങിൽ സാക്ഷരത ശതമാനം കൂടിയ കേരളത്തിലേയും കുറവായ കർണ്ണാടകത്തിലേയും സ്ത്രീ ജനങ്ങളുടെ പെരുമാറ്റ ശൈലിയേക്കുറിച്ച് ബഹുമാനപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. പ്രേംനാഥ് പരാമർശിക്കുകയുണ്ടായി. വർഷങ്ങൾക്കുമുമ്പ് കർണ്ണാടകയിൽ എൽ. എൽ. ബി.യ്ക്കുപഠിക്കുന്ന കാലത്തുപോലും സ്ത്രീ പുരുഷന്മാർ ഒരേ സീറ്റിലിരുന്ന്, പീഠനങ്ങളേറ്റു വാങ്ങാതെ ബസ്സിൽ യാത്ര ചെയ്തിരുന്ന കാര്യം അദ്ദേഹം പ്രത്യേകം സൂചിപ്പിച്ചു.

പ്രസംഗം കേട്ടുകൊണ്ടിരിക്കുമ്പോൾ എന്റെ 24ാം വയസ്സിലുണ്ടായ ഒരു സംഭവം ഓർമ്മയിൽ ഓടിയെത്തി. 1970ൽ ഒറ്റപ്പാലം താലൂക്കാഫീസിലേക്കുള്ള ബസ് യാത്രയാണ് രംഗം. രണ്ടാൾ ഇരിക്കുന്ന സീറ്റിൽ എന്റെ അടുത്ത് സുന്ദരിയായ ഒരു സ്ത്രീ വന്നിരുന്നു. ചാരിത്ര്യം നഷ്ടപ്പെടാത്ത എന്റെ ആദ്യാനുഭവത്തിലുണ്ടായ 'ഞെട്ടൽ' എഴുപതാം വയസ്സിലും വിട്ടുപോയിട്ടില്ല. ഞാൻ തൊട്ടു-തൊട്ടില്ല എന്ന ഭാവാഭിനയത്തോടും ഭവ്യതയോടും കൂടി ഒറ്റപ്പാലം വരെ ഒപ്പം യാത്ര ചെയ്തു.

വർഷങ്ങൾക്കുശേഷം എന്റെ കല്യാണം കഴിഞ്ഞു. വീട്ടിൽ നിന്ന് പാലക്കാട് കലക്ടറേറ്റിലേക്കുള്ള 30 കി.മീ., നിന്ന് യാത്ര ചെയ്യാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാനായി മൂന്നു പേർ ഇരിക്കുന്ന ബസ്സിന്റെ സീറ്റിൽ നടവഴിയോടു ചേർന്ന് അറ്റത്ത് ഞാനിരുന്നു. ആ സമയം സീറ്റിന്റെ മറ്റേ അറ്റത്ത് ഇരിക്കുന്ന സ്ത്രീ വാവിട്ടു കരയാൻ തുടങ്ങി. സുന്ദരിയല്ലാത്തതുകൊണ്ടും എന്റെ മധുവിധുകാലമായതുകൊണ്ടും പരസ്ത്രീകളെ നോക്കുന്നത് പാപമാണെന്ന തോന്നൽ മനസ്സിലുണ്ടായതുകൊണ്ടും ഞാൻ ആ സ്ത്രീയെ ഒന്ന് നോക്കുക പോലും ചെയ്തിട്ടില്ല. ഞങ്ങൾ തമ്മിൽ സുമാർ 2 അടിയോളം സ്ഥലം ഒഴിഞ്ഞുകിടപ്പുണ്ട്. ഞാൻ തലചുറ്റി വീണാൽ മാത്രമേ ആ സ്ത്രീയുടെ അടുത്ത് എത്തുകയുള്ളു. ഉദ്യോഗസ്ഥയായ ആ സ്ത്രീ സർക്കാർ ജീപ്പിന്റെ മുൻസീറ്റിൽ ചെറുപ്പക്കാരനായ ഡ്രൈവർക്കൊപ്പം യാത്ര ചെയ്യുമ്പോൾ കരയുകയോ ബോധം കെട്ടുവീഴുകയോ ചെയ്തിട്ടുണ്ടോ ? എന്ന പൂർവ്വചരിത്രം ചികയാൻ മെനക്കെടാതെ ഞാൻ ഇരിപ്പിടത്തി ൽ നിന്നും എണീറ്റ് യാത്ര തുടർന്നു.

യൗവനത്തിൽ ഈ രണ്ട് അനുഭവങ്ങൾക്കും സാക്ഷ്യം വഹിച്ച ഞാൻ വയസ്സനായി. സ്വന്തമായി കാറുണ്ടെങ്കിലും എന്റെ ജാതക ദോഷം കൊണ്ട് യാത്ര അധികവും ബസ്സിലാണ്. ഒരുദിവസം പട്ടാമ്പിയിലേക്കുള്ള ബസ് യാത്രയിൽ മൂന്ന് ആൾ ഇരിക്കുന്ന സീറ്റിൽ ഒരു സ്ത്രീ മാത്രം ഇരിക്കുന്നതുകണ്ടു. 'ചൂടു വെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാൽ പേടിക്കു'മെന്നൊരു ചൊല്ലുണ്ട്. ചെറുപ്പത്തിലുണ്ടായ അനുഭവത്തിന്റെ വെളിച്ചത്തിൽ സീറ്റിന്റെ അറ്റത്ത് ഇരിക്കാൻ ഞാൻ ധൈര്യപ്പെട്ടില്ല. ബസ്സിന്റെ കമ്പിയിൽ പിടിച്ച് നിന്ന് യാത്ര ചെയ്യാൻ വയസ്സനായ എന്റെ ആരോഗ്യം അനുവദിക്കാത്തതുകൊണ്ട് സ്ത്രീയോട് അടുത്ത സീറ്റിലേക്ക് മാറിയിരിക്കാൻ ആവശ്യപ്പെട്ടു. "ഞാൻ അടുത്ത സ്റ്റോപ്പിൽ ഇറങ്ങും." ആ സ്ത്രീ മറുപടി പറഞ്ഞു, 20. കി. മീറ്റർ യാത്ര ചെയ്ത് ഞാൻ പട്ടാമ്പി എത്തുന്നതു വരെ ചെറുപ്പക്കാരിയായ ആ സ്ത്രീ മൊബൈലിൽ ചുണ്ണാമ്പുതേച്ചു രസിക്കുകയായിരുന്നു. 'അടുത്ത സ്റ്റോപ്പ്' എന്നുപറഞ്ഞത് ഗുരുവായൂരാണോ? എന്ന് ചോദിക്കുന്നതിനുപകരം ഗുരുവായൂരപ്പനെ സ്മരിച്ചുകൊണ്ട് ബസ്സിൽ നിന്നും ഇറങ്ങിനടന്നു. ●

■ കവിത



**പായിപ്ര രാധാകൃഷ്ണൻ**
**9447575156**

# ഉന്മാദം

പൂമ്പാറ്റകൾ ചിറകടിക്കുന്ന ഇമകൾക്ക്
ഇമ്പമാർന്ന ഒരു മുത്തം വേണമെന്ന്
മധുരത്തരികൾ മായാത്ത ചുണ്ടുകൾക്ക്
മതിവരുവോളം കൂട്ടുകൂടണമെന്ന്
ഇരുൾക്കയങ്ങൾ മെടഞ്ഞെടുത്ത
കൂന്തൽക്കാടുകളിൽ
മുങ്ങാംകുഴിയിടണമെന്ന്
ശലഭങ്ങളുടെ മലയിടുക്കിൽ
തിങ്ങിഞെരുങ്ങി
പുറത്തുകടക്കാതെ കഴിക്കണമെന്ന്
താഴമ്പൂക്കളുടെ തടാകതീരത്ത്
ഉന്മാദങ്ങളുടെ കടലിടുക്കിൽ
കൊടുങ്കാറ്റുകളുടെ കെട്ടുപൊട്ടിച്ച്
നായാട്ടിനിറങ്ങണമെന്ന്...



ജനാർദ്ദനൻ പി. വണ്ടാഴി
8089060168/9847660168

# എഴുത്തെന്നകല

എഴുത്തിനെ നിർവ്വചിക്കുന്നതിനുമുമ്പ് എഴുത്തുകാരനെപ്പറ്റി അറിഞ്ഞിരിക്കേണ്ടതാണ്. അയാൾ ആരാണ്? ഒരു സാധാരണ മനുഷ്യനിൽ അധികമൊന്നും അവകാശപ്പെടാനില്ലാത്ത ആൾ. എന്നാൽ, അയാൾ വിശേഷവിധിയായി എന്തൊക്കെയോ ചെയ്തെടുക്കുന്നുമുണ്ട്. കാണുന്നത്, കേൾക്കുന്നത്, രുചിക്കുന്നത് എല്ലാറ്റിൽനിന്നും ഉരുവപ്പെടുന്ന ബിംബങ്ങളെ വൈദഗ്ദ്ധ്യത്തോടെ ഒരു പ്രത്യേക റിഥത്തോടെ രേഖപ്പെടുത്തി വയ്ക്കപ്പെടുന്നു. അതിനെ ഒരു സൃഷ്ടിയിലേക്കുയർത്തിക്കൊണ്ട് വന്ന് കലയായി കൊണ്ടാടപ്പെടുന്നു. എഴുത്തിലേക്ക് സന്നിവേശിക്കപ്പെടുന്നത് എഴുത്തുകാരന്റെ മനോവ്യാപാരങ്ങളാകുന്നു. മനോവ്യാപാരങ്ങളെന്നാൽ, സ്വപ്നങ്ങൾ, കാഴ്ചകളിൽനിന്ന്, കേൾവിയിൽ നിന്ന് ഉണ്ടാക്കപ്പെടുന്ന ബിംബങ്ങൾ, ഒരൊഴുക്കിൽ ഉണ്ടാകുന്ന ക്രാഫ്റ്റുകൾ, മനഃപ്പൂർവ്വമായി സൃഷ്ടിക്കപ്പെടുന്ന കല്പനകൾ ഇതൊക്കെയാണ് സാധാരണയായി ഒരു എഴുത്തുകാരന്റെ ജൈവികമായ അടിത്തറ.

സൃഷ്ടിയുടെ കർമ്മസമയത്ത് വായനക്കാരൻ എന്ന ഉപഭോക്താവ് എഴുത്തുകാരന്റെ ചിന്തയിലേയില്ല. എഴുതപ്പെടുന്നത് ആർക്ക് വേണ്ടി എന്നോ, എന്തിനാണ് എഴുതുന്നതെന്നോ, അത് മൂലം കിട്ടാവുന്ന ലാഭം എന്താണെന്നോ അറിയപ്പെടുന്നേയില്ല. അയാളുടെ ബോധമണ്ഡലം അത്തരം കാര്യങ്ങളിൽ ശ്രദ്ധ വയ്ക്കുന്നേയില്ല. ചിന്തകളിൽ മുഴുകി ഒരു വാത്മീകത്തിന്റെ സുരക്ഷിതത്ത്വത്തിൽ പൂർണ്ണധ്യാനത്തിൽ ആയിരിക്കുന്ന അവസ്ഥയിൽ ഉദ്ഭൂതമാകുന്ന ലോക കാഴ്ചകൾ കവിതകളായോ, കഥകളായോ രൂപപ്പെടുന്നു. അതിന്റെ പകർത്തി എഴുത്താണ് പിന്നീട് നടക്കുന്നത്. ഒരു ഉത്തമ എഴുത്തുകാരന്റെ സൃഷ്ടി ജീവന്റെ താളബോധങ്ങൾ ഉൾക്കൊള്ളുന്നതാണ്. ജീവന്റെ താളങ്ങൾ മനുഷ്യനിയതങ്ങളല്ല. ചിലപ്പോൾ നിർമ്മലമായ് ഒഴുകിയേക്കാം. മറ്റുചിലപ്പോൾ ചില ആരവങ്ങൾ ഉണ്ടാക്കിയിരുന്നിരിക്കാം. ചിലപ്പോൾ അഗ്നിസ്ഫുലിംഗങ്ങൾ ഉണ്ടായെന്നിരിക്കാം. അതൊക്കെ എഴുത്തുകാരന്റെ ചിന്തകൾ നിർണ്ണയിക്കുന്നു. എഴുത്തെന്ന കല ക്രാഫ്റ്റിൽ മാത്രമല്ല, വികാരവിചാരങ്ങൾ കൂടി അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്.

അക്ഷരങ്ങൾ ഉരുത്തിരിഞ്ഞ കാലത്ത് തുടങ്ങിയ മനുഷ്യന്റെ ആഗ്രഹമാണ് തന്റെ മനസ്സിലുള്ളതൊക്കെ രേഖപ്പെടുത്തി വയ്ക്കുക എന്നുള്ളത്. പിന്നീട് ഈ രേഖപ്പെടുത്തിയതിനൊക്കെ എന്തുപ്രാധാന്യമാണ് ഉണ്ടാകാൻ പോകുന്നതെന്ന് അന്നൊന്നും ബോധ്യമുണ്ടായിരുന്നില്ല. തങ്ങളുടെ താല്ക്കാലിക ആവശ്യങ്ങൾക്കായി മാത്രമാണ് ചിന്തകളിൽ ഉരുത്തിരിഞ്ഞതൊക്കെ രേഖപ്പെടുത്തി വയ്ക്കപ്പെട്ടത്. ചിത്രരൂപത്തിലായിരുന്നു ആദ്യഘട്ടങ്ങളിൽ ആശയങ്ങൾ രൂപപ്പെട്ടത്. ശിലകളിൽ, ഗുഹാഭിത്തികളിൽ ഒക്കെ ആശയങ്ങൾ രേഖപ്പെടുത്തപ്പെട്ടു. പുരാവസ്തു ഗവേഷകർ ശിലാലിഖിതങ്ങളും, ഗുഹാഭിത്തികളിൽ രേഖപ്പെടുത്തപ്പെട്ടതുമൊക്കെ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. പല ഗുഹാക്ഷേത്രങ്ങളിലും ശിലകളിൽ കോറിയിട്ട ലിഖിതങ്ങൾ, ചിത്രങ്ങൾ ഒക്കെ മനുഷ്യന്റെ എഴുതി സൂക്ഷിക്കാനുള്ള ത്വര വെളിപ്പെടുത്തുന്നതായിരുന്നു. ആദിമ മനുഷ്യർ ആശയ സംവേദനത്തിന്നായി പുറപ്പെടുവിച്ചിരുന്ന ശബ്ദങ്ങൾ കാലാന്തരത്തിൽ പരിണാമപ്പെട്ട് വായ്മൊഴി ഭാഷയായി രൂപാന്തരപ്പെട്ടു. ഭാഷയുടെ ആവശ്യം ആശയസംവേദനം തന്നെയായിരുന്നു. ഇപ്പോഴും ഭാരതത്തിൽ നിലനില്ക്കുന്ന എഴുന്നൂറിൽ അധികം പ്രാദേശിക ഭാഷകൾക്കും വായ്മൊഴിയുടെ ബലം മാത്രമേയുള്ളു. അവയ്ക്കൊന്നും സ്വതന്ത്രമായ ലിപികളില്ല. കൊങ്കിണി, ഭോജ്പുരി മുതലായ ഒരുപാട് പേർ സംസാരിക്കുന്ന ഭാഷക്കുപോലും സ്വന്തമായ ലിപികളില്ല. ബുദ്ധകാലഘട്ടത്ത് പ്രചാരത്തിലിരുന്ന 'പാലി' എന്ന ലിപിയുള്ള ഭാഷയുടെ പ്രസക്തി കാലഹരണപ്പെടുകയും അത് നിശ്ശേഷം നാമാവശേഷമാവുകയും ചെയ്തു. ലോകത്ത് ഇന്നും വാമൊഴിയിൽ നിലനില്ക്കുന്ന ഏറെ ഭാഷകളുണ്ട്.

വാമൊഴി പാട്ടുകൾ പാടി ആദിമ മനുഷ്യൻ ലഹരിയോടെ നൃത്തം ചെയ്തു. കൃഷിക്കായ് നിലമൊരുക്കുമ്പോൾ, വിത്തിടുമ്പോൾ, കൊയ്യുമ്പോൾ അവർ താളബോധത്തോടെ പാട്ടുകൾ പാടി. വേട്ടയാടിക്കൊണ്ടുവന്ന ഇരക്കുചുറ്റും നിന്ന് ആഹ്ലാദത്തോടെ പാട്ടുപാടി നൃത്തം ചെയ്തു. ജീവിതത്തിന്റെ ഓരോ ഘട്ടത്തിനും അവർ പാട്ടും നൃത്തങ്ങളും രൂപപ്പെടുത്തിയെടുത്തു. കൂട്ടമായിരുന്ന് പ്രകൃതി സംബന്ധമായ കഥ പറഞ്ഞു. കാലങ്ങൾ പുരോഗമിക്കുന്തോറും അത്യാവശ്യമായവ രേഖപ്പെടുത്തി വയ്ക്കാനുള്ള വാസന ഉളവായി. ആദ്യമായി ചിത്ര രൂപത്തിലുള്ള ചിഹ്നങ്ങൾ കൊണ്ടാണ് അത്യാവശ്യകാര്യങ്ങൾ രേഖപ്പെടു

ത്തപ്പെട്ടത്. വളരെക്കാലത്തെ പരിണാമങ്ങൾക്കൊടുവിലാണ് അക്ഷരങ്ങളായി ഭാഷകൾ രൂപാന്തരപ്പെടുകയും സംവേദന ഭാഷകൾ എഴുതാൻ പറ്റാവുന്നതരത്തിൽ പരിണാമപ്പെടുകയും ചെയ്തു. പിന്നീട് ആവശ്യമുള്ളതൊക്കെ രേഖപ്പെടുത്തിവയ്ക്കാനുള്ള സാധനങ്ങൾ തേടി നടക്കുകയായിരുന്നു. ശിലകളിൽ കൊത്തിവയ്ക്കപ്പെട്ട ചിത്രലിഖിതങ്ങൾ പിന്നീട് മരത്തോലിൽ എഴുതിത്തുടങ്ങി. മൃഗങ്ങളുടെ രക്തം കൊണ്ട്, മരങ്ങളുടെ കറ കൊണ്ട് എല്ലാം എഴുതി. പാപ്പിറസ് മരത്തിന്റെ തോൽ കനം കുറച്ച് വെട്ടിയെടുത്ത് അതിൽ പ്രത്യേക മരത്തിന്റെ കറ കൊണ്ട് എഴുതി. പണ്ട് രഹസ്യ സന്ദേശങ്ങൾ പാപ്പിറസ് മരത്തോലിൽ എഴുതി ചുരുളുകളാക്കി രാജാക്കന്മാർ കൈമാറിയിരുന്നതായി ചരിത്രങ്ങളിൽ പറയുന്നു. ഭാഷകളുടെ ജനനവും, അഭിവൃദ്ധിയും ആ സമയത്ത് നടന്നുകൊണ്ടിരുന്നു. കാലങ്ങൾ കൊണ്ട് പറയുകയും എഴുതിത്തെളിയുകയും ചെയ്തുകൊണ്ടാണ് എല്ലാ ഭാഷയും അഭിവൃദ്ധിപ്രാപിച്ചത്.

വളരെ ഏറെ വർഷത്തെ പ്രയത്നഫലമാണ് പേപ്പർ എന്ന എഴുതാനുള്ള മാധ്യമത്തിലേക്കും പെൻ എന്ന മാജിക്കൽ ഉപകരണത്തിലേക്കും എത്തിപ്പെട്ടത്. കഥകളോ കവിതകളോ മറ്റു സാഹിത്യ സൃഷ്ടികളോ ആയിരുന്നില്ല ആദ്യകാലങ്ങളിൽ രേഖപ്പെടുത്തി വയ്ക്കപ്പെട്ടത്. രാജ്യഭരണ രേഖകൾ, ചരിത്ര വസ്തുതകൾ, രഹസ്യ സ്വഭാവമുള്ള രേഖകൾ എന്നിവയൊക്കെയാണ് പേപ്പറിലാക്കപ്പെട്ടത്. ഭാരതത്തിലേക്ക് ബ്രിട്ടീഷ് ഭരണം എത്തിപ്പെട്ടതിന്റെ ഭാഗമായി എത്തിപ്പെട്ടതാണ് അച്ചടി. മിഷണറി പ്രവർത്തനത്തിന്റെ അത്യാവശ്യമായ ബൈബിളായിരുന്നു ആദ്യമായി അച്ചടിയിലേക്ക് എത്തിയത്. ബ്രിട്ടനിൽ നിന്ന് ഉദ്യോഗസ്ഥരെ വരുത്തിയാണ് ഇവിടെ മിഷണറി പ്രവർത്തനം നടത്തിയിരുന്നത്. മലയാളത്തിൽ അച്ചടി എത്തിയത് ബൈബിളിലൂടെയാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. പിന്നീട് മലബാർ മാന്വലും, നിഘണ്ടുവും ഉണ്ടായി. അതൊക്കെ കഴിഞ്ഞ് എത്രയോ കാലങ്ങൾ കഴിഞ്ഞതിനുശേഷമാണ് സാഹിത്യകൃതികൾ ഉണ്ടാവുന്നത്. മലയാള സാഹിത്യത്തിന് ആദ്യകാലങ്ങളിൽ പാശ്ചാത്യ കൃതികളുടെ അനുകരണങ്ങളായിരുന്നു. അത് നമ്മുടെ ഭാഷാസാഹിത്യത്തിലേക്കുള്ള ഒരു വാതിൽ മാത്രമായി കരുതിയാൽ മതി. അപ്പുനെടുങ്ങാടിയും ഒ. ചന്തുമേനോനും ഒക്കെ മടി കൂടാതെ ആ വാതിലിലേക്ക് പ്രവേശിച്ചവരാണ്. വളരെ ചുരുങ്ങിയ കാലം കൊണ്ട് തന്നെ നമ്മുടെ മലയാള സാഹിത്യം മറ്റേതു ഇന്ത്യൻഭാഷകളേയും അതിശയിപ്പിച്ചുകൊണ്ട് മുന്നേറി.

എഴുത്തിന്റെ ചരിത്രത്തിലൂടെ സഞ്ചരിക്കുക ഒരെഴുത്തുകാരനെ സംബന്ധിച്ച് അത്യാവശ്യം തന്നെയാണ്. എന്നാലേ കാലങ്ങൾക്കൊത്തു സഞ്ചരിക്കാൻ അയാൾക്ക് കഴിയൂ. എഴുത്തുകൊണ്ട് കാലങ്ങളെ അടയാളപ്പെടുത്താൻ കഴിയും. ഓരോ കാലത്തേയും എഴുത്തുശൈലി, ആസ്വാദകന്റെ രസതലം എല്ലാ വ്യക്തമാക്കപ്പെടുന്നു. ഇതൊന്നും ശ്രദ്ധിക്കാത്തൊരു എഴുത്ത് കാലത്തിന്റെ അന്തകാരത്തിലേക്ക് അലിഞ്ഞില്ലാതായി പോകുന്നു. ●



**പി. ആർ. ജോസ്**
**9847946094**

# ബാലപാഠം കുടുംബത്തിൽ നിന്നുതന്നെ

**ഇ**ന്ന് സർവ്വത്ര രംഗങ്ങളിലും കൈക്കൂലിയും അഴിമതിയും കൊണ്ട് നിറഞ്ഞുനിൽക്കുകയാണ്. എന്നാലിതിന്റെ ബാലപാഠം പഠിപ്പിക്കുന്നത് സ്വന്തം വീട്ടിൽത്തന്നെയല്ലേ? കുട്ടികൾ പഠിക്കാനും ജയിക്കാനും സ്കൂളിൽ പോകാനും എന്തിനും ഏതിനും പാരിതോഷികങ്ങൾ നൽകുന്ന മാതാപിതാക്കൾ നിരവധിയാണ്. മക്കൾ ചെയ്യുന്ന പ്രവൃത്തികൾ അവരുടെ ഉത്തരവാദിത്വമാണെന്നും കർത്തവ്യമാണെന്നും ബോധ്യപ്പെടുത്തുവാൻ മാതാപിതാക്കൾ ദയനീയമായി പരാജയപ്പെടുന്നു. കൃത്യമായി രാവിലെ എഴുന്നേൽക്കുന്നതും പഠിക്കുന്നതും പരീക്ഷയിൽ ഉയർന്ന മാർക്കുനേടുന്നതും അവരുടെ ഉത്തരവാദിത്വവും കടമയുമാണ്. ഉയർന്ന മാർക്ക് നേടിയാൽ അവരെ അനുമോദിക്കേണ്ടതാണ്. അത് വില കൂടിയ സമ്മാനങ്ങളിലൂടെയല്ല, നല്ല വാക്കുകളിൽ കൂടേയും ആകാം. സ്വന്തം ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന മക്കൾക്ക് സമ്മാനങ്ങൾ നൽകി സുഖിപ്പിച്ചാൽ ഭാവിയിൽ അവരേത് ജോലിയിൽ പ്രവേശിച്ചാലും കൂലിയോ ശമ്പളത്തിനു പുറമേ പാരിതോഷികം കൂടി ലഭിക്കണമെന്ന് ആഗ്രഹിച്ചാൽ അതിനവരെ കുറ്റപ്പെടുത്താനാകുമോ ?

മക്കളെ അനുസരണം പഠിപ്പിക്കാൻ കൂടി സമ്മാനങ്ങൾ നൽകുന്ന പതിവ് ചില മാതാപിതാക്കളെങ്കിലും അവലംബിക്കുന്നുണ്ട്. ഏതെങ്കിലുമൊരുകാര്യം ചെയ്താൽ പ്രതിഫലം ഉടനെ വേണമെന്ന ചിന്ത നാം തന്നെ മക്കളുടെ മനസ്സിൽ കുത്തിനിറയ്ക്കുകയാണ്. ഇതാണ് പിന്നീട് കൈക്കൂലിയോ അഴിമതിയോ ആയി പരിണമിക്കുന്നത്, മക്കൾ ചെയ്യുന്ന ഏതൊരു പ്രവൃത്തിയും അവർക്കുവേണ്ടിയല്ല മാതാപിതാക്കൾക്ക് വേണ്ടിയാണെന്നു ചിന്ത ചെറുപ്പത്തിൽതന്നെ ഉന്മൂലനം ചെയ്തേ മതിയാകൂ. വിലപിടിപ്പുള്ള സമ്മാനങ്ങൾ നൽകി ഉന്നതവിജയം നേടുന്ന കുട്ടി ഭാവിയിൽ കൈക്കൂലിയുടെയോ അഴിമതിയുടേയോ വക്താക്കളാകാൻ സാധ്യത വളരെയേറെയാണ്.

മക്കളുടെ സ്വഭാവരൂപീകരണത്തിൽ മാതാപിതാക്കളുടെ പങ്ക് വലുതാണ്. കുട്ടികൾ തെറ്റുചെയ്താലോ പരീക്ഷയിൽ തോറ്റതിനോ ഗുണദോഷിക്കുമ്പോൾ

അച്ഛനും അമ്മയും ഒരേതട്ടിൽ നിന്നു വേണം പ്രതികരിക്കുവാൻ. മകൻ ഓണപ്പരീക്ഷയിൽ തോറ്റതിന് അച്ഛൻ മകനെ ശാസിക്കുകയുണ്ടായി. ഇതുകേട്ട കുട്ടിയുടെ അമ്മയുടെ പ്രതികരണം ഇതായിരുന്നു, "എന്റെ മകൻ 10ാം ക്ലാസ്സിലാണ് പഠിക്കുന്നത്. 5ാം ക്ലാസ്സുവരെ പഠിച്ച നിങ്ങൾക്കെന്തുയോഗ്യതയുണ്ട് എന്റെ മകനെ ശാസിക്കാൻ? അവൻ അടുത്ത പരീക്ഷയിൽ ജയിക്കും." ഇതുകേൾക്കുന്ന അച്ഛൻ പിന്നീട് ജീവിതത്തിലൊരിക്കലെങ്കിലും മകൻ പഠിക്കണമെന്ന് പറയുമോ ? കുട്ടിയുടെ മുമ്പിൽ വച്ച് ഭർത്താവിനെയോ ഭാര്യയേയോ തരം താഴ്ത്തിപ്പറയുന്നത് കുട്ടികൾക്ക് തെറ്റുചെയ്യാൻ കൂടുതൽ പ്രേരണ നൽകുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ ?

വീടുകളിൽ മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും മാത്രം പറയുന്ന പ്രവണത ഭൂഷണമല്ല. കുറ്റങ്ങൾ മാത്രം കേട്ടുവളരുന്ന മക്കൾ ഭാവിയിൽ വിവാഹാനന്തരം ഭാര്യയുടേയോ ഭർത്താവിന്റേയോ അല്ലെങ്കിൽ നിങ്ങളെത്തന്നെ കുറ്റങ്ങളും കുറവുകളും കണ്ടുപിടിച്ച് വഴക്കിടുമ്പോൾ പരിഭവിച്ചിട്ടുകാര്യമില്ല. കുരങ്ങന് കയറാൻ ഏണിവെച്ചുകൊടുക്കുന്നത് നാം തന്നെയല്ലേ? അതുകൊണ്ട് മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും പറയുന്നതിനുമുമ്പ് ഏതെങ്കിലും തെറ്റുകളോ കുറവുകളോ നമ്മളിലോ മക്കളിലോയുണ്ടെന്ന് തിരക്കുന്നത് നല്ല തലമുറയെ വാർത്തെടുക്കുന്നതിനുള്ള ചുവടുവെപ്പാണെന്നുള്ളതിനു സംശയമില്ല. മക്കൾക്കുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന സദ്ഗുണങ്ങളെല്ലാറ്റിന്റേയും ബാലപാഠം കുടുംബത്തിൽ നിന്നു തന്നെയാണ് നൽകേണ്ടത്. ●

**രചനകളും അഭിപ്രായങ്ങളും അയയ്ക്കേണ്ട വിലാസം :**
ഏക തത്ത്വ
എ-9, ന്യൂ സിവിൽ നഗർ,
സിവിൽ സ്റ്റേഷനു പുറകുവശം,
പാലക്കാട് - 678001.
or
ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001



**ചെറിയാൻ തോട്ടുങ്കൽ**
**8281343742**

# നൈരാശ്യം പരമസുഖം

**കോ**ടീശ്വരൻ ആണെങ്കിൽ പോലും ജീവിതത്തിൽ ഒരിക്കലെങ്കിലും ഒരു സുഖം അനുഭവിക്കാൻ കഴിയാത്തവരുണ്ട്. കോടീശ്വരൻ എന്ന വാക്കിൽത്തന്നെയുണ്ട് ഈശ്വരമയം. എന്നിട്ട് പോലും മാനസിക സുഖം അനുഭവിക്കാൻ കഴിയാതെ പോയി. പണം എന്നത് സന്തോഷത്തെ നശിപ്പിക്കുന്നു. പണക്കാരനായതുകൊണ്ട് എന്തും നേടാം എന്ന് മോഹിക്കുന്നവർക്ക് ഒരിക്കലും സന്തോഷം പ്രധാനം ചെയ്യുകയില്ല. പണം ഒരു വിരുന്നുകാരനാണ്. ഇന്ന് എന്റെ കൈയിൽ ആണെങ്കിൽ നാളെ നിങ്ങളുടെ കൈയ്യിലായിരിക്കും. പണം ഇല്ലാത്തവൻ ദരിദ്രനാണ്. പണം ഉള്ളവനോ അതിലും ദരിദ്രനാണ്. പണം ഉള്ളവർ എപ്പോഴും പണത്തെ സ്നേഹിക്കുന്നു. ബന്ധങ്ങളെ അകറ്റി നിർത്തുന്നു. ശത്രുക്കളെ സമ്പാദിക്കുന്നു. പണം കടം കൊടുത്താൽ ഒരു വിരോധിയെ സമ്പാദിക്കാം എന്ന് പഴമൊഴി പറയുന്നു. ആഗ്രഹം നല്ലത് തന്നെ അത് ജീവിതത്തെ മുന്നോട്ട് നയിക്കുന്നു. അമിതമായ ആഗ്രഹവും ആശയും ഉള്ളത് കൊണ്ടാണല്ലോ നിരാശ ഉണ്ടാകുന്നത്. എല്ലാ ആശകളും നിറവേറണമെന്നില്ല. ആശിച്ചതുപോലെ നിറവേറ്റുവാൻ കഴിയാതെ വരുമ്പോഴാണ് നിരാശ ഉടലെടുക്കുന്നത്. എന്നാൽ നിരാശയിൽ കൂടി സന്തോഷത്തെ കണ്ടെത്താം. തന്നെക്കാളും ഏത് തരത്തിലും കഴിവില്ലാത്തവരെ പറ്റി ഒന്ന് ചിന്തിച്ചുനോക്കൂ. അപ്പോൾ എനിക്ക് ഇത്രയും ഉണ്ടല്ലോ എന്ന സന്തോഷം സ്വയം ഉണ്ടാകുന്നു. പല പരാജയങ്ങളും ജീവിതത്തെ പലതും പഠിപ്പിക്കുന്നു. വിജയിക്കുന്നവർ പിന്നീട് വന്ന വഴികളും ചുറ്റുപാടുകളും മറക്കുന്നു. സ്വാഭാവികമായി എല്ലാവരും വിജയിച്ചവരെ മാത്രം അനുകൂലിച്ച് പ്രവർത്തിക്കുന്നു. ഓരോരുത്തരുടേയും സ്വാർത്ഥതകൾ കുട്ടി കണ്ണികൾ ആക്കുന്നു. പരാജയം എന്തുകൊണ്ട് ഉണ്ടായി എന്ന് ചിന്തിക്കുകയോ അതിന്റെ പിന്നാമ്പുറം ചികഞ്ഞ് നോക്കുകയോ ചെയ്യാറില്ല. മറ്റുള്ളവരുടെ പരാജയത്തിലും പങ്കാളിയായി തീരുമ്പോൾ ജീവിതത്തിന്റെ വിജയപടി ചവിട്ടിക്കയറുകയാണ് എന്നോർക്കുക. ഇവിടെയാണ് സുഖം കണ്ടെത്തുന്നത്. യഥാർത്ഥ സ്നേഹം ദുഃഖമാണ്. സ്നേഹം കൊണ്ട് പരാജയപ്പെട്ടാൽ സുഖം കണ്ടെത്തുന്നു. വിശപ്പുള്ളവർ ഭക്ഷണത്തെ പറ്റി മാത്രമേ ചിന്തിക്കുകയുള്ളൂ. അതിനപ്പുറം ആലോചനയില്ല. ഭക്ഷണം എവിടെ നിന്ന് വരുന്നു, എങ്ങിനെ ഉണ്ടാകുന്നു, ഇതിന്റെ അദ്ധ്വാനം എന്ത് ഇതൊന്നും ആലോചിക്കാറില്ല. ഇതുപോലെയാണ് നാം ആവശ്യങ്ങൾ നേടുക എന്നതൊഴിച്ച് മറ്റുള്ളവരെ പറ്റി ആലോചിക്കാൻ നേരമില്ല. അടുത്ത സമയത്തിനുള്ള ഭക്ഷണ ചിന്ത എത്തിക്കഴിഞ്ഞു. ജീവിക്കാൻ ഭക്ഷണം ഒരു പ്രധാന ഘടകമാണെങ്കിലും അതിലുപരി ഭക്ഷണപദാർത്ഥങ്ങളുടേയും തന്റെ ജീവന്റെ നിലനിൽപ്പിനേയും തന്റെ സഹജീവികളുടെ ഇതുപോലുള്ള പ്രശ്നങ്ങളെ പറ്റി ആലോചിക്കേണ്ടതാണ്. ഇവിടെയാണ് നമ്മുടെ കടമയോ ധാർമ്മികതയോ പുലർത്തേണ്ടത്. കണ്ണിന്റെ മുന്നിൽ മനുഷ്യൻമാർ ഉണ്ടാക്കപ്പെട്ട യന്ത്രങ്ങൾ പ്രവർത്തിക്കുന്നത് കാണുമ്പോൾ താൻ പ്രകൃതിയുടെ സൃഷ്ടികളിൽ വലിയൊരു യന്ത്രമാണ്. തന്റെ യന്ത്രത്തിന്റെ പ്രവർത്തനം ഒന്നു ചിന്തിക്കുക. ഇവിടെയാണ് പരമസുഖം അനുഭവിക്കുക. ●



**ജോസഫ് പൂതക്കൂഴി**
**9846751749, 9745321352**

# കരുണ ചെയ്തീടുകിൽ

**ഞാ**ൻ ബാലകൃഷ്ണൻ. മുപ്പത്തിമൂന്നുവർഷത്തെ അധ്യാപകജീവിതം. അതിൽ അവസാനത്തെ പത്തുവർഷം പ്രധാനാധ്യാപകൻ. ഭാര്യ കമലം. സന്തുഷ്ടമായ കുടുംബജീവിതം. മക്കൾ മൂന്നുപേർ. രണ്ടാണും ഒരു പെണ്ണും. മൂന്നുപേർക്കും നല്ല വിദ്യാഭ്യാസം നൽകി. നന്നായി പഠിക്കുന്ന കുട്ടികളായിരുന്നതിനാൽ നല്ല നിലയിൽ പാസ്സായി. അതുകൊണ്ട് ജോലിക്ക് അധികം അലഞ്ഞുനടക്കേണ്ടിവന്നില്ല മൂന്നുപേർക്കും. മൂത്തവൻ യു. എസ്സിൽ എഞ്ചിനീയർ. രണ്ടാമൻ അബുദാബിയിൽ മെക്കാനിക്കൽ എഞ്ചിനീയർ. ഇളയ മകൾ കാനഡയിൽ നേഴ്സ്. മൂന്നുപേരുടെയും വിവാഹവും നടത്തി. അവർ അവരവരുടെ ജോലിസ്ഥലങ്ങളിൽ സകുടുംബം സുഖമായി കഴിയുന്നു. ഞാനും ഭാര്യയും ആദിയിലെപ്പോലെത്തന്നെ.

നഗരത്തിലെ പ്രശസ്തമായ കാർഡിയോളജി ഹോസ്പിറ്റലിലെ പത്താം നിലയിലെ 1120ാം നമ്പർ മുറിയിലാണ് ഞാനിപ്പോൾ. ഭാര്യയുമൊപ്പമുണ്ട്. രാവിലെ ഡോക്ടർ റൗൺസിന് വന്നപ്പോൾ പറഞ്ഞു, "മാസ്റ്റർക്ക് ഇന്ന് പോകാം. കുഴപ്പമൊന്നുമില്ല." ഡോക്ടർ പോയി കുറച്ചു കഴിഞ്ഞപ്പോൾ ബില്ലുകൊണ്ട് ഒരു നേഴ്സ് വന്നു. ബില്ല് അടയ്ക്കാൻ വേണ്ടി ഭാര്യ ഗ്രൗണ്ട് ഫ്ളോറിലേക്ക് പോയി. ഓരോന്നോർത്തുകിടന്നപ്പോ മയങ്ങിപ്പോയി. ആശുപത്രിയിലെത്തിയ മുതലുള്ള കാര്യങ്ങൾ ഓർമ്മയിൽ തെളിയുന്നു. കാർഡിയോളജി ഡോക്ടറുടെ പരിശോധനാ മുറിയുടെ മുന്നിൽ നിരത്തിയിട്ട കസേരയിൽ താനും ഭാര്യയുമിരുന്നു. ഞങ്ങൾക്കുമുമ്പേവന്ന ഒരു പത്തിരുപത് പേർ ഇരിക്കുന്നുണ്ട്. നേരത്തേ ഡോക്ടറെ കാണാൻ ബുക്ക് ചെയ്തിരുന്നു. ഞങ്ങൾക്ക് കിട്ടിയ നിർദ്ദേശം പതിനൊന്നുമണിക്കുവരാനായിരുന്നു. പത്തേമുക്കാലിന് ഞങ്ങൾ ഹോസ്പിറ്റലിലെത്തി. നേഴ്സ് വാതിൽ തുറന്നപ്പോൾ ഞാൻ വന്ന വിവരം അറിയിച്ചു. "ഇരിക്കൂ. നിങ്ങളുടെ സമയമായിട്ടില്ല. സമയമാകുമ്പോൾ ഞാൻ വിളിക്കാം." അടുത്ത രോഗി മുറിയിൽ പ്രവേശിച്ചപ്പോൾ നേഴ്സ് വാതിലടച്ചു. പിന്നേയും അഞ്ചുപേരുടെ ഊഴം കഴിഞ്ഞാണ് എന്നെ വിളിച്ചത്. അപ്പോൾ സമയം പതിനൊന്നര ആയി.

ഡോക്ടറുടെ പരിശോധനാ മുറി നേഴ്സ് തുറന്നുതന്നു. "ഗുഡ്മോണിംഗ് ഡോക്ടർ." ഞാൻ പറഞ്ഞു. "ഗുഡ്മോണിംഗ് ഇരിക്കൂ." ഡോക്ടറുടെ അടുത്തുള്ള കസേര ചൂണ്ടി അദ്ദേഹം പറഞ്ഞു. ഭാര്യയോടും ഇരിയ്ക്കാൻ ഡോക്ടർ ആംഗ്യം കാണിച്ചു. അദ്ദേഹം എന്റെ മുഖത്തേക്കുതന്നെ കുറേനേരം സൂക്ഷിച്ചുനോക്കി. പിന്നെ ഭാര്യയേയും. ഒരുചെറു മന്ദസ്മിതം അദ്ദേഹത്തിന്റെ മുഖത്ത് മിന്നിമറഞ്ഞു. "ബാലകൃഷ്ണൻ?" "അതേ സാർ." ഞാൻ മറുപടിയായി പറഞ്ഞു. "അദ്ധ്യാപകനാണല്ലേ ?" "അതേ സാർ. റിട്ടയർ ചെയ്തു." "റിട്ടയർ ചെയ്തിട്ടെത്ര വർഷമായി." "ആറുവർഷം". ഭാര്യയെ നോക്കി അദ്ദേഹം പറഞ്ഞു, "ഭാര്യ?" "അതേ സാർ കമലം. അവളും ടീച്ചറായിരുന്നു. റിട്ടയർ ചെയ്തു."

"ശരി ഇപ്പോൾ എന്താണ് വിശേഷിച്ച് ?"

"സാർ ഞാൻ പേരാമ്പ്ര വാസുദേവൻ ഡോക്ടറുടെ ചികിത്സയിലായിരുന്നു. എനിക്ക് കുന്നു കയറുമ്പോഴും സ്റ്റെപ്പുകയറുമ്പോഴും നല്ല വേഗത്തിൽ നടക്കുമ്പോഴുമൊക്കെ വല്ലാതെ കിതയ്ക്കുന്നു. നെഞ്ചിനകത്ത് എന്തോ ഒരു വിഷമം. ഒരു മുള്ളിട്ടുപിടിക്കുന്ന പോലെ."

"ശ്വാസം മുട്ടലുണ്ടോ ?"

"ഇല്ല സാർ. ഇടതു കൈയ്ക്കും ഇടയ്ക്കിടെ വേദനയും കഴപ്പുമുണ്ട്. വല്ലാത്ത ഒരു ക്ഷീണം."

"ഇപ്പോൾ എന്തെങ്കിലും മെഡിസിൻ എടുക്കുന്നുണ്ടോ ?"

"ഉണ്ട്. ഇതാണ് ആ മരുന്നുകൾ." ഡോക്ടർ വാസുദേവന്റെ പ്രിസ്ക്രിപ്ഷൻ ഞാൻ ഡോക്ടർക്ക് കൊടുത്തു. അദ്ദേഹമത് നോക്കി തിരിച്ചുതന്നു.

"ഒരു നല്ല കാർഡിയോളജിസ്റ്റിനെ ഒന്നു കാണണം. കോഴിക്കോട്ട് ഈ ആശുപത്രിയിലെ ഡോ. ഹരിപ്രസാദിനെ കാണാൻ ഡോക്ടർ വാസുദേവനാണ് നിർദ്ദേശിച്ചത്" ഞാൻ പറഞ്ഞു.

"ഡോക്ടർ വാസുദേവനെ എനിക്കറിയാം. മുമ്പ് മെഡിക്കൽ കോളേജിലുണ്ടായിരുന്നു. ശരി അവിടെ കിടക്കൂ." പരിശോധനാ മുറിയിലെ കട്ടിൽ ചൂണ്ടി ഡോക്ടർ പറഞ്ഞു. ഞാൻ കയറിക്കിടന്നു. ഡോക്ടർ തിരിച്ചും മറിച്ചുമൊക്കെ കിടത്തി പരിശോധിച്ചു.

"ഈ ടെസ്റ്റുകൾ നടത്തി റിസൽട്ടുമായി വരൂ. ഈസിജിക്കും റ്റി. എം. റ്റി.ക്കും എക്കോ ടെസ്റ്റിനും എഴുതിയിട്ടുണ്ട്. ശരി പോയി വരൂ."

"ശരി സാർ, റിസൽട്ടുമായി വരാം." കൈകൂപ്പിയിറങ്ങി. പരിശോധനാമുറികൾ എവിടെയെന്ന് നേഴ്സ് പറഞ്ഞുതന്നു. ഞങ്ങൾ പോയി ഇ. സി. ജിയും റ്റി. എം. റ്റിയും എടുത്തു. റ്റി. എം. റ്റി. പകുതിയായപ്പോൾ എനിക്ക് കിതയ്ക്കാൻ തുടങ്ങി. ഒരു പത്തുമിനിറ്റായപ്പോൾ ഞാൻ തളർന്നു. എന്റെ ക്ഷീണം കണ്ട് നിരീക്ഷിച്ചുകൊണ്ടിരുന്ന ജൂനിയർ ഡോക്ടർ റ്റി. എം. റ്റി. നിർത്തിച്ചു. അൽപ്പസമയം റെസ്റ്റ് എടുത്തിട്ട് എക്കോ ടെസ്റ്റിനുവേണ്ടി പോയി. അതും കഴിഞ്ഞപ്പോൾ മണി ഒന്നരയായി. ഞങ്ങൾ പോയി ഊണു കഴിച്ചുവന്നപ്പോൾ റിസൽട്ട് റെഡിയായിട്ടുണ്ടായിരുന്നു. അതും വാങ്ങി ഡോക്ടറെ കാണാൻ

പോയി. ഡോക്ടർ ഊണുകഴിഞ്ഞു വന്നിട്ടുണ്ടായിരുന്നില്ല. കാത്തിരുന്നു. പത്തുമിനിറ്റുകഴിഞ്ഞപ്പോൾ ഡോക്ടർ എത്തി. റിസൽട്ട് കാണിച്ചു. ഡോക്ടറുടെ മറുപടിക്കായി കാത്തിരുന്നു.

"നല്ല ബ്ലോക്കിന്റെ ലക്ഷണം കാണുന്നുണ്ട്. ബ്ലോക്കുകളുടെ കൃത്യമായ സ്ഥിതി എവിടെ, എത്രത്തോളം, എത്രയെണ്ണമെന്നൊക്കെയറിയാൻ ആൻജിയോഗ്രാം ചെയ്യണം. ആൻജിയോഗ്രാം എടുത്തുകഴിഞ്ഞാൽ രോഗത്തിന്റെ കൃത്യമായ വിവരങ്ങൾ അറിയാൻ കഴിയും. ഇപ്പോൾ ഞാൻ ഒരു ഗുളിക എഴുതുന്നുണ്ട്. അതുകഴിച്ചിട്ട് ഒരാഴ്ച കഴിഞ്ഞ് വരിക. വരുമ്പോൾ ഒരുകാര്യം ശ്രദ്ധിക്കണം. ആൻജിയോഗ്രാമിൽ നല്ല ബ്ലോക്ക് കാണിക്കുകയാണെങ്കിൽ അപ്പോൾത്തന്നെ ആൻജിയോപ്ലാസ്റ്റിയും ചെയ്യുന്നതാണ് നല്ലത്. അതിനുകൂടി തയ്യാറായി വന്നോളൂ."

"ഓപ്റേഷൻ വേണ്ടി വന്നാൽ ഏകദേശം എന്തുചെലവു വേണ്ടിവരും സാർ." ഭാര്യ ചോദിച്ചു.

"കൃത്യമായി ഇപ്പോൾ പറയാൻ കഴിയില്ല. എന്തായാലും ഒന്നര ലക്ഷത്തിൽ കുറയാതെ വേണ്ടിവരും."

"ഒന്നര ലക്ഷമോ ?" ചോദ്യം കേട്ട ഡോക്ടർ ഭാര്യയുടെ മുഖത്തേക്ക് സൂക്ഷിച്ചുനോക്കി. "എന്തേ ?"

"അല്ല സാർ ഇത്ര വലിയ സംഖ്യ ഇത്ര പെട്ടെന്ന്" പറഞ്ഞുതീരും മുൻപ് ഡോക്ടർ പറഞ്ഞു, "പേടിച്ചുപോയോ ? ഡോണ്ട് വറി. മാസ്റ്റർ പേടിക്കേണ്ട. പണം ഒരു പ്രശ്നമാക്കേണ്ട. എന്തായാലും ഓപ്റേഷൻ വേണ്ടി വന്നാൽ അത് ചെയ്യണം. പണം ഒരു പ്രശ്നമാക്കേണ്ട. അതിന് നമുക്ക് വഴിയുണ്ടാക്കാം. ടീച്ചർ മാസ്റ്ററെ ഓരോന്ന് പറഞ്ഞ് പേടിപ്പിക്കേണ്ട. എല്ലാത്തിനും വഴിയുണ്ടാകും. പോയ് വരൂ." ഡോക്ടറോട് നന്ദി പറഞ്ഞിറങ്ങുമ്പോൾ ഡോക്ടർ എന്തോ ചിന്തയിലാണ്ടപോലെ തോന്നി.

ഡോക്ടർ പറഞ്ഞ പ്രകാരം ഒരാഴ്ച കഴിഞ്ഞ് ഡോക്ടറെ വിളിച്ചു. ഡോക്ടർ ഡേറ്റ് തന്നു. അന്ന് ഹോസ്പിറ്റലിൽ നേരത്തേ എത്തി. ഡോക്ടറെ കണ്ടു. ആൻജിയോഗ്രാം ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്തു. എന്റെ ഡ്രസ്സ് ഒക്കെ ഊരി മാറ്റി. പ്രത്യേകതരം പച്ചക്കുപ്പായമിടീച്ചു. ഓപ്റേഷൻ തിയേറ്ററിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടി തയ്യാറാക്കി ശീതീകരിച്ച ഒരു മുറിയിലിരുത്തി. നല്ല തണുപ്പ്. രാവിലെ ഒന്നും കഴിച്ചില്ല. ഓപ്റേഷന് 6 മണിക്കൂർ മുമ്പ് ഭക്ഷണം നിർത്തണമെന്ന് ഡോക്ടർ പറഞ്ഞിരുന്നു. ഒരുമണിക്കൂർ സമയമെടുക്കുമെന്നാണ് ഡോക്ടർ പറഞ്ഞത്.

എനിക്ക് അല്പം പേടി തോന്നായ്കയില്ല. എന്റെ മനസ്സിലൂടെ ഓപ്റേഷന് വിധേയരായി മരണപ്പെട്ടുപോയ ചില സുഹൃത്തുക്കളുടെയൊക്കെ ചിത്രം മിന്നിമറഞ്ഞു. എനിക്ക് മുമ്പ് സ്കൂളിൽ പ്രധാനാദ്ധ്യാപികയായിരുന്ന മറിയം ടീച്ചർ. അവർക്കും ബ്ലോക്കുണ്ടായിരുന്നു. അവർക്ക് ഓപ്റേഷൻ പേടിയായിരുന്നു. അമേരിക്കയിൽ നിന്നു വന്ന മകൻ നിർബന്ധിച്ചുകൊണ്ടുപോയി ഹാർട്ട് ഓപ്റേഷൻ നടത്തി. തിരിച്ചുകൊണ്ടുവന്നത് മറിയം ടീച്ചറുടെ ശവമായിരുന്നു. ഭാരതി ടീച്ചർ ഓടിനടന്നിരുന്നതാണ്. ബ്ലോക്കുണ്ട് ഓപ്റേഷൻ കൂടിയേ തീരൂ. ഡോക്ടർ പറഞ്ഞതനുസരിച്ച് ഓപ്റേഷൻ ചെയ്തു. അവരും മരണപ്പെട്ടു. അനസ്തേഷ്യാ കൂടിപ്പോയതാണ് അവരുടെ മരണകാരണമെന്ന് പിന്നീട് ഒരു സംസാരം കേട്ടിരുന്നു. ആർക്കറിയാം എന്താ സംഭവിച്ചതെന്ന്.

എന്തായാലും ഈ കുലുമാലിനൊന്നും നിക്കണ്ടായിരുന്നു. തണുപ്പുകൊണ്ടോ പേടി കൊണ്ടോ എനിക്ക് കുറേശ്ശേ വിറയ്ക്കാൻ തുടങ്ങി. ഈശ്വരാ എനിക്കെന്തെങ്കിലും സംഭവിച്ചാൽ, എന്റെ മക്കൾ, എന്റെ കമലം. പണി പൂർത്തിയാക്കാത്ത വീട്, ബാങ്ക് ലോണുകൾ. ഒന്ന് അടങ്ങ്. വേണ്ടാത്ത ചിന്തകളൊന്നും വേണ്ട. ഞാൻ എന്റെ മനസ്സിനെ ശാസിച്ചു. ധൈര്യമായിരിക്കൂ. ഇത്ര പേടിക്കാനെന്തിരിക്കുന്നു. പേരുകേട്ട കാർഡിയോളജിസ്റ്റാണ് ഡോക്ടർ ഹരിപ്രസാദ്. അദ്ദേഹത്തിനൊരു കൈപ്പിഴ പറ്റിയതായി കേട്ടിട്ടില്ല. അദ്ദേഹം സമർത്ഥനാണ്. ഒന്നും ഭയപ്പെടാനില്ല. ഞാൻ എന്റെ മനസ്സിനെ സാന്ത്വനപ്പെടുത്തി. പ്രത്യേക വേഷധാരിയായ ഒരാൾ എന്റെയടുത്തുവന്നു. "ബാലകൃഷ്ണനല്ലേ ?"

"അതേ. സമയമായോ ?"

"അതേ വരൂ. തിയേറ്ററിലേക്ക് പോകാം." അയാൾ എന്നെ ഒരു വീൽ ചെയറിലിരുത്തി. ഇടനാഴിയിലൂടെ തള്ളിക്കൊണ്ടുപോയി. ഓപ്റേഷൻ തിയേറ്ററിന്റെ വാതിൽ തുറക്കപ്പെട്ടു. നിറച്ചും ആലക്തിക ദീപപ്രഭ. എന്റെ നെഞ്ചിടിപ്പുകൂടി. ഓപ്റേഷൻ തിയേറ്ററിൽനിന്നും രണ്ടുപേർ വാതിൽക്കൽ വന്ന് എന്നെ ഏറ്റുവാങ്ങി. സ്ട്രെക്ചറിൽ കിടത്തി. മുറിയുടെ മധ്യത്തിലുണ്ടായിരുന്ന മേശമേൽ കൊണ്ടുപോയികിടത്തി. ഡോക്ടർമാർ അടുത്തുവന്നു. "ബാലകൃഷ്ണൻ?" ഡോക്ടർ ഹരിപ്രസാദിന്റെ സ്വരം ഞാൻ തിരിച്ചറിഞ്ഞു. ഡോക്ടർമാരും പ്രത്യേകതരം യൂണിഫോമിലായിരുന്നു.

"പേടിക്കേണ്ട. ഒരു ചെറിയ ഇൻഞ്ചക്ഷൻ എടുക്കുന്നുണ്ട്. ഒരു ചെറിയ മയക്കം വരും. പേടിക്കാനൊന്നുമില്ല. എല്ലാം നമുക്ക് ശരിയാക്കാം."

"സാർ" എന്റെ വായിലെ വെള്ളം വറ്റിയിരുന്നു. അവർ എന്റെ ഇടതുകൈത്തണ്ട മുറിച്ചാണ് ഉപകരണം കയറ്റിവിട്ടത്. പിന്നീട് എല്ലാം ഒരു മയക്കത്തിൽ കേൾക്കാം.

"തല ചെരിക്കരുത്. അനങ്ങാതെ കിടക്കണം." ഒരു നേഴ്സ് സൗമ്യമായി എന്റെ ചെവിയിൽ പറഞ്ഞു. അവർ എന്റെ തലയിൽ പിടിച്ചിട്ടുണ്ടായിരുന്നു. എന്റെ ഭയപ്പെട്ട മുഖം കണ്ടിട്ടാവണം അവർ എന്നോടു പറഞ്ഞു, "എന്തിനാ അച്ഛൻ പേടിക്കുന്നേ? ഇത് അത്ര സാരമുള്ളതൊന്നുമല്ല. അച്ഛന് എന്തെങ്കിലും വിഷമം കൂടുതലുണ്ടെങ്കിൽ പറയണം." മറുപടി പറയാൻ വാക്കുകളൊന്നും എന്റെ തൊണ്ടയിൽനിന്ന് പുറത്തേക്ക് വന്നില്ല. ഞാനേതോ മായാലോകത്തിലായിരുന്നു.

ഓപ്റേഷൻ കഴിഞ്ഞ് ഐ.സി. യു.വിലേക്ക് കൊണ്ടുപോയി. കൊണ്ടുപോകും വഴിയിൽ കരഞ്ഞു കലങ്ങിയ കണ്ണുമായി കമലത്തിനെ

ഒരു നോക്കുകണ്ടു. അനങ്ങാതെ പകൽ മുഴുവൻ കിടന്ന കിടപ്പിൽ മലർന്നുകിടന്നു. പിറ്റേ ദിവസമാണ് റൂമിലേക്ക് കൊണ്ടുവന്നത്. രണ്ടുദിവസം കഴിയുമ്പോൾ പോകാമെന്ന് പറഞ്ഞു. അങ്ങിനെ നാലാം നാൾ എത്തി. ഡോക്ടർ റൂമിൽ വന്നു. “ബാലകൃഷ്ണൻ മാസ്റ്റർക്ക് ഇന്ന് പോകാം. ഇപ്പോൾ ഒരു കുഴപ്പവുമില്ല. ഒരുമാസത്തെ റെസ്റ്റ് എടുക്കണം. പിന്നെ ഉഷാറായിട്ട് മാസ്റ്റർക്ക് എന്തുവേണമെങ്കിലും ചെയ്യാം. ഞാൻ മരുന്നിന് എഴുതുന്നുണ്ട്. കൃത്യമായി കഴിക്കുക. ആഹാരകാര്യങ്ങളെക്കുറിച്ച് സംസാരിക്കാൻ ഒരാൾ കുറച്ചുകഴിഞ്ഞ് വരും. അതുപ്രകാരം ചെയ്യുക. ശരി കാണാം.” ഡോക്ടർ പോയി. കുറച്ചുകഴിഞ്ഞ് ഡിസ്ചാർജ്ജ് കാർഡും ബില്ലുമായി ഒരു നേഴ്സ് വന്ന് ഭാര്യയെ ഏൽപ്പിച്ചിട്ടുപോയി. ആ ബില്ലുമായി പണമടയ്ക്കാൻ പോയതാണ് കമലം. ഓർമ്മകളിലൂടെ കടന്നുപോയി അവസാനം ഒന്നുമയങ്ങി.

“ഇതെന്താ ഒറങ്ങിപ്പോയോ?” ഭാര്യ തട്ടി വിളിച്ചു.

“പോയിട്ടെന്തായി ?”

“പണമടച്ചില്ല.”

“എന്തേ ?”

“നമ്മുടെ പണം ആരോ അടച്ചു എന്നാണ് കാഷ്യർ പറയുന്നത്.”

“അയാൾക്ക് തെറ്റിയതായിരിക്കും. നമ്മുടെ പണം നീയല്ലാതെ മറ്റാര് അടയ്ക്കാൻ?‘

“ഞാൻ വീണ്ടും അയാളോട് ചോദിച്ചു. അപ്പോഴും അയാൾ പറയുന്നു നിങ്ങളുടെ പണം ഇവിടെ കിട്ടിയതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന്. ഞാൻ ഇങ്ങുപോന്നു.”

“ഈശ്വരാ ഇതെന്തുമറിമായം ? ഒരുലക്ഷത്തിമുപ്പതിനായിരം രൂപ ആരോ അടച്ചിരിക്കുന്നുപോലും.”

എനിക്കത് വിശ്വസിക്കാൻ കഴിഞ്ഞില്ല. ബില്ലുമായി ഒരിക്കൽ കൂടി ഞാൻ കമലത്തിനെ പറഞ്ഞയച്ചു. അതേ മറുപടിയുമായി അവൾ തിരിച്ചുവന്നു.

“അതാരായിരിക്കും നമ്മുടെ പണമടച്ചത്. ഇത്ര പണമടയ്ക്കാൻ മാത്രം സൗമനസ്സ്യമുള്ള കുടുംബക്കാരാരും ആശുപത്രിയിൽ വന്നിട്ടുമില്ല. പിന്നെ ആര്?” ഞങ്ങൾ രണ്ടുപേർക്കും ഒരെത്തും പിടിയും കിട്ടുന്നില്ല.

“നമുക്ക് ഡോക്ടറോടൊന്ന് ചോദിച്ചുനോക്കാം.” എനിക്കൊരയിഡിയാ തോന്നി. ഞങ്ങൾ ഡോക്ടറെ കാണാൻ പോയി. “സാർ ഞങ്ങളുടെ ബില്ല് അടയ്ക്കാൻ ചെന്നപ്പോൾ പറഞ്ഞു ബില്ല് ആരോ അടച്ചു എന്ന്. ഞങ്ങൾ പണമടച്ചിട്ടില്ല സാർ.”

“അപ്പോൾ ബാലകൃഷ്ണൻ മാസ്റ്റർക്ക് വേണ്ടപ്പെട്ട ആരോ അടച്ചിട്ടുണ്ടാകും.” ഡോക്ടർ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.

“സാർ അതാരെന്ന് സാറൊന്ന് ഓഫീസുമായി ബന്ധപ്പെട്ടു പറഞ്ഞുതരണം. ആ മഹാമനസ്ക്കന്റെ വലിയ മനസ്സിന് ഒരു നന്ദിവാക്കു പറയാനാണ്.”

“അദ്ദേഹം നന്ദിയൊന്നും ആഗ്രഹിക്കുന്നില്ലെങ്കിലോ ?” ഡോക്ടർ ചിരിച്ചുകൊണ്ടുതന്നെ പറഞ്ഞു.

“എന്തായാലും ഞങ്ങൾക്കാ നല്ല മനുഷ്യനാരാണെന്നറിയണം.”

“മുപ്പത്താറുവർഷങ്ങൾക്കു മുമ്പ് ബാലകൃഷ്ണൻ മാസ്റ്ററുടെ ക്ലാസ്സിൽ ഒരു കുട്ടി പഠിച്ചിരുന്നു. അച്ഛൻ മരിച്ചുപോയ പാവപ്പെട്ട വീട്ടിലെ ഒരു കുട്ടി. അമ്മ കൂലിപ്പണി എടുത്താണാ കുട്ടിയെ വളർത്തിയത്. ആ കുട്ടിയുടെ സാമ്പത്തിക പരാധീനത മനസ്സിലാക്കിയ മാസ്റ്റർ പല സഹായങ്ങളും ചെയ്തുകൊടുത്തു. വസ്ത്രങ്ങളും പാഠപുസ്തകങ്ങളും നൽകി. അച്ഛനെപ്പോലെ ആ കുട്ടിയും മാസ്റ്ററെ ബഹുമാനിച്ചു, സ്നേഹിച്ചു. അവൻ പഠിച്ചു സ്കോളർഷിപ്പോടെ പഠനം തുടർന്നു. പത്താം ക്ലാസ്സ് കഴിഞ്ഞതിന് ശേഷം അവൻ മാസ്റ്ററെ കണ്ടില്ല. മാസ്റ്റർക്കോർമ്മയുണ്ടോ എന്നറിയില്ല ആ കുട്ടിയെ.”

“ഹരിപ്രസാദ്‘

“അതേ സാർ. ആ ഹരിപ്രസാദാണ് സാറിന്റെ പണമടച്ചത്.”

ഞാനറിയാതെ എഴുന്നേറ്റു. അടുത്ത നിമിഷം ഗുരുവും ശിഷ്യനും ആലിംഗനബദ്ധരായി. ●

# ബന്ദ്

ശ്യാമള
8301045039

ഒരു പ്രധാന സംഭവം ജനങ്ങളുടെ നിത്യജീവിതത്തെ കാർന്ന് തിന്നുകയാണ്. പൊതു മുതൽ നശിപ്പിക്കൽ, വികസന പ്രവർത്തനങ്ങൾ, വ്യവസായങ്ങൾ, കുട്ടികളുടെ പരീക്ഷ നിർത്തിവയ്ക്കൽ തുടങ്ങി, ശരിയായ ചികിത്സ ലഭിക്കാതെ എത്ര ജീവനുകളാണ് ഈ സമയത്ത് പൊഴിഞ്ഞുപോകുന്നത് ?

ഒന്നോ രണ്ടോ ദിവസം ബന്ദിന്റെ പേരിൽ ഭീകരാവസ്ഥ സൃഷ്ടിച്ചിട്ട് വീണ്ടും പഴയരീതിയിലാവുക ഇതുകൊണ്ടെന്താണ് നേടുന്നത്? കുറേ നാളുകൾക്കുമുൻപ് വരെ ഏതെങ്കിലും പ്രധാനപ്പെട്ട കാര്യങ്ങൾക്ക് പൊതുജനങ്ങളുടെ താല്പര്യത്തോടെ ബന്ദ് നടത്തിയിരുന്നു. അത് സ്വാഗതാർഹമായിരുന്നു. എന്നാൽ ഇന്ന് കടലാസിൽ മാത്രം ഒതുങ്ങുന്ന സംഘടനകൾ വരെ ഏറ്റവും പ്രകോപിതരായി രംഗത്തിറങ്ങുന്നു.

ഭരണാധികാരികൾ മൗനാനുവാദം കൊടുക്കുന്നു എന്നാണ് ഇതിൽനിന്നു മനസ്സിലാക്കേണ്ടത്. ഇത് അനുവദനീയമല്ല. സമൂഹം ഉണർന്ന് പ്രവർത്തിക്കേണ്ട സമയം വൈകിയിരിക്കുന്നു. ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക. ●

പുസ്തകങ്ങൾ


**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്ത്വ പബ്ലിക്കേഷൻ**
പാലക്കാട് -1

മൊബൈൽ : 9446443321, 9387118131

തവണകളായും പണമടയ്ക്കാം.



# മുണ്ട്

സൈനുദീൻ മുണ്ടക്കയം
9947253006

ആദിയിലഗ്നി തണുത്തോരു ഗോളമാം
ഭൂമിയിൽ നഗ്നർ പിറന്നു;
നഗ്നരാണെന്നവർക്കുണ്ടായി ബോധവും
നാണത്താലോടിയൊളിച്ചു.

ഇലയും, മരവുരി, തോലുമതായി-
ട്ടൊട്ടു പരീക്ഷിച്ചു നോക്കി;
കൗപീനമെന്നൊരു വസ്ത്രം പരീക്ഷിച്ചി-
ട്ടുണ്ടായി പിന്നെയും നാണം... അങ്ങനെ

നാണം മറയ്ക്കുവാനുള്ളോരുപായമായ്
മുണ്ടൊന്നു കണ്ടുപിടിച്ചു;
മുണ്ടിൻ മഹത്വമറിഞ്ഞവരൊക്കെയും
മുണ്ടൊന്നു വാങ്ങിയുടുത്തു.

മുണ്ടുടുക്കാനവകാശമില്ലാത്തവർ
കീഴാളരുണ്ടായിരുന്നു.
മുണ്ടുകൊടുത്തൊരു പെണ്ണിനെ നേടുന്ന
കാലവുമുണ്ടായിരുന്നു.

മുണ്ടുമായ്മണ്ടി നടന്നവർ മേലാളർ
മങ്കതൻ മാനം കവർന്നു;
മിണ്ടാനവകാശമില്ലാതെയെന്നവർ
പീഡനമേറെ സഹിച്ചു.
മുണ്ടിൻ തലപ്പിലായഷ്ടിക്കരി വാങ്ങി-
കൊണ്ടു നടന്നോരുമുണ്ട്;
മുണ്ടഴിച്ചേറെ തണുപ്പതു മാറ്റുവാൻ,
മൂടിപ്പുതച്ചോരുമുണ്ട്.
മുണ്ടു പലതരമുണ്ടായി, വെള്ളയും,
കള്ളിയും, പുള്ളിയുമായി;
ജാതിയ്ക്കുമുണ്ട് നിറങ്ങൾ പലതരം,
രാഷ്ട്രീയക്കാരനുമുണ്ട്.

വലത്തോട്ടുടുക്കുന്നുമുണ്ട്, ചിലർ
ഇടത്തോട്ടുടുക്കുന്നുമുണ്ട്;
തറ്റുടുക്കുന്നോരു മുണ്ട്, പിന്നെ,
തെറ്റിയുടുത്തോരുമുണ്ട്;

മുണ്ടു തലയിലിട്ടാപത്തു കാലത്ത്-
മുങ്ങി നടപ്പോരുമുണ്ട്;
മുണ്ടുടുക്കുന്നവർക്കൊന്നിനു ശങ്കിച്ചാൽ,
മുണ്ടു മറയാക്കി നിൽക്കാം.

മുണ്ടിൻ മഹത്വം വിളിച്ചറിയിപ്പവർ
മന്ത്രിമാരാണതും സത്യം;

മുണ്ടു മുറുക്കിയുടുക്കാൻ ജനത്തിനെ-
യാഹ്വാനം ചെയ്തോനുമുണ്ട്.

മുണ്ടിൻ തലപ്പുപിടിച്ചുനടക്കുന്ന
മുഖ്യനുമുണ്ട് പറയാൻ;
വാരമൊരു ദിനം മുണ്ടുടുത്തീടുവാൻ
കൽപ്പനയാക്കീട്ടുമുണ്ട്.

മിണ്ടരുതെന്നു വിലക്കുള്ള വിപ്പിന്നു
മിണ്ടുവാനേറെയുമുണ്ട്.
മുണ്ടുപറിച്ചപമാനിതനായൊരു
നേതാവിനുമുണ്ടുചൊല്ലാൻ.

മുണ്ടുയർത്തിക്കാട്ടിയേറെയപവാദ-
മുണ്ടാക്കിപ്പോയോരുമുണ്ട്;
മുണ്ടായമുണ്ടൊക്കെ പൊക്കിയുടുത്തവർ
ജാഥ നയിക്കുന്നുമുണ്ട്.


അന്നോടു മുണ്ടില്ലയെന്നു പറയുന്ന-
മന്ത്രിമാരഞ്ചാറുമുണ്ട്;
കുണ്ടായ പാതയിൽ മണ്ടുന്ന വണ്ടികൾ-
തട്ടി മരിച്ചോരുമുണ്ട്.

മണ്ടന്മാരേറെ സഭകളിൽ പൂകീട്ട്-
മിണ്ടാതിരിയ്ക്കുന്നുമുണ്ട്.
മിണ്ടിയാൽ മണ്ടയിൽ ചൊട്ടു ലഭിക്കയാൽ-
മിണ്ടാതിരിപ്പോരുമുണ്ട്.

തള്ളിക്കളഞ്ഞോരു ഗുണ്ടയ്ക്കു നൊന്തപ്പോൾ-
ഉള്ളു പിടഞ്ഞോരുമുണ്ട്,
ഞെട്ടിക്കരഞ്ഞോരുമുണ്ട്, പിന്നെ
പൊട്ടിക്കരഞ്ഞോരുമുണ്ട്.

ഒട്ടിച്ചുടുക്കുന്ന മുണ്ട്, പിന്നെ
പോക്കറ്റുവച്ചോരുമുണ്ട്.
മുണ്ടുടുക്കാത്തോരുമുണ്ട്, ഏറെ
കാൽശരായിക്കാരുമുണ്ട്.

കാൽശരായിക്കിപ്പോൾ മുണ്ടു വഴിമാറി
മുണ്ടനും മുണ്ടുകൾ വേണ്ട;
അന്ത്യശ്വാസം വെടിഞ്ഞങ്ങു കിടക്കുമ്പോൾ,
മു...ണ്ടൊ...ന്നു...വേണം പുതയ്ക്കാൻ.





# എന്റെ അഭിനയ സ്മരണകൾ

ഭാഗം 17

മുക്കം ഭാസി
9846138693

# തോൽക്കാൻ മനസ്സില്ലാത്തവന്റെ കൂടെ കുറേ കളിയരങ്ങുകൾ

1965-66 കാലഘട്ടം. എന്തിനേയും ഏതിനേയും തന്റെ കാൽക്കീഴിലാക്കണമെന്ന മോഹവുമായി നടക്കുന്ന ഒരു സാഹസികൻ. ലീഡർഷിപ്പിൽ കവിഞ്ഞ് മറ്റൊന്നും തനിയ്ക്കാവശ്യമില്ലെന്ന് പ്രവൃത്തികൊണ്ട് ധ്വനിപ്പിയ്ക്കുന്ന ഒരു 'ധിക്കാരി' മൊയ്തീൻ. അതെ ബി. പി. മൊയ്തീൻ, എന്റെ ചങ്ങാതി.

കാഞ്ചന - മൊയ്തീൻ പ്രണയം സമൂഹത്തിൽ ഒരു തീക്കാറ്റായി, പടർന്നുപിടിച്ച സമയം. 'ജയിക്കാനായ് ജനിച്ചവന്ന്' വെറുതെയിരിയ്ക്കാൻ കഴിയില്ലല്ലോ. എന്തുകൊണ്ട് ഒരു കലാസമിതിയ്ക്ക് രൂപം കൊടുത്തുകൂടാ ? കുട്ടികൾക്ക് വേണ്ടി രൂപീകരിച്ച അനിതാ ചിൽഡ്രൻസ് ക്ലബ്ബിന്ന് പുറമെ മറ്റൊരു ക്ലബ്ബ് കൂടി നിലവിൽ വന്നു - കേരള കലാ മന്ദിർ !

''ഭാസി, എങ്ങനെയുണ്ട് പേര്?'' ചോദ്യം എന്നോടാണ്.

''കൊള്ളാം...'' എന്റെ ഉത്തരം.

''കൊള്ളാം എന്നുപറഞ്ഞാൽ പോര. Kerala Kala Mandir - K.K.M. എന്താണീ K.K.M ?''

ഈ അക്ഷരങ്ങളെ എന്റെ ചിന്തയിലിട്ട് ഞാനൊന്നുരുട്ടിനോക്കി. അപ്പോഴാണ് മൊയ്തീന്റെ കുസൃതി എനിയ്ക്ക് പിടികിട്ടിയത്. K.K.M കൊറ്റങ്ങൽ കാഞ്ചന മാല ! മൊയ്തീൻ കണ്ണിറുക്കി ചിരിച്ചു. കലാസമിതിയുടെ അമരക്കാരായി മൊയ്തീൻ കൂടാതെ മറ്റു രണ്ടുപേരും, മുക്കത്തെ സിയാലിയും, കുഞ്ഞിരാമൻ മാസ്റ്ററും.

കലാസമിതിയുടെ പ്രഥമ നാടകമായി 'ഡോക്ടർ' തെരഞ്ഞെടുക്കപ്പെട്ടു. കാളിദാസ കലാകേന്ദ്രം ഈ നാടകവുമായി കേരളത്തിലുടനീളം ജൈത്രയാത്ര നടത്തിക്കൊണ്ടിരിയ്ക്കുന്ന സമയമായിരുന്നു അത്.

പ്രസിദ്ധ നടൻ ഒ. മാധവനും കവിയൂർ പൊന്നമ്മയും മറ്റും അതിലൂടെ അരങ്ങ് തകർക്കുന്ന കാലം ! ''എന്തുകൊണ്ട് നമുക്ക് ഇത് വിജയിപ്പിച്ചുകൂടാ ?'' വെല്ലുവിളിയുടെ സ്വരത്തിൽ മൊയ്തീന്റെ ചോദ്യം. ഏതായാലും ഞങ്ങൾ 'ഡോക്ടർ' റിഹേഴ്സൽ തുടങ്ങി. ഞാൻ ശിവപുരത്തു നിന്ന് ഇടയ്ക്കിടെ ലീവെടുത്തും ശനി, ഞായർ ദിവസങ്ങളിലുമായി റിഹേഴ്സൽ പൂർത്തിയാക്കി.

'മുക്കം അങ്ങാടിയ്ക്കടുത്തുള്ള വേങ്ങേരി പറമ്പിൽ സ്റ്റേജും കർട്ടനും ഒരുങ്ങി. മൊയ്തീന്റെ അക്ഷരക്കസർത്തുള്ള അടിപൊളി നോട്ടീസ് അതിനുമുൻപ് തന്നെ ജനങ്ങളിലെത്തിയിരുന്നു. നാടകം കാണാൻ ജനങ്ങൾ കൂട്ടം കൂട്ടമായെത്തി. ''എന്റെ പുഴയുടെ പാട്ട്'' എന്ന കവിതാസമാഹാരത്തിന്റെ അവതാരികയിൽ പ്രസിദ്ധ എഴുത്തുകാരനും വാഗ്മിയുമായ എം. എൻ. കാരശ്ശേരി ഇങ്ങനെ പറയുന്നു :

''ഞാൻ അന്ന് ആറിലോ, ഏഴിലോ പഠിയ്ക്കുന്നു... ഈ അവസരത്തിലാണ് ഇക്കാക്ക ആ കാര്യം പറയുന്നത്. ഇന്ന് മുക്കത്ത് നാടകമുണ്ട്. നമുക്ക് പോണം... സ്റ്റേജിനുമുന്നിൽ കടും നീല നിറത്തിൽ തൂങ്ങിക്കിടന്ന് മിന്നുന്ന സിൽക്ക് കർട്ടൻ - എന്തൊരു ഭംഗിയാണ് ! തെങ്ങിന്മേൽ കുത്തനെ കെട്ടിനിർത്തിയ 'ഉണ്ണിക്കാമ്പുകൾ' അവിടവിടെ നിന്ന് വെളിച്ചം പരത്തുന്നു. 'തെങ്ങുമ്മം കെട്ടി'യിൽ നിന്ന് മലയാളത്തിലും തമിഴിലും ഉള്ള സിനിമാപ്പാട്ടുകൾ. വലിയ ആൾക്കൂട്ടം... ഇടയ്ക്ക് ഒരു പോലീസുകാരനെ കണ്ടതോടെ ഞാൻ ഒന്നുപേടിച്ചുവെങ്കിലും വെളിച്ചത്തിൽ കുളിച്ച് നിൽക്കുന്ന ആ അന്തരീക്ഷം എന്നെ ഹരം പിടിപ്പിച്ചു. ഒരണക്ക് കടല വാങ്ങി ഇക്കാക്ക ആ ഇരിപ്പ് ആഘോഷിച്ചു... നാടകം തുടങ്ങി. സമ്പന്നനും ക്രൂരഹൃദയനുമായ വലിയ ഡോക്ടർ. അയാളുടെ മകനും രോഗിയുമായ യുവാവ് ഒരു പാവപ്പെട്ട പെൺകുട്ടിയെ പ്രേമിക്കുന്നു. അച്ഛൻ പ്രേമത്തിന്നെതിര്. പണക്കൊതി മൂത്ത് വലിയ ഡോക്ടർ പൈസയുണ്ടാക്കാൻ വേണ്ടി ചെയ്തുകൂട്ടുന്ന ദുഷ്ടതകളെ ചെറിയ ഡോക്ടർ എതിർക്കുന്നു. എനിക്ക് വലിയ ഉത്സാഹം. നാടകം തീർന്നപ്പോൾ അറിയിപ്പുവന്നു. വലിയ ഡോക്ടറായി അഭിനയിച്ചത് മുക്കം ഭാസി. ചെറിയ ഡോക്ടർ ബി. പി. മൊയ്തീൻ. രോഗിയായ മകൻ ജ്യോതി ദാസ്... നേരം ശരിക്ക് വെളുത്തു തുടങ്ങുംമുമ്പ് ഇരുവഞ്ഞിപ്പുഴ ഇറങ്ങിക്കടന്ന് കാരശ്ശേരിയിലേക്ക് മടങ്ങുമ്പോഴും എന്റെ കുഞ്ഞിക്കണ്ണുകൾക്ക് മുമ്പിൽ ആ രംഗങ്ങളൊക്കെ പിന്നേയും പിന്നേയും വന്നു. ആ വലിയ ഡോക്ടറോടും അയാളായി അഭിനയിച്ച മുക്കം ഭാസിയോടും വലിയ ഈറ തോന്നി.''

മൊയ്തീൻ അഭിനയിച്ച ആദ്യത്തെ നാടകമാണ് ഇതെന്ന് തോന്നുന്നു. കേരള കലാ മന്ദിറിന്റെ ബാനറിൽ പിന്നീട് എത്രയെത്ര നാടകങ്ങൾ ! വിഷജന്തുക്കൾ, മുഖച്ഛായകൾ, ചങ്ങല, വെളിച്ചം വിളക്കന്വേഷിയ്ക്കുന്നു, ഒട്ടുമാവ്...! അക്കാലമെല്ലാം ഒരു നാടകപൂരത്തിന്റെ കാലം തന്നെയായിരുന്നു.

കോഴിക്കോട് ടൗൺഹാളിൽ അരങ്ങേറിയ 'വിഷജന്തുക്കൾ' വളരെയധികം പ്രശംസ പിടിച്ചുപറ്റി. ഇതിലെ അഭിനയത്തിന് മുക്കത്തെ ദാസൻ ഏറെ ശ്ലാഘിയ്ക്കപ്പെട്ടു. കൊടുങ്ങല്ലൂർ രാമവർമ്മ രചിച്ച ഈ നാടകത്തിന്റെ ആശയം മോഷ്ടിച്ചാണ് കെ. പി. എ.

സി. അവതരിപ്പിച്ച തോപ്പിൽ ഭാസിയുടെ 'ശരശയ്യ' എന്ന് പത്രത്താളുകളിൽ പരസ്യപ്പെടുത്തി മൊയ്തീൻ വിവാദ ങ്ങൾക്ക് തിരി കൊളുത്തി. അങ്ങനെയാണ് മൊയ്തീൻ. എന്തിനും ഏതിനും വിവാദങ്ങളുയർത്തുക അവന്റെ ഹോ ബിയായിരുന്നു !

മുഖച്ഛായകൾ, ചങ്ങല, വിഷജന്തുക്കൾ ഈ മൂ ന്നു നാടകങ്ങളും ഒരേ വേദിയിൽ ഒരേ ദിവസം മുക്കത്ത് ടിക്കറ്റു വെച്ചുകളിച്ചു. നോട്ടീസിൽ, മുഖച്ഛായകൾ എന്നതി ന്റെ വിവരണം വായിച്ചാൽ തോന്നുക നാടകത്തിന്റെ ഉള്ള ടക്കം മൊയ്തീനും കാഞ്ചനയും തമ്മിലുള്ള പ്രണയമാണെ ന്നാണ്. ഇതൊക്കെ മൊയ്തീന്റെ കുസൃതിയാണ്.

കാഞ്ചനയുടെ രക്തബന്ധമുള്ള ഒരു ബന്ധുവും രണ്ടു കൂട്ടുകാരും ടിക്കറ്റെടുത്തു കൊട്ടകയിൽ കേറി. ബ ന്ധുവിന്റെ കൈയിൽ തോക്ക് - നോട്ടീസിൽ പറഞ്ഞ വിധ മാണ് നാടകമെങ്കിൽ നായകനെ അയാൾ കാച്ചും - നായ കൻ ഞാനായിരുന്നു. ഒരു ക്രിസ്ത്യൻ യുവാവ് മുസ്ലീം യു വതിയെ പ്രണയിയ്ക്കുന്നതും തുടർന്നുള്ള സംഘട്ടനാത്മ കരംഗങ്ങളുമായിരുന്നു നാടകത്തിലെ പ്രമേയം. അതുകൊ ണ്ട് വെടിയുണ്ട എന്റെ നെഞ്ചിൽ ഏറ്റില്ല.

ഇങ്ങനെയുള്ള 'പകിടകളി' മൊയ്തീനെന്നും ഹര മായിരുന്നു. തോക്കുമായി വന്നയാൾ ഒട്ടും മോശമുള്ള ആളായിരുന്നില്ല. പറഞ്ഞാൽ പറഞ്ഞത് പോലെ നടത്തുന്ന ആൾ. 'ഒട്ടുമാവ്' മുസ്ലീം യാഥാസ്ഥിതികർ കൂടുതലുള്ള കൊടിയത്തൂരാണ് ഞങ്ങൾ അവതരിപ്പിച്ചത്. അവിടെ നാട കം അവതരിപ്പിയ്ക്കാൻ സമ്മതിയ്ക്കില്ല എന്ന് ആക്കൂട്ടർ. അവതരിപ്പിയ്ക്കാതെ ഞാനടങ്ങില്ല എന്ന് മൊയ്തീനും. മൊ യ്തീന്റെ അമ്മാവനും കമ്മ്യൂണിസ്റ്റുകാരനും 'പോക്കിരി' യുമായ എ. എം. ഉസ്സൻ കുട്ടിയും കൊട്ടകയ്ക്ക് പുറത്ത് കാവലിരുന്നിട്ടാണ് 'ഒട്ടുമാവ്' കളിച്ചത്. "ഉളുപ്പുള്ളവരുണ്ടെ ങ്കിൽ വരിനെടാ" എന്ന വെല്ലുവിളിയുയർത്തിയായിരുന്നു ഇവരുടെ കാവൽ !

കോഴിക്കോട്ടെ പ്രശസ്ത നടികളായിരുന്ന പത്മാ വതി, സാവിത്രി ശ്രീധരൻ, ഇ. കെ. സരോജിനി, ശാരദ, സെ ലീന തുടങ്ങിയ നടികൾ ഇക്കാലത്ത് വിവിധ നാടകങ്ങളില ഭിനയിക്കാൻ മുക്കത്ത് ക്യാമ്പ് ചെയ്തിരുന്നു.

വൈകുന്നേരം ഇവരുടെയെല്ലാം അകമ്പടിയോ ടെ മുക്കം അങ്ങാടിയിൽ ഒരു വിലസലുണ്ട് മൊയ്തീന്. എ ന്തിനെന്നോ 'കല' ഹറാമായ ചില യാഥാസ്ഥിതിക ഹാജ്യാ ർമാരും മൊല്ലാക്കമാരും കാണും അങ്ങാടിയിൽ. അവരെ പ്രകോപിപ്പിയ്ക്കാനാണ് ഈ നടത്തം. അവർ നെറ്റി ചുളിയ് ക്കും, പിറുപിറുക്കും. ഏറ്റുമുട്ടാൻ ഒട്ടും ധൈര്യവുമില്ല. കാരണം അത് മൊയ്തീനാണ്. പടശ്ശോനെ കൂസാത്തവൻ ! പിന്നെയല്ലേ ഹാജ്യാർ!!

ഇത്തരം കനൽച്ചീളുകൾ ചവിട്ടിയാണ് അക്കാല ത്ത് പല നാടകങ്ങളും മുക്കത്ത് അരങ്ങേറിയത്. മുക്കത്ത് മാത്രമല്ല, പലേടത്തും ഇത്തരം അനുഭവങ്ങൾ കലാകാരൻ മാർ നേരിട്ടിട്ടുണ്ടാവാം.

ഡോക്ടർ എന്ന നാടകത്തിൽ വേഷമിട്ടവരെ സ്മ രിയ്ക്കാതെ പോകുന്നത് നന്ദികേടായിരിയ്ക്കും. സർവ്വശ്രീ. ബി. പി. മൊയ്തീൻ, മുക്കം ഭാസി, ജേക്കബ്ബ്, മുക്കം ദാസൻ, നന്ദിനി, സോമവല്ലി, അംബുജം തുടങ്ങിയവർ. ഇതിൽ ഇന്ന് ജീവിയ്ക്കുന്നവർ രണ്ടുമൂന്നുപേർ. ബാക്കിയുള്ളവർ...? അവർക്കെന്റെ അശ്രുപൂജ.

(തുടരും)

# ഗാന്ധിയുടെ മരണം

**മുകുന്ദൻ കുറുവട്ടൂർ**
**9048160748**

ഞാനിപ്പോഴും വിശ്വസിക്കുന്നില്ല, ഗോഡ്സെയുടെ
മതത്തോക്കിൽ നിന്നും ചീറിപ്പാഞ്ഞ
വെടിയുണ്ടയായിരുന്നു, ഗാന്ധിജിയുടെ ജീവൻ
അകാലത്തിലപഹരിച്ചതെന്ന് !!

സ്വരാജ്യത്തെ വെട്ടിമുറിച്ചായാലും, സ്വാതന്ത്ര്യം
നേടിയേ അടങ്ങൂ എന്ന സ്വാർത്ഥതയുടെ
ആക്രോശങ്ങൾ, അതിനു മാസങ്ങൾക്കുമുമ്പുതന്നെ
സ്തംഭിപ്പിച്ചിരുന്നു, ആ നിർമ്മല ഹൃദയത്തെ !!

സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിൽ, പ്രതീക്ഷകളുടെ
പ്രകാശമല്ല, ഇവിടെ പതഞ്ഞൊഴുകാൻ പോകുന്ന
രുധിര പ്രവാഹത്തെക്കുറിച്ചുള്ള ആശങ്കകളായിരുന്നു,
ആ മനസ്സു നിറയെ... !

ഏകനും വ്യഥിതനുമായി, തന്റെ സഹോദരങ്ങളോട്
സ്നേഹമന്ത്രം ആവർത്തിച്ചുരുവിട്ടുകൊണ്ട്,
നടന്നുനീങ്ങിയ ആദിനങ്ങളിലെന്നെങ്കിലും
ആയിരിക്കണം, ജീവചൈതന്യം
ആ ദേഹം വിട്ടുപോയത്...

ഗോഡ്സെയുടെ വെടിയുണ്ട, കേവലം
ഒരുനിമിത്തം മാത്രമായിരുന്നിരിയ്ക്കണം !

മഹാത്മാവിന് തിരിച്ചറിവിന്റെ
ദിനങ്ങളായിരുന്നു, അവ...
തന്റെ ചൊല്ലും ചെയ്തിയും പുത്തൻ
അധികാരിവർഗ്ഗത്തിന്, എത്രമാത്രം
അനഭിമതമാണെന്നും മനുഷ്യൻ
അടിസ്ഥാനപരമായി മൃഗങ്ങളിൽ നിന്നും
ഏറെ ഒന്നും ഉയരത്തിലല്ലെന്നും,
ഭാരതത്തിന്റെ സ്വാതന്ത്ര്യപ്രാപ്തിയിലേക്കുള്ള
വെറുമൊരു ചവിട്ടുപടിമാത്രമായിരുന്നു
താനെന്നും, ഏറെ വേദനയോടെ സ്വയം തിരിച്ചറിഞ്ഞ
അഭിശപ്തനിമിഷത്തിലെപ്പോഴോ, ആയിരിക്കണം,
അദ്ദേഹത്തിന്റെ ജീവൻ നിലച്ചുപോയത്...

ഗോഡ്സെ നിർവ്വഹിച്ചത്,
നിസ്സാരമായ ഒരു ചരിത്രദൗത്യം മാത്രം !!



# ദേവഭൂമിയിലെ ദേവദാരുക്കൾ



ഈശ്വർകുമാർ തരവത്ത്
9946655277

ഭാഗം 1

**യാ**ത്രാവേളകളിൽ ശരീരം മാത്രമല്ല, മനസ്സും സഞ്ചരിക്കുന്നു! പ്രകൃതിയുമായി സംവദിച്ച്, പ്രാദേശിക വൈവിധ്യങ്ങൾ ഒപ്പിയെടുത്ത്, സമതലങ്ങളിലും മലനിരകളിലും നദീതടങ്ങളിലുമുള്ള സംസ്ക്കാരങ്ങളുടെ ഉൾപ്പൊരുളുകളറിഞ്ഞ്, ശരീരത്തോടൊപ്പം മനസ്സുമങ്ങനെ സഞ്ചരിച്ചുകൊണ്ടിരിക്കും!

പതിനേഴുവർഷത്തെ ഔദ്യോഗിക ജീവിതം, കുറേ മറുനാടുകളും അവിടുത്തെ ചരിത്ര-സംസ്ക്കാര ഗരിമകളും കാണാനും അനുഭവിയ്ക്കാനും അവസരം തന്നിരുന്നു. അവയിൽ പലതിനേയും, അവിസ്മരണീയ അനുഭവങ്ങളായി മനസ്സിൽ ഇന്നും സൂക്ഷിക്കുന്നുമുണ്ട്. എന്നാൽ എന്റെ നാടിന്റെ സമ്പന്നവും വൈവിധ്യവുമാർന്ന കാഴ്ചകളിലേക്കും സംസ്കൃതികളിലേക്കുമുള്ള കയറ്റിറക്കങ്ങളുടെ കുറവു, പലപ്പോഴും നൊമ്പരപ്പെടുത്തിയിരുന്നു.

സുഹൃത്ത് കരുണാകരട്ടേന്റെ മകന്റെ വിവാഹച്ചടങ്ങിനിടയിൽ തികച്ചും യാദൃശ്ചികമായി, പതിനൊന്നുപേരടങ്ങുന്ന ഞങ്ങളുടെ സംഘം, ഒരു യാത്രയ്ക്ക് തീരുമാനമെടുക്കുന്നു.

ചരിത്രമുറങ്ങുന്ന ഡൽഹിയും, തുടിക്കുന്ന പ്രകൃതിയും, മനുഷ്യരുമുള്ള പഞ്ചാബും, നിറങ്ങളിൽ നീന്തുന്ന ജെയ്പൂരും, ഹിമാലയഗിരിനിരകളുമായിരുന്നു, ഈ യാത്രയിലെ ലക്ഷ്യം - ഇവിടങ്ങളിലെ നഗരവീഥികളിലൂടേയും, ഗ്രാമാന്തരങ്ങളിലൂടേയും, ഗിരിനിരകളിലൂടേയും, താഴ്വാരങ്ങളിലൂടേയും, നദീതടങ്ങളിലൂടേയും സഞ്ചരിക്കുമ്പോൾ, ഭൂമിശാസ്ത്രവൈജാത്യങ്ങളും, ജീവിതവ്യത്യസ്തതകളും, വർഗ്ഗ-ജാതി വ്യത്യാസങ്ങളും, ഭാഷാവൈവിധ്യങ്ങളും, മാറുന്ന ഋതുഭേദങ്ങളും ഒരു മഹാസംസ്കൃതിയുടെ അനുസ്യൂത പ്രവാഹത്തിന്, ഒരുതരത്തിലും വിഘാതമല്ലെന്ന്, അടിവരയിട്ടു പറയാൻ കഴിയും!

ഇ. എം. വി. നമ്പൂതിരിപ്പാട് (അനിയേട്ടൻ), രാമചന്ദ്രൻ, പീതാംബരൻ, അബ്ദുൾ ലത്തീഫ്, വേലായുധൻ, രാമകൃഷ്ണൻ, കരുണാകരൻ, മുരളീധരൻ, നാരായണൻ, ബാബു പിന്നെ ഞാനുമടക്കം പതിനൊന്നുപേർ. ബാബുവിനെ ഒന്നുമാറ്റി നിർത്തിയാൽ, ഔദ്യോഗീകതകളിൽ നിന്നും വിരമിച്ച, 65 നും 78 നും ഇടയ്ക്ക് പ്രായമുള്ളവർ - ബാബുവിന് ചെറിയൊരു ബിസിനസ്സും അൽപസ്വൽപ്പം രാഷ്ട്രീയവും. എല്ലാവരും ശാരീരിക പ്രയാസങ്ങൾക്കിടയിലും മനസ്സിൽ ചെറുപ്പം സൂക്ഷിക്കുന്നവർ!

ഡൽഹിയിലെ പണിക്കേഴ്സ് ട്രാവൽസ് മുഖേനയാണ് യാത്രക്കുള്ള ഒരുക്കങ്ങളെല്ലാം ഏർപ്പാടുചെയ്തിരുന്നത്. 2016 ആഗസ്റ്റ് 23ന് രാത്രി പത്തുമണിയ്ക്ക്, പാലക്കാട് ടൗൺ സ്റ്റേഷനിൽ നിന്ന് അമൃത എക്സ്പ്രസ്സിൽ ഷൊർണ്ണൂർ എത്തി, അവിടെനിന്ന് അർദ്ധരാത്രിക്കുള്ള രാജധാനിയിൽ ഡൽഹിക്ക് പുറപ്പെടുന്നു.

രണ്ടുദിവസമായി എന്നെ പിടികൂടിയിരുന്ന കടുത്ത ജലദോഷവും ചുമയും മറ്റുള്ളവരെ വിഷമിപ്പിക്കേണ്ടെന്നോർത്ത്, പുറത്തു കാണിച്ചിരുന്നില്ല.

രാജധാനിയിലെ യാത്ര, മറ്റു തീവണ്ടിയാത്രകളിലെ സ്വാഭാവിക പരിമിതികളൊന്നുമനുഭവപ്പെടാത്തതുതന്നെയായിരുന്നു! ഭക്ഷണത്തിന്റേയും വൃത്തിയുടേയും പരിചരണത്തിന്റേയും കാര്യത്തിൽ പരമാവധി തൃപ്തി നൽകുന്നുണ്ട്. കേരളം, കർണ്ണാടകം, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത്, രാജസ്ഥാൻ എന്നിവിടങ്ങളിലെ കുറേ നഗര-ഗ്രാമാന്തരങ്ങളെ പിന്നിട്ട് ന്യൂഡൽഹിയിലെ പ്രധാന ടെർമിനലുകളിലൊന്നായ നിസ്സാമുദ്ദീനിൽ പിറ്റേന്ന് വൈകുന്നേരം അഞ്ചുമണിയോടെ എത്തി.

## ഇന്ദ്രപ്രസ്ഥം

ചിസ്തി പരമ്പരയിലെ സൂഫിവര്യനായിരുന്ന, ഹസ്രത്ത് നിസ്സാമുദ്ദീൻ ഔലിയയുടെ ഓർമ്മയ്ക്കാണ് സ്റ്റേഷന് ഈപേര് നൽകിയിരിക്കുന്നത്. മഴ പൊയ്തൊഴിഞ്ഞ ആകാശമായിരുന്നു ഡൽഹിയിൽ.

പണിക്കേഴ്സ് ട്രാവൽസിലെ ഗൈഡും ഡ്രൈവറുമായ ശ്രീ. അനിൽമേത്ത, ഞങ്ങളെ സഹർഷം സ്വാഗതം ചെയ്ത് സ്റ്റേഷനിൽ നിന്നിരുന്നു. പ്രത്യേക പരിപാടികളൊന്നും അന്നത്തെ ഷെഡ്യൂളിൽ ഇല്ലാത്തതിനാൽ, അയാൾ ഞങ്ങളെ താമസസ്ഥലമായ കരോൾ ബാഗിലെ 'സ്വസ്ടൺ പാലസ്' ഹോട്ടലിൽ കൊണ്ടുചെന്നാക്കി. കോണാട്ടുപ്ലേസുപോലെത്തന്നെ, ഡൽഹിയിലെ ഒരു വാണിജ്യപ്രാധാന്യമുള്ള സ്ഥലമാണ് കരോൾബാഗും. അടുത്തുതന്നെയുള്ള ശരവണഭവൻ, റാം കഫേ, ഉഡുപ്പി എന്നീ സൗത്തിന്ത്യൻ റസ്റ്റോറന്റുകളിൽ ഭക്ഷണം.

റോഡുകളിൽ അവിടവിടെയായി വെള്ളം കെട്ടിനിൽക്കുന്നു. അന്നു പകൽ മുഴുവൻ ഡൽഹിയിൽ കനത്ത മഴയായിരുന്നെന്നും, ചില ട്രെയിനുകളും ബസ് റൂട്ടുകളും റദ്ദുചെയ്തിട്ടുണ്ടെന്നും, പ്രധാനമായി ഡെങ്കിപ്പനിക്കെതിരെ എല്ലാവരും ജാഗ്രത പുലർത്തണമെന്നുകൂടി അനിൽ ഒരു മുന്നറിയിപ്പായി പറഞ്ഞു.

നമ്മുടെ കുറേ പ്രധാന നഗരങ്ങളിലൊക്കെപോകാനും, കുറച്ചു ദിവസങ്ങളോ മാസങ്ങളോ വർഷങ്ങളോ താമസിക്കാനുമൊക്കെ കഴിഞ്ഞിട്ടുണ്ടെങ്കിലും, ഡൽഹിയും, ഹിമാലയസാനുക്കളും മറ്റും എന്നിലൊരു കിനാവായിത്തന്നെ ബാക്കി നിന്നിരുന്നു!

* * * * *

പ്രൗഢിയാർന്ന ഈ മഹാനഗരിയെക്കുറിച്ച് തുടങ്ങുമ്പോൾ, ചരിത്രത്തിനുപുറത്ത്, പുരാണേതിഹാസങ്ങളിലേക്കുകൂടി അൽപ്പം കടക്കേണ്ടിവരും. പാണ്ഡവരുടെ 'ഇന്ദ്രപ്രസ്ഥ'ത്തിലാണ് ഇതിന്റെ തുടക്കമെന്നുപറയപ്പെടുന്നു. രാവണന്റെ ശ്വശുരനായ ദേവശിൽപി 'മയൻ' കാട്ടുതീയിലകപ്പെടുന്നു. രക്ഷിച്ച കൃഷ്ണനോടും അർജ്ജുനനോടും തന്നിൽനിന്ന് പ്രത്യുപകാരം സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. കൃഷ്ണന്റെ നിർദ്ദേശപ്രകാരം 'ഇന്ദ്രപ്രസ്ഥം' നിർമ്മിച്ചെന്ന് പുരാണം!


'ഇന്ദാർ പാന്ത്' എന്നൊരു ചെറുപട്ടണം കഴിഞ്ഞശതകം വരേയും ഡൽഹിയുടെ സമീപത്തുണ്ടായിരുന്നുവെന്നും, നഗരവികസനത്തോടെ, മറ്റു പ്രദേശങ്ങളോടൊപ്പം ഇന്ദാർ പാന്തും നഗരഭാഗമായെന്നും ഗവേഷകർ!

വ്യാസന്റെ ആദിപർവ്വവിവരണത്തിൽ പാണ്ഡവരുടെ ഇന്ദ്രപ്രസ്ഥ നിർമ്മാണത്തെക്കുറിച്ച് പറയുന്നുണ്ട്. മാവ്, പ്ലാവ്, നെല്ലി, വേപ്പ്, കടമ്പ്, അശോകം, ചെമ്പകം, പുന്ന, പന, ഞാവൽ, പാടലം, പാരിജാതം തുടങ്ങിയ പുഷ്പിക്കുന്നതും ഫലസമൃദ്ധിയുള്ളതുമായ, ഫലവൃക്ഷങ്ങളെ കൊണ്ട്, ഇന്ദ്രപ്രസ്ഥം നിറഞ്ഞിരുന്നുവത്രേ! ഇന്നും, ഈ മഹാനഗരം വൃക്ഷലതാദികൾകൊണ്ട് സമ്പന്നം തന്നെയെന്ന് പറയാതെ വയ്യ!

ക്രിസ്തുവിനുമുമ്പ് രജപുത്രന്മാർ, ഗുപ്തൻമാർ, ശക-കുശ-സുംഗ രാജാക്കന്മാർ, മൗര്യന്മാർ തുടങ്ങി പലരും ഡൽഹി ഭരിച്ചു. ക്രിസ്തുവിന്റെ മുന്നൂറു വർഷം മുമ്പായിരുന്നു മൗര്യ ഭരണം. പിന്നീടുള്ള ഡൽഹിയുടെ ചരിത്രം ആരംഭിക്കുന്നത് 1206 മുതൽ 1526 വരെയുള്ള കുത്തബ്ദ്ദീൻ ഐബക് 'ഡൽഹി സുൽത്താനേറ്റ്' സ്ഥാപിക്കുന്നതോടെയാണ് ! 16ാം ശതകത്തിൽ മുഗളന്മാർ കീഴടക്കുന്നതുവരെ, അടിമ, ഖിൽജി, തുഗ്ലക്ക്, സയീദ്, ലോധി എന്നീ രാജ്യവംശങ്ങൾ ഇവിടെ ഭരണം നടത്തി.

'ന്യൂ ഡൽഹി' നഗരനിർമ്മാണത്തിന്റെ സർവ്വെ ആരംഭിക്കുന്നത് 1912 മെയ് മാസത്തിൽ, ബ്രിട്ടീഷ് എഞ്ചിനീയറായ, ല്യൂട്ടൻസ് സായിപ്പിന്റെ നേതൃത്വത്തിലാണ്. 1913നും 1931നും ഇടയ്ക്ക് നഗരനിർമ്മിതി. അന്നത്തെ വൈസ്രോയി ഹർഡിങ് പ്രഭുവിന്റെ നിർബന്ധത്താൽ, പാശ്ചാത്യ ശില്പകല പാടേ ഉപേക്ഷിച്ച്, തികച്ചും ഹിന്ദു-മുഗൾ ശിൽപ്പകല അവലംബിച്ചു നിർമ്മാണം! പിറ്റേന്നുള്ള അതികാലത്തെ പഞ്ചാബ് യാത്രയുടെ ഒരുക്കങ്ങളോർത്ത്, ചരിത്രം തത്ക്കാലത്തേക്ക് മാറ്റിവെച്ച്, ഉഡുപ്പി ഹോട്ടലിലെ അത്താഴവും കഴിച്ച്, വേഗത്തിൽ ഉറങ്ങാനൊരുങ്ങി.

(തുടരും)



ഡോ. സി. രാമകൃഷ്ണൻ
9447358663

(Chondrodystrophy)

# കോൺട്രോഡിസ്ട്രോഫി

**വ**ളരെ അപൂർവ്വമായ, ജന്മനാൽ വൈകല്യം സംഭവിക്കുന്ന ഒരു അസുഖമാണ്. എല്ലുകളുടെ വളർച്ചയെ സാരമായി ബാധിക്കുന്നതു നിമിത്തം കൈകാലുകൾ വളരെ ചെറുതായി കാണപ്പെടുന്ന ഇവരെ കുള്ളൻമാർ (Dwarf) എന്ന് വിളിക്കാറുണ്ട്. ഇവരിൽ അധികം പേർക്കും ജനനത്തിനുമുമ്പോ, ജനനത്തിനുശേഷം കുറച്ചുനാൾക്കുള്ളിലോ മരണം സംഭവിക്കാവുന്നതാണ്. മരണത്തെ അതിജീവിക്കുന്നവർക്കാണ് മേൽ പറഞ്ഞ രോഗലക്ഷണങ്ങൾ കണ്ടുവരുന്നത്. ഇവരുടെ കാലുകളുടെ ചർമ്മം മിനുസമുള്ളതും അയഞ്ഞു തൂങ്ങുന്നതുമായിരിക്കും കാണപ്പെടുക. പ്രസവാനന്തരം തലയോട്ടികൾ (Fontanelles) തമ്മിൽ യോജിക്കുന്നതുവളരെ പതുക്കെയായിരിക്കും. ഇവരുടെ പല്ലുകളുടെ വളർച്ച വൈകുന്നതായിരിക്കും. നെറ്റിത്തടങ്ങൾ പ്രമുഖമായിരിക്കും (Prominent) കഴുത്ത് തടിച്ചവയായിരിക്കും. ഇവരുടെ മനോഭാവം ശരാശരിയിൽ നിന്ന് താഴ്ന്നതായിരിക്കും. നട്ടെല്ലുകൾക്കും അപാകത സംഭവിക്കുന്നതായിരിക്കും. ഈ അസുഖത്തിന് ശരിയായ കാരണം അറിയില്ലെങ്കിലും ജനിതക കാരണം (Autosomal) ആയിരിക്കും. ഈ അസുഖത്തിനെ ചികിത്സിച്ചുമാറ്റുവാൻ പ്രയാസമായിരിക്കും. ഗർഭാവസ്ഥയിൽ, സ്കാനിങ്ങ്, എക്സറേ എന്നിവ സൗകര്യമുള്ളതു കൊണ്ട് രോഗാവസ്ഥ തിരിച്ചറിഞ്ഞ് ചികിത്സിച്ചുനോക്കാവുന്നതാണ്. തരുണാസ്ഥികളെ (Cartilages)യാണ് അധികവും ബാധിക്കുന്നതുമൂലം ഹോമിയോപതിയിൽ ചില മരുന്നുകൾ ഉണ്ടെങ്കിലും പരീക്ഷിച്ചുനോക്കാമെന്ന് പറയുവാൻ സാധിക്കുകയുള്ളു. എല്ലുകൾക്കുള്ള ഹോർമോൺ ചികിത്സയും പരീക്ഷിക്കാം. ചികിത്സകളെല്ലാം രോഗാരംഭത്തിലായിരിക്കണം എന്നുമാത്രം. ●

# നുറുങ്ങുകൾ

**അർച്ചന മേനോൻ സച്ചിൻ**
8137084528

## സ്റ്റുഡിയോ

ഫോട്ടോ എടുക്കാൻ പോയ അയാളുടെ കൈയിൽ സ്റ്റുഡിയോയിലെ ക്യാമറമാൻ മൊബൈൽ ഫോൺ എടുത്തുകൊടുത്തു... സെൽഫി എടുത്തോളു.

## സ്വന്തം ചോര

സ്വന്തം ചോരയെ തള്ളി അവർ മറ്റൊരു ചോരയെ ദത്തെടുത്തു. ദത്തെടുത്ത ചോര അവരുടെ ചോര ഊറ്റി എടുക്കാൻ തുടങ്ങിയപ്പോൾ സ്വന്തം ചോരയെ അവർ തിരിച്ചറിഞ്ഞു.

## വിള്ളൽ

തന്റെ കാൽ വേദനിച്ചപ്പോൾ അവൾ നിന്നു, കാൽ പൊക്കി നോക്കി, നിറയെ വിണ്ടു കീറിയിരിക്കുന്നു. അവളുടെ മുഖം മ്ലാനമായി. അവൾ ദൂരേയ്ക്ക് നോക്കി, കണ്ടത് ഒരായിരം വിള്ളലുകൾ പേറുന്ന ഭൂമിയേയാണ്.

## മറ്റൊരുത്തി

അവർ പരസ്പരം സ്നേഹിച്ചു വിവാഹിതരായി കുറച്ചു കഴിഞ്ഞപ്പോൾ അവൾക്ക് അവനെ മടുത്തു. അവൾ അവനെ മറന്നു മറ്റൊരുത്തിയേ സ്നേഹിച്ചു; മറ്റൊരുത്തി അവളോട് മരിയ്ക്കാൻ ആവശ്യപ്പെട്ടു. അവൾ മരിയ്ക്കാതിരിക്കാൻ അവളുടെ ഭർത്താവ് അവൾക്ക് കൂട്ടിരുന്നു.

## അമ്പലങ്ങൾ

ദൈവം ഉണ്ടെന്ന് വിശ്വസിച്ച് ഒരുപാട് അമ്പലങ്ങളിൽ ചെന്നപ്പോഴാണ് അതെല്ലാം വെറും വേട്ടാളൻ കൂടുകളായിരുന്നു എന്നറിയുന്നത്.

●




**അന്നാ ജോസഫ് കോരുത്തോട്**
9048614387


# നവംബറിന്റെ ദുഃഖം

(ബൈക്കിൽ കാറിടിച്ച് മരണപ്പെട്ട എന്റെ സഹോദരന്റെ മകൻ 18 വയസ്സായിരുന്ന അഭിഷേകിനെ പറ്റിയാണ് ഈ വരികൾ കുറിച്ചിരിക്കുന്നത്.)

ഹാ എത്ര ക്ഷണികമീ ജീവിതം
പതിനെട്ടു സംവത്സരങ്ങൾ നീ....
ഞങ്ങളോടൊത്തുണ്ടായിരുന്നു
അഭിഷേകേ പൊന്നോമനേ,
നീ പോയ് മറഞ്ഞുവല്ലോ!
കുഞ്ഞേ നിൻ ബാല്യകൗമാരങ്ങളും
നിന്റെ പുഞ്ചിരിയിൽ മനം നിറഞ്ഞതും
ഓമന മുഖം നോക്കി നിർവൃതിയടഞ്ഞതും
ഓർക്കുമ്പോൾ ഉള്ളം തകരുന്നവേദന
കുഞ്ഞേ നീ പിണങ്ങിയപ്പോൾ, ഭക്ഷണം വെടിഞ്ഞ്
നടന്നപ്പോൾ അമ്മതൻ മനസ്സലിഞ്ഞുപോയ്
പുതിയ ബൈക്ക് വാങ്ങി നല്കി
എന്നാൽ അത് നിന്റെ അന്തകനായ്
മാറുമെന്ന് സ്വപ്നേവി നിനച്ചതില്ല.
പാഞ്ഞെത്തിയ ഫോർ വീലർ നിന്നെയിടിച്ചകലെ
തെറിപ്പിച്ചു തലയോട്ടിയിളകി ചോരചീറ്റിത്തെറിച്ച്
അസ്തപ്രജ്ഞനായി വഴിയിൽ കിടന്നല്ലോ പൊന്നേ
വെന്റിലേറ്ററിൽ, ഐ.സി.യു.വിൻ തണുപ്പിൽ കിടന്നാഴ്ചകൾ
നിശ്ചേതനായി നീ ഏക ജാതന്റെ കൺകൾ തുറക്കുന്നതും
കാത്ത് മമ്മിയും പപ്പയും പ്രാർത്ഥനാനിരതരായ്
ആശയോടെ കഴിച്ചു ദിനരാത്രങ്ങൾ.
പപ്പ കൈപിടിച്ച് തലോടിയപ്പോൾ ഞെട്ടിയതും
ഒടുവിലായൊന്ന് കൺ തുറന്നതും
മിണ്ടുവാനാകാതെ അധരങ്ങൾ കോടിയതും
ഓർക്കുമ്പോൾ നെഞ്ചകം പൊള്ളിപ്പുളയുന്നു
ഒഴുകുന്നു ചുടുകണ്ണീർ.
ഇന്നാ സെല്ലിന്റെ നിശബ്ദതയിൽ
വേദനയില്ലാതെ
മകനേ നീ ശാന്തനായുറങ്ങുമ്പോൾ
ഈ ക്രിസ്തുമസ് ദിനരാവുകളിൽ
അനന്തയാകാശത്തുദിച്ച് കാണുന്ന
കുഞ്ഞുനക്ഷത്രങ്ങളിലൊന്നായ്
കണ്ണുചിമ്മുന്നുവോ നീ
ഞങ്ങളീ ഭൂമിയിൽ നിന്ന് നോക്കുമ്പോൾ.



**അഭിഷേകിന് ആദരാഞ്ജലികൾ...**



**മംഗളൻ തൈക്കൽ**
9895503427

# അടുക്കള

ലക്ഷങ്ങൾ ചെലവിട്ട് വച്ചൊരു വീട്ടിലും
ലക്ഷണമൊത്തില്ലടുക്കളയ്ക്ക്
മുക്കല്ലുചേർന്നോരടുപ്പില്ലവിടൊരു
മുളനാഴി പോലുമില്ലരിയളക്കാൻ.
ഉരലും ഉലക്കയുമുരിയാടുവാനില്ല
അരകല്ലുകണ്ടില്ല അമ്മിയില്ല.
ആട്ടുകല്ലെന്നു പറഞ്ഞുകേട്ടല്ലാതെ
ആട്ടുവാനറിയില്ല ആളുമില്ല.
ഉറിയില്ല പരണില്ല ഭരണിയില്ല
ഉപ്പിലിട്ടമ്പഴക്കായയില്ല,
മൺകലം മെല്ലെ പടിയിറങ്ങീടവേ
അടപലകയെവിടെയോ പോയ്മറഞ്ഞു.
കടകോല് കാണാൻ കഴിഞ്ഞില്ലെവിടെയും
തൈര് കടഞ്ഞിട്ട് വെണ്ണയില്ല
വെണ്ണയിൽ നെയ്യില്ല വേർതിരിച്ചീടുവാൻ
കാലികൾക്കും ഫാസ്റ്റ് ഫുഡ്ഡാണത്രെ.
മിക്സിയും ഗ്രൈന്ററും മറ്റുള്ള യന്ത്രവും
ഓവനും കുക്കറും ഗ്യാസടുപ്പും
അദ്ധ്വാനം തീരെയില്ലാതാക്കി പക്ഷേ
ആഹാരം ആരോഗ്യഹാനിയാക്കി.



■ കവിത

# വിധി

**തുളസി കേരളശ്ശേരി**
9526144499

പതിനായിരങ്ങളുടെ ആരവങ്ങൾക്കിടയിലും
ഒഴിഞ്ഞ മനഃശംഖിന്റെ
വേപഥു...!
ഉരുകുന്ന കടൽത്തീരത്ത്
ഒറ്റയ്ക്ക് മണ്ണിൽ പുതഞ്ഞവളുടെ
വേവ്...
ഒന്നെടുത്തു മിനുക്കി മൃദുവായിച്ചുംബിച്ച്
പ്രാണൻ നിറച്ച്
ധ്വനിമുഴക്കുമവൻ
എന്ന പ്രതീക്ഷയുണ്ണുമ്പോഴാണത്രേ
ആരുടേയോ കാൽപ്പാദങ്ങളേറ്റ്
അത് ചതഞ്ഞരഞ്ഞത്...!
നിലച്ചുപോയത്,
വെറുമൊരു തേങ്ങലെന്ന വിധിയെഴുത്തിന്
സായന്തനം മാത്രമല്ല...
സാഗരവും സാക്ഷിയായിരുന്നു പോൽ...

■ പാചകം



**പി. എൻ. ഗംഗാലക്ഷ്മി**
9447972209

# മട്ടർ പനീർ

**ആവശ്യമുള്ള സാധനങ്ങൾ**

പനീർ - 200 ഗ്രാം
മട്ടർ (ഗ്രീൻ പീസ്) - 200 ഗ്രാം
സവാള - 2 എണ്ണം
തക്കാളി - 4 എണ്ണം
ഇഞ്ചി അരച്ചത് - 1 സ്പൂൺ
മല്ലിപ്പൊടി - 1 സ്പൂൺ
മുളകുപൊടി - 1 സ്പൂൺ
മഞ്ഞൾപ്പൊടി - 1/2 സ്പൂൺ
ഗരം മസാല - 1/2 സ്പൂൺ
ജീരകം - 1/2 സ്പൂൺ
ഉപ്പ്, എണ്ണ - ആവശ്യത്തിന്
മല്ലിയില - കുറച്ച്
കസൂരിമേത്തി (സൂപ്പർ മാർക്കറ്റുകളിൽ കിട്ടും) - ഒരുനുള്ള്

മട്ടർ വേവിക്കുക. സവാള, തക്കാളി എന്നിവ അരയ്ക്കുക. ഒരു പാൻ ചൂടാക്കി എണ്ണ ഒഴിച്ച് ജീരകം പൊട്ടിക്കുക. അതിനുശേഷം അരച്ചുവെച്ച ഇഞ്ചിയും സവാളയും ചേർക്കുക. സവാള ഏതാണ്ട് റോസ് നിറമായി തുടങ്ങിയാൽ മഞ്ഞൾപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി എന്നിവ ചേർത്തുവഴറ്റുക. മസാല മൂത്തു തുടങ്ങുമ്പോൾ അരച്ച തക്കാളി ചേർത്ത് വഴറ്റുക. തക്കാളി വെള്ളം വറ്റി വരണ്ടു തുടങ്ങിയാൽ 2 കപ്പ് ചൂടുവെള്ളം ഒഴിച്ച് തിളപ്പിക്കുക. തിളച്ച കറിയിലേയ്ക്ക് പനീറും വേവിച്ച മട്ടറും ചേർക്കുക. കറി കുറുകി തുടങ്ങുമ്പോൾ അരച്ച അണ്ടിപ്പരിപ്പ് ചേർത്ത് തിളപ്പിക്കുക. ഒരുനുള്ള് കസൂരിമേത്തി, ഗരംമസാല തുടങ്ങിയവ ചേർത്ത് നല്ലതുപോലെ ഇളക്കി മല്ലിയില ചേർത്തുവാങ്ങുക. ചപ്പാത്തി, പൊറോട്ട, പൂരി തുടങ്ങിയവക്കൊപ്പം ഉപയോഗിക്കാം.

●

# തെളിനീരല പോലെ ഒരു ആത്മകഥ



സി. പി. നായർ, IAS.,
മുൻ. ചീഫ് സെക്രട്ടറി, കേരള

'**കു**മ്പാരൻ കട്ടിയിൽ നിന്ന് കളക്റ്ററേറ്റിലേക്ക്' എന്ന ഹൃദയസ്പർശിയായ പേരുള്ള, ഭാസ്ക്കരൻ പൂവത്തിങ്കൽ എന്ന മുൻ ഡെപ്യൂട്ടി കളക്റ്ററുടെ ആത്മകഥ വായിച്ചുകഴിഞ്ഞപ്പോൾ ഓർമ്മ വന്നത്, നൂറുപതിറ്റാണ്ടുമുമ്പ് പഠിച്ച, പ്രൊഫ. ലയണൽ ട്രില്ലിങ്ങ് എന്ന പ്രശസ്ത നിരൂപകൻ കാല്പനിക കവിതയ്ക്കു നൽകിയ നിർവചനമാണ് - 'അനുഭൂതിയുടെ സത്യസന്ധമായ ശബ്ദം.' (The true voice of feeling)

ഔപചാരിക മര്യാദയുടെ പേരിൽ വെറുതെ കുത്തിക്കുറിക്കുന്ന ഒരു പ്രശംസാവചനമല്ല ഇത്. സാമാന്യം ദീർഘമായ ഈ പുസ്തകം വായിച്ചുപോകവേ (രസനീയമായ ഒരു വായനാനുഭവമാണ് അതെന്നു വായനക്കാരോട് പ്രത്യേകം പറയട്ടെ) എനിക്ക് ശ്രദ്ധേയവും ആദരണീയവുമായിത്തോന്നിയ ഗ്രന്ഥകാരന്റെ ചില സ്വഭാവസവിശേഷതകളുണ്ട്. അദ്ദേഹത്തിന്റെ കഥയുടെ അതീവ സുതാര്യമായ ആർജ്ജവവും ആത്മാർത്ഥതയുമാണ് ആദ്യം തന്നെ പരാമർശിക്കേണ്ടത്. പല ആത്മകഥകളേയും വികലമാക്കുന്ന 'ഞാനെന്ന ഭാവം' ഈ പുസ്തകത്തിൽ വിദൂരമായിപ്പോലും കാണാൻ കഴിഞ്ഞില്ല. അത്രയേറെ വിനീതനായാണ് ഭാസ്ക്കരൻ ആദ്യന്തം ഈ ആത്മകഥയിൽ പ്രത്യക്ഷപ്പെടുന്നത്. 'ഞാൻ പത്തു ചക്ക മുള്ളോടെ വിഴുങ്ങി' എന്ന മട്ടിലുള്ള, മടുപ്പിക്കുന്ന അവകാശവാദങ്ങളൊന്നും ഈ സാധുമനുഷ്യനില്ല. നിയതിയുടെ അജ്ഞേമായ ഏതോ കാരുണ്യം കൊണ്ട് വെറുമൊരു ശരാശരി കുമ്പാരൻ കട്ടിക്കാരനായ താൻ ഡെപ്യൂട്ടി കളക്ടർ പദവിയിലെത്തി, ഇല്ലായ്മകളും വല്ലായ്മകളും കൊണ്ട് ക്ലേശനിർഭരമായ ബാല്യവും കൗമാരവും എങ്ങനെയോ പിന്നിട്ട് സമൂഹത്തിൽ 'നിലയും വിലയും' ഉള്ള, ഭേദപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ള മാന്യനായ ഒരു റിട്ടയേഡ് ഉദ്യോഗസ്ഥനായി - ഇത്രയൊക്കയെ ഉള്ളു അദ്ദേഹത്തിന് പറയാനുള്ളത്. ഔദ്ധത്യവും കാപട്യവും പരദ്രോഹവ്യഗ്രതയും ജീവിതത്തിന്റെ സമസ്തമേഖലകളേയും മലീമസമാക്കുന്ന ഇക്കാലത്ത്, ഭാസ്ക്കരന്റെ കഥയിൽ സാർവ്വത്രികമായി നാം കണ്ടെത്തുന്ന ഈ ആർജ്ജവം, ഈ വിനീതി അത്യന്തം ഹൃദ്യമായി എനിക്ക് തോന്നി.

വയറ്റുപ്പിഴപ്പിനായി മൺകലമുണ്ടാക്കി വിൽക്കുന്ന പരമദരിദ്രരായ കുമ്പാരന്മാരുടെ (കുശവന്മാർ എന്നു തിരുവിതാംകൂർ പര്യായം), തീർത്തും പിന്നാക്കമായ ഒരു കുഗ്രാമത്തിലാണ് ഭാസ്ക്കരൻ പിറന്നത് - ഒരു പാവപ്പെട്ട കൃഷിവലന്റെ എട്ടുമക്കളിൽ അഞ്ചാമൻ. അച്ഛനു നാമമാത്രമായ ഒരു ജോലിയുണ്ടായിരുന്നു. റെയിൽവേയിൽ ഗാങ്മാൻ. ദിവസ




*കുമ്പാരൻ കട്ടിയിൽ നിന്ന് കലക്ടറേറ്റിലേക്ക് എന്ന പുസ്തകത്തിന്റെ പുസ്തകപ്രകാശനവേളയിൽ ശ്രീ. പൂവത്തിങ്കൽ ഭാസ്ക്കരൻ സംസാരിക്കുന്നു...*

വും പതിനാറു നാഴിക പൊരിവെയിലത്ത് പൊരിയുന്ന വയറുമായി നടന്ന് ആ ബാലൻ വാടാനാംകുറുശ്ശി സ്കൂളിലെത്തി പഠിച്ചു - പഠിച്ചുനന്നാകണമെന്ന അദമ്യമായ മോഹത്താൽ പ്രേരിതനായി. 'വീട്ടിലെത്തിയാൽ ഷർട്ടും ട്രൗസറും അഴിച്ചിട്ട് കൗപീനധാരിയായി നടക്കും. പത്തുവയസ്സുവരെ നാണം മറയ്ക്കാൻ കൗപീനം മാത്രം.' മണ്ണാത്തിപ്പാറു എന്ന ഗൈനക്കോളജിസ്റ്റ് ആണ് ഭാസ്ക്കരന്റെ അനിയനെ ലോകത്തിലെത്തിച്ചത്. 'കുറച്ച് എണ്ണയും കുട്ടോടവും' ആണ് പാറു ഡാക്ടറുടെ പണിയായുധങ്ങൾ. സോപ്പും പൗഡറുമൊന്നുമില്ലാതെ 'നവാഗത'നെ സന്ദർശിക്കാനെത്തിയത് (എത്ര കൃത്യമായി ഭാസ്ക്കരൻ അവരെ ഓർത്തുവെച്ചിരിക്കുന്നു!) തോട്ടാംകുന്നത്ത് അമ്മുക്കുട്ടി, സേവയിൽ കുഞ്ഞിമാളു, എരുമത്തടം കാളി, കുഞ്ഞക്കൻ കാളി, ഉമ്മിണി, പാത്തുട്ടി ഉമ്മ, ബീവി ഉമ്മ തുടങ്ങിയ വനിതാ പ്രമുഖർ (ഒരു എം. ടി. നോവലിൽ നിന്നു നടന്നിറങ്ങിവന്ന കഥാപാത്രങ്ങൾ, അല്ലേ ?)

ഭാസ്ക്കരൻ എന്ന 'ബി. പി. എൽ' ബാലൻ വളർന്നു. പ്രഭാതഭക്ഷണം പഴങ്കഞ്ഞി. ഒഴിഞ്ഞ തൂക്കുപാത്രവുമായി അഞ്ചുനാഴിക ദൂരമുള്ള സ്കൂളിലേക്ക്. ഉച്ചക്കഞ്ഞി സ്കൂളിൽ നിന്നും കിട്ടും. പതിമൂന്ന് വയസ്സിലാണ് ആദ്യമായി സിനിമ കാണുന്നത്. ചെറുതുരുത്തി ബാലൻ ടാക്കീസിൽ, രണ്ടേകാലണ കൊടുത്ത്, 'തറ ക്ലാസ്സിൽ' ഇരുന്ന്. കൊടികുത്തിവാഴുന്ന ജാതിസ്പർദ്ധ നൽകിയ ആട്ടും തുപ്പും ഏറെ സഹിച്ചു. കോഴിയെ വിറ്റ് ഒരു ചെറിയ ഇംഗ്ലീഷ് ഡിക്ഷ്ണറി വാങ്ങി. കാഞ്ഞിരക്കുരു, പൂളമൊട്ട്, കശുവണ്ടി ഇവ പെറുക്കിവിറ്റു ചെറിയ സമ്പാദ്യമുണ്ടാക്കി - പത്തോ ഇരുപതോ പൈസ ! കണ്ണു നിറയാതെയും ഹൃദയം വിതുമ്പാതേയും വായിക്കാനാവാത്ത കദനകഥകൾ.

കനൽവഴികൾ താണ്ടിയുള്ള ഈ ജീവിതസമരത്തിന്റെ ഏടുകൾക്കിടയിലും ഭാസ്ക്കരന്റെ സ്വഭാവത്തിലെ ചില പ്രത്യേകതകൾ തലയുയർത്തിനിൽക്കുന്നു. അധ്യാപകരോടുള്ള അതിരില്ലാത്ത സ്നേഹാദരങ്ങളാണ് ഇവയിൽ മുഖ്യം. സത്യത്തിന്റെയും ധർമ്മത്തിന്റെയും പാഠങ്ങൾ ഓതിത്തന്ന മാധവൻ മാസ്റ്റർ, നാരായണൻ നമ്പൂതിരി മാഷ്, ഇംഗ്ലീഷധ്യാപകൻ കെ. കെ. നമ്പിയാർ, സർവ്വോപരി, പരമദരിദ്രനായ ശിഷ്യന്റെ പത്താം ക്ലാസ്സിലെ പരീക്ഷാ ഫീസ് തന്റെ ചെറിയ ശമ്പളത്തിൽ നിന്നെടുത്തു സംഭാവന നൽകിയ ഇരിങ്ങാലക്കുടക്കാരി ഉദാരഹൃദയയായ പത്മ ടീച്ചർ. കാരുണ്യത്തിന്റെയും വാത്സല്യത്തിന്റെയും മൂർത്തരൂപം. തന്റെ ആരാധനാവിഗ്രഹത്തെ അരനൂറ്റാണ്ടിനുശേഷം ഏറെ പാടുപെട്ടു ഭാസ്ക്കരൻ കണ്ടെത്തുന്നു. ഒരു ചെറിയ ദക്ഷിണയുമായി ആലുവായിൽ ടീച്ചറെ കാണാനെത്തുന്ന പഴയ ശിഷ്യൻ അവരുടെ സാമ്പത്തിക സമൃദ്ധി കണ്ട് കൃതാർത്ഥനാകുന്നു. അവരെ നമസ്ക്കരിച്ചു മടങ്ങുന്നു. ഉത്തമമായ ഗുരുശിഷ്യബന്ധത്തിന്റെ അത്യന്തം ഹൃദയസ്പർശിയായ കഥ (ഞാൻ ഒന്നിലേറെത്തവണ പത്മ ടീച്ചറിന്റെ കഥ വായിച്ചു. ആ മനസ്വിനിയുടെ ശിഷ്യനാകാൻ കഴിയാഞ്ഞതിൽ നഷ്ടബോധം തോന്നി!) അധ്യാപികയ്ക്ക് ശവകുടീരം പണിയുകയും അവരെക്കുറിച്ച് അശ്ലീല സന്ദേശങ്ങൾ സമൂഹമാധ്യമങ്ങളിൽ കൂടി പ്രചരിപ്പിക്കുകയും ചെയ്യുന്ന 'ന്യൂ ജെൻ' വിദ്യാർത്ഥികൾക്ക് (എന്തു 'വിദ്യ'യാണ് അവർ 'അർത്ഥി'ക്കുന്നതെന്ന് ഈ വൃദ്ധൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട് !) അവിശ്വസനീയവും ഒരുപക്ഷെ പരിഹാസ്യവുമായ ഒരപൂർവ്വമാതൃക.

സഹോദരങ്ങളോടും ജന്മം നൽകി വളർത്തിയ മാതാപിതാക്ക



*പുസ്തകപ്രകാശനവേളയിലെ സദസ്സ്...*

ളോടും ഭാസ്ക്കരൻ പുലർത്തിയ സ്നേഹാതിശയം ഇന്നത്തെ തലമുറയെ അത്ഭുതപ്പെടുത്തിയേക്കാം. അച്ഛനു പതിവായി ചായയും പലഹാരവും നൽകാൻ ഏർപ്പാടു ചെയ്യുന്ന മകന്റെ കഥ ഉള്ളിൽത്തട്ടുന്നതായി. നിവൃത്തിയില്ലാതായിട്ടും കിഴവൻ പ്ലാവുവെട്ടാൻ വിസമ്മതിക്കുന്ന പ്രകൃതിസ്നേഹിയുടെ കഥയും അങ്ങനെതന്നെ. യൗവനോദയത്തിൽ മനസ്സിൽ അങ്കുരിച്ച പ്രണയത്തിന്റെ തിരനോട്ടങ്ങളും ഹൃദയസ്പർശിയായി.

ഭാസ്ക്കരന്റെ ആസ്തിക്യബോധവും ക്ഷേത്രദർശനത്തിലുള്ള ഒരിക്കലും മതിവരാത്ത ആവേശവുമാണ് എന്റെ മനസ്സിനെ സ്പർശിച്ച മറ്റൊരു പ്രത്യേകത. അദ്ദേഹം നൽകുന്ന, വള്ളുവനാട്ടിലെ വലുതും ചെറുതുമായ ക്ഷേത്രങ്ങളുടെ ലഘു ചിത്രങ്ങൾ ഏറെ ഗൃഹാതുരത്വത്തോടെയാണ് ഈ പഴയ 'ഒറ്റപ്പാലം തുക്ടി സായ്‌വ്' വായിച്ചത് - തിരുമാന്ധാംകുന്നിലമ്മയും കാടാമ്പുഴ ഭഗവതിയും കരിമ്പുഴ ശ്രീരാമചന്ദ്രനും മുതൽ, ചെനക്കത്തൂർ കാവിൽ ഭഗവതിയും, പരിയാനമ്പറ്റ ഭഗവതിയും പിന്നെ, വള്ളുവനാടിനെ ഇന്നും അക്ഷരാർത്ഥത്തിൽ ഒരു പുണ്യഭൂമിയാക്കുന്ന ഒട്ടനവധി ദേവീക്ഷേത്രങ്ങളും (ഒരു കാവും 'ഭഗോതി'യും ഇല്ലാത്ത ഒരൊറ്റ ഗ്രാമമുണ്ടോ വള്ളുവനാട്ടിൽ?) ഭാസ്ക്കരന്റെ തൂലികയ്ക്ക് വിഷയമാകുന്നു.

ഒരു ഉദ്യോഗസ്ഥനെന്ന നിലയിൽ, നീതി നടപ്പാക്കാൻ നിയുക്തനാണെങ്കിലും, മനുഷ്യത്വം മറക്കാത്ത ഭാസ്ക്കരനെ നാം ഒന്നിലേറെത്തവണ കണ്ടുമുട്ടുന്നുണ്ട്. പാവപ്പെട്ട ഒരു കൃഷിക്കാരന്റെ പമ്പ്സെറ്റ് ജപ്തി ചെയ്യാനാകാതെ ലേലം നീട്ടിവച്ച കഥയും മറ്റൊരു പരമദരിദ്രയുടെ ഗ്രൈന്റർ ജപ്തി ചെയ്യാൻ വിസമ്മതിച്ച കഥയും ഹൃദയമുള്ളവർക്ക് ശ്രദ്ധിക്കാതിരിക്കാനാവില്ല. കടുത്ത സാമ്പത്തിക വൈഷമ്യങ്ങൾക്കിടയിലും, ആവശ്യപ്പെടാതെ കൈയിലെത്തിയ കോഴപ്പണം നിർവിശങ്കം വേണ്ടെന്നുവെച്ച സത്യസന്ധനായ ഒരു ഉദ്യോഗസ്ഥന്റെ ചിത്രവും അവഗണിച്ചുകൂടാ - ഇന്ന് എസ്റ്റാബ്ലിഷ്മെന്റ് എന്ന മുഖമില്ലാത്ത മഹാസത്വം, സകല തലത്തിലും അഴിമതിയിൽ കുളിച്ചു നിൽക്കുമ്പോൾ.

ഒറ്റപ്പാലത്തെ പല പ്രമുഖ വ്യക്തിത്വങ്ങളും ഹ്രസ്വമായിട്ടെങ്കിലും ഭാസ്ക്കരന്റെ പരാമർശത്തിനു വിധേയരാകുന്നുണ്ട്. ഭാരതത്തിലെ നയതന്ത്ര വിദഗ്ദ്ധന്മാരിലെ ഭീഷ്മപിതാമഹനും കേരളത്തിന്റെ അഭിമാനവുമായ കെ. പി. എസ്. മേനോൻ, സർദാർ പട്ടേലിന്റെ വലംകൈയായിരുന്ന, നാട്ടുരാജ്യങ്ങളെ ഇന്ത്യൻ റിപബ്ലിക്കിൽ ലയിപ്പിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ച വാപ്പാല പങ്കുണ്ണിമേനോൻ എന്ന (അമ്പലപ്പാറക്കാരനായ) വി. പി. മേനോൻ, മഹാത്മാവായ നിർമ്മലാനന്ദ സ്വാമി (കേരളത്തിലെ ആദ്യത്തെ രാമകൃഷ്ണമഠം 1912ൽ ഹരിപ്പാട്ടു സ്ഥാപിച്ചത് അദ്ദേഹമാണ്) - ഇവരെയൊക്കെ അദ്ദേഹം അനുസ്മരിക്കുന്നു. ഒറ്റപ്പാലത്തുകാർക്ക് അവിസ്മരണീയനായ ഇ. പി. മാധവൻ നായർ എന്ന ഉദാരമതിയായ വ്യവസായ പ്രമുഖരും പരാമർശവിധേയനാകുന്നു.

ഭാസ്ക്കരന്റെ ആത്മകഥയിലെ ഒരേ ഒരു ന്യൂനത, തന്റെ സുഹൃത്തുക്കളുടേയും ബന്ധുക്കളുടേയും ഒരു 'ഹൂ ഈസ് ഹൂ' നൽകുവാൻ ഒട്ടേറെ സ്ഥലം അദ്ദേഹം വിനിയോഗിച്ചിരിക്കുന്നു എന്നതാണ്. അദ്ദേഹത്തിന് അവരോടുള്ള സ്നേഹവാത്സല്യങ്ങളും ചിരന്തനമായ വൈകാരിക ബന്ധവുമാണ് ഈ വിശദാംശങ്ങൾ നൽകാൻ പ്രേരണയായത് എന്ന് ഞാൻ ഊഹിക്കുന്നു. പക്ഷെ അവരെ ആരേയും നേരിട്ടറിഞ്ഞുകൂടാത്ത ഒരു വായനക്കാരന് ഈ പരാമർശങ്ങൾ വിരസവും അനവസരവുമായി തോന്നിക്കൂടെന്നില്ല. അടുത്ത പതിപ്പിൽ ഈ ന്യൂനത പരിഹരിക്കാൻ അദ്ദേഹം ശ്രദ്ധിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

ഈ ലേഖനം അവസാനിപ്പിക്കുന്നതിനുമുമ്പ് ഈ ലേഖകന് ഒറ്റപ്പാലത്തോടുള്ള അഗാധമായ വൈകാരികബന്ധത്തെ സ്പർശിക്കാതെ വയ്യ. അമ്പത്തിനാലുകൊല്ലം മുമ്പ്, കൃത്യമായിപ്പറഞ്ഞാൽ 1964 ഒക്ടോബർ മുതൽ ഒരുവർഷം ഞാൻ ഒറ്റപ്പാലം സബ്കളക്ടറായിരുന്നു. എന്റെ ആദ്യത്തെ സ്വതന്ത്ര നിയമനം എന്റെ ഗുരുവും മേലുദ്യോഗസ്ഥനും ജ്യേഷ്ഠസഹോദരനും അഭ്യുദയകാംക്ഷിയുമായിരുന്ന മലയാറ്റൂർ രാമകൃഷ്ണനുശേഷം അവിടെയെത്തിയ രണ്ടാം തുക്ടി സായ്‌വ് ആയിരുന്നു ഞാൻ. എന്റെ ദീർഘമായ ഔദ്യോഗികജീവിതത്തിലെ ഒരുപക്ഷെ ഏറ്റവും ആനന്ദകരമായ ഒരു വർഷമായിരുന്നു അത്. പക്ഷേ രണ്ടുകൊല്ലത്തിനു മുമ്പ് എന്റെ പ്രിയ സുഹൃത്ത് ശ്രീ. ഹംസ (എം. എൽ. എ)യുടെ അതിഥിയായി, അരനൂറ്റാണ്ടുകാലത്തെ ഇടവേളയ്ക്കുശേഷം വന്നെത്തിയ എന്നെ എതിരേറ്റ ഒറ്റപ്പാലം വളരെ മാറിയിരുന്നു. നോക്കെത്താത്ത ദൂരത്തോളം പരന്നുകിടക്കുന്ന പാടങ്ങൾ, പ്രായമെത്രയായി എന്ന് ഈശ്വരനുപോലും നിശ്ചയമില്ലാത്ത, തണലും ഫലങ്ങളും നൽകി, വിയർത്തൊലിച്ചുപോകുന്ന പഥികരെ അനുഗ്രഹിച്ചിരുന്ന വൃക്ഷവൃദ്ധന്മാർ, ഭാരതപ്പുഴയും അനങ്ങനടിമലയും, ഒട്ടേറെ മൊട്ടക്കുന്നുകൾ, താടയാട്ടി, കൊമ്പുകുലുക്കി, മണി കിലുക്കി, സാവധാനം നടന്നു നീങ്ങുന്ന വണ്ടിക്കാളകൾ, ശുദ്ധരായ ഗ്രാമീണർ - അവരൊക്കെക്കൂടി നൽകിയ ആ ഗ്രാമീണസുഷമ ഒരു ദുഃഖ സ്മരണയായി മാറിയിരിക്കുന്നു. പ്രിയപ്പെട്ട കവി കുഞ്ഞിരാമൻ നായരുടെ ഭാവനയിൽ പിറന്ന ഗ്രാമലക്ഷ്മി ഇങ്ങിനിവരാത്തവണ്ണം പോയ്മറഞ്ഞിരിക്കുന്നു.

പൂനിലാവിൽ മുങ്ങിനീരു-
മാമ്പലപ്പൂവുപോലവെ,
മലഞ്ചെരിവിലാപ്പുള്ളി-
മാൻകിടാവെന്നപോലവെ,
കസ്തൂരിക്കുറി ചൂടുന്ന
വരമ്പിൻ വക്കിലൊക്കവേ
കാൽവയ്പ്പിനാൽ പൂ നിരത്തി
രമ്യശാരദകന്യക !

ഗൾഫ് പണത്തിന്റെ കുത്തൊഴുക്കിൽ ഗ്രാമീണ സൗന്ദര്യം തീർത്തും നശിച്ച, ജനപ്പെരുപ്പവും, വാഹനപ്പെരുപ്പവും കൊണ്ട് വീർപ്പുമുട്ടുന്ന ഒരു അനാകർഷകമായ പട്ടണമാണ് എന്നെ സ്വാഗതം ചെയ്തത്.

എന്നെ ഏറ്റവും ദുഃഖിപ്പിച്ചത് നിളയുടെ ദുരന്തമാണ്.

നേരമ്പോക്കെത്രകണ്ടു ഭവതിയിഹ
പദംതോറുമെന്തൊക്കെ മേലിൽ
സൈ്വരം കാണും
പുരാണപ്രഥിത നദി,
നിളാദേവി, നിത്യം നമസ്തേ !

എന്ന മഹാകവി അതിഗംഭീരമായി വർണ്ണിച്ച, ഉത്തര കേരളത്തിന്റെ ജീവനാഡിയായ ആ മഹാനദി ഓജസ്സും വപുസ്സും തീർത്തും നശിച്ച്, മണലൂറ്റു മാഫിയ അവശേഷിപ്പിച്ച മൺതിട്ടകൾക്കും കുറ്റിച്ചെടികൾക്കും ഇടയിലൂടെ ഒഴുകുന്ന ഒരഴുക്കുചാലായി മാറിയിരിക്കുന്നതു കണ്ട് ഞാൻ ദീർഘനിശ്വാസമുതിർത്തു. രണ്ടാം നിലയിലുള്ള പഴയ 'തുക്ടിക്കച്ചേരി'യുടെ വിശാലമായ ചേമ്പറിൽ നിന്നു ദിവസവും രാവിലെ ഞാൻ വന്ദിച്ചിരുന്ന, ഷോളഖോവിന്റെ ഡോൺ നദി പോലെ ശാന്ത ഗംഭീരമായി ഒഴുകിയിരുന്ന നിളാ മാതാവിനേയും അങ്ങകലെ ഹരിതാഭ ചൂഴ്ന്നുനിൽക്കുന്ന വില്വാദ്രിയേയും വേദനയോടെ സ്മരിച്ചു. പൊട്ടിച്ചിരിച്ചുകൊണ്ട് ഒഴുകുന്ന തൂതപ്പുഴയേയും അട്ടപ്പാടി നിബിഡവനത്തെ അനുഗ്രഹിച്ചിരുന്ന ഭവാനിപ്പുഴയേയും കുന്തിപ്പുഴയേയും ഓർത്തു.

നിശബ്ദമായ കാര്യക്ഷമതയുടെ പര്യായമായിരുന്ന എന്റെ ആഫീസ് മനസ്സിലുണർന്നു. ഹെഡ് ക്ലാർക്ക് ശങ്കരമേനോൻ, സീനിയർ ക്ലാർക്ക് വാപ്പാല ഗോപാലകൃഷ്ണ മേനോൻ, പൊന്നും വില നിയമം ഹൃദിസ്ഥമാക്കിയ തിരുമിറ്റിക്കോടുകാരൻ കേശവനുണ്ണി, അന്തർമുഖനും വായനക്കാരനുമായ വേണുഗോപാൽ, പരമസാധുവായ പ്യൂൺ ഗോപാലൻ നായർ ഇവരെ കൃതജ്ഞതയോടും സ്നേഹത്തോടും ഓർത്തു. അവരുടെ മുഖമുദ്രയായിരുന്ന വിനയം ഓർത്തു.

പഴയ സുഹൃത്തുക്കളെ ഓർത്തെടുത്തപ്പോൾ, 'ആ പഴയ സുപരിചിതമായ മുഖങ്ങളെല്ലാം പോയ് മറഞ്ഞല്ലോ' എന്ന് ചാൾസ് ലാംമ്പിനെപ്പോലെ ഞാനും വിലപിച്ചു. കെ. പി. എസ്. മേനോൻ എന്ന ചരിത്രപുരുഷനായ ജ്ഞാനവൃദ്ധൻ, ഇ. എം. എസ്സിന്റെ അധ്യാപകനും സ്വാതന്ത്ര്യസമരസേനാനിയും ഒറ്റപ്പാലം ബാറിലെ കാരണവരുമായിരുന്ന എം. പി. ഗോവിന്ദമേനോൻ, വിരൽത്തുമ്പുവരെ മാന്യനായിരുന്ന, ഗോപി മേനോൻ എന്ന നാട്ടുകാർ സ്നേഹത്തോടെ വിളിച്ചിരുന്ന ചെർപ്പുളശ്ശേരി പനങ്ങാട് പി. ജി. മേനോൻ, ഷൊർണ്ണൂർ പഞ്ചായത്ത് പ്രസിഡന്റ് കെ. പി. എൻ. മേനോൻ, എന്റെ 'പേഴ്സണൽ ഫിസിഷ്യൻ' ഡോ. കെ. പി. അച്യുതമേനോൻ ഇവരൊക്കെ മൺമറഞ്ഞു. ഇ. പി. അച്യുതൻ നായരാണ് തോട്ടക്കര 'വിശ്വശ്രീ' എന്ന മനോഹരമായ കൊച്ചുവീട് എനിയ്ക്ക് വാടകയ്ക്ക് വാങ്ങിത്തന്നതും, ഒരു മദ്യപൻ ഇടിച്ചുതകർത്ത എന്റെ പഴയ കാർ നന്നാക്കിത്തന്നതും. (എനിക്ക് ഒട്ടേറെത്തവണ ഊഷ്മളമായ ആതിഥ്യമരുളിയ 'പാലാട്ട് ഹൗസ്' കാടുകയറി, വിജനമായി, മൂകമായിക്കിടക്കുന്നതുകണ്ട് ഹൃദയം വേദനിച്ചു)

ഒറ്റപ്പാലത്ത് എന്റെ തൊട്ടയൽക്കാരായിരുന്നത് പാലാട്ടു ചന്ദ്രശേഖര മേനോൻ എന്ന ചന്ദ്രനും കുടുംബവുമാണ്. ഒറ്റപ്പാലത്തിന്റെ ഊഷ്മളമായ സൗഹൃദവും അഭിജാതമായ ഔദാര്യവും എനിയ്ക്ക് പരിചയപ്പെടുത്തിത്തന്നത് ചന്ദ്രനും അദ്ദേഹത്തിന്റെ പത്നി രാധയുമാണ്. (രാധ മണ്ണാർക്കാട് ഇളയ നായർ എന്ന ജന്മിയുടെ മകളാണ്). അര നൂറ്റാണ്ടിനിടയ്ക്ക് ചന്ദ്രൻ വിട വാങ്ങിയിരിക്കുന്നു. എൺപതുകഴിഞ്ഞ രാധ, ശാന്തയായ, കുലീനയായ ഒരു വീട്ടമ്മയായിക്കഴിയുന്നു. ഞാൻ മടിയിലിരുത്തി ലാളിച്ചിട്ടുള്ള നാലുവയസ്സുകാരി പ്രേമി എന്ന കുരുന്ന്, പ്രമീള മോഹൻ എന്ന ഇരുത്തം വന്ന ഗൃഹനായികയായിമാറിക്കഴിഞ്ഞിരിക്കുന്നു. സ്നേഹത്തിന്റെ പര്യായങ്ങളായ അവർക്കൊക്കെ ഞാൻ നന്മ നേരുന്നു - അവശേഷിച്ച മിത്രങ്ങളായ പ്രശസ്ത കവി നരേന്ദ്രമേനോനും അദ്ദേഹത്തിന്റെ പത്നി പ്രശസ്ത സംഗീതജ്ഞയായ സുകുമാരിക്കും, പ്രഗല്ഭ അഭിഭാഷകനായ ഗോപിനാഥിനും.

പരിയാനംപറ്റ ഭഗവതിയുടെ തിരുമുമ്പിൽ തൊഴുതുമടങ്ങുമ്പോൾ, നിറഞ്ഞ കണ്ണുകളോടെ 'അസ്തുപുനർ ദർശനം' എന്ന് അറിയാതെ ഉരുവിട്ടുപോയി - എഴുപത്തെട്ടിലെത്തി നിൽക്കുന്ന ഈ വൃദ്ധന് ഇനിയൊരിക്കൽക്കൂടി പഴയ വള്ളുവനാടിന്റെ അവശേഷിക്കുന്ന സുഷമകണ്ടാനന്ദിക്കാനുള്ള ഭാഗ്യമില്ലെന്ന വസ്തുത വിസ്മരിച്ചുകൊണ്ട്.

വരുമോ കുങ്കുമം തൊട്ട
സാന്ധ്യ ശോഭകണക്കവൾ ?

എന്ന് വള്ളുവനാടിനെ പ്രണയിച്ച കവിമാഷ് പാടിയതോർത്തുപോയി.

ഈ ആത്മാലാപം ദീർഘിപ്പിക്കുന്നില്ല. വിനയധനനായ, ഹൃദയാലുവായ, സംസ്തൃതചിത്തനായ ഭാസ്ക്കരന്റെ ജീവിതകഥ അടുത്ത കാലത്ത് ഞാൻ വായിച്ച ഏറ്റവും നല്ല പുസ്തകങ്ങളിലൊന്നാണ്. ഗൃഹാതുരത്വത്തിന്റെ സ്വാദ് ഏറെക്കലർന്ന ആഹ്ലാദത്തിന്റെ ഒട്ടനവധി മുഹൂർത്തങ്ങൾ അത് എനിക്ക് സമ്മാനിച്ചു. അദ്ദേഹത്തിനെ ഞാൻ അഭിനന്ദിക്കുന്നു - ഒപ്പം, മികച്ച രീതിയിൽ ഈ പുസ്തകം സംവിധാനം ചെയ്തു പ്രസിദ്ധീകരിച്ച ഏക തത്ത്വ പബ്ലിഷേഴ്സിനേയും ഇരുകൂട്ടർക്കും ഞാൻ നന്മ നേരുന്നു.

●


## സുവർണ്ണാവസരം

**ഏക തത്ത്വ
പ്രസിദ്ധീകരിച്ച**

**600 രൂപയുടെ
പുസ്തകങ്ങൾ
500 രൂപയ്ക്ക്**

**ഏക തത്ത്വയുടെ
സഹൃദയരായ വായനക്കാർ
പുസ്തകങ്ങൾ
വാങ്ങി സഹകരിക്കുക.**

**കൂടുതൽ വിവരങ്ങൾക്ക്
9446443321
എന്ന നമ്പറിലേക്ക് വിളിക്കുക.**



അശോകൻ രാജീവം
9447533850

# അപരിചിതം

വണ്ടി ഷൊർണ്ണൂർ സ്റ്റേഷൻ കടന്നപ്പോഴേ ഉമയുടെ ഹൃദയം വിങ്ങി പൊട്ടാൻ തുടങ്ങി. ഇനി ഏതിനും നിമിഷങ്ങൾക്കുള്ളിൽ തന്റെ സ്വന്തം മണ്ണിന്റെ മണം അനുഭവിച്ചുതുടങ്ങും. എത്രയെത്ര നാടുകളിൽ സഞ്ചരിച്ചാലും എത്രയൊക്കെ ഉയരങ്ങളിൽ വീടുകെട്ടി ജീവിച്ചാലും എന്നെങ്കിലുമൊരുനാൾ ഒരു തിരിച്ചുവരവ് ഉള്ളാലെ ആഗ്രഹിക്കും മനുഷ്യൻ ! തിരിച്ചുവരുമ്പോൾ അന്നുവരെ കണ്ട കാഴ്ചകളും അനുഭവിച്ച ഗന്ധങ്ങളും ഒക്കെ ഒരുനിമിഷം മറന്നുപോകും, സ്വന്തം മണ്ണിന്റെ കുളിർകാറ്റേടുക്കുമ്പോൾ... ബാല്യത്തിൽ നുണഞ്ഞ മുലപ്പാലിന്റെ നൈർമ്മല്യമാണ് അപ്പോൾ സിരകളിൽ നിറയുക. പക്ഷെ, തന്റെ മനസ്സെന്തിന് ഇത്രേം വിങ്ങുന്നതെന്നറിയുന്നില്ല. ചില നേരങ്ങളിൽ അതങ്ങിനെയാണ്. ആഴമറിയാത്ത, അപരിചിതമായ ഒരു വേദനചുഴിയിൽ കിടന്നു കറങ്ങിക്കൊണ്ടേയിരിക്കും.

ഇന്നലെയാണ് രേണു മോളുടെ മെസ്സേജ് കിട്ടിയത്. ചെറ്യമ്മേ, അച്ഛൻ ഇന്ന് കാലത്ത്... ഞങ്ങളിതാ പുറപ്പെട്ടുകഴിഞ്ഞു. വീണ എത്തുംന്ന് തോന്ന്ണില്ല. അമ്മയവിടെ തനിച്ചല്ലേ ഉള്ളൂ. ഞാൻ ഹരിക്കുട്ടന് മെസ്സേജ് ഇട്ടിട്ടുണ്ട്. അവനെത്തുംന്ന് പറഞ്ഞു. അനുവിനെ കിട്ടിയില്ല... ചെറ്യച്ഛന് ബുദ്ധിമുട്ടാവില്ലെങ്കി... ചെറ്യമ്മ വരണം. അമ്മേ സമാധാനിപ്പിക്കാൻ...'

ടാബിന്റെ പാളികളിൽ അറിയാതെ ഇറ്റുവീണ കണ്ണുനീർ ശ്രീയേട്ടൻ കാണാതിരിക്കാൻ ശ്രദ്ധിച്ചു. രണ്ടാമത്തെ ലാർജ്ജിൽ ഐസ് ക്യൂബുകൾ നിക്ഷേപിച്ചുകൊണ്ട് ടി. വി. സ്ക്രീനിലേക്ക് അലസമായി നോക്കിക്കൊണ്ടിരിക്കുകയായിരുന്നു ശ്രീയേട്ടൻ.

"നമുക്ക് പോകണ്ടേ ?"

"എങ്ങട്ട്?"

"നാട്ടിലേക്ക്... ഏട്ടൻ രേണുമോളുടെ മെസ്സേജ് വായിച്ചതല്ലേ? ചേച്ചിയവിടെ തനിച്ചല്ലേയുള്ളൂ?"

"ഉം"

ഒന്നമർത്തി മൂളിയശേഷം ഗ്ലാസ്സുമായി എഴുന്നേറ്റ് ബാൽക്കണിയിലേക്ക് നടന്നു. ഒരു മറുപടിക്കായി വിങ്ങുന്ന നെഞ്ചുമായി ഉമ പിന്നിൽ നിന്നു.

"ഏട്ടാ..."

"എനിക്ക് വരാനൊക്കത്തില്ല. നിനക്ക് നിർബന്ധമാണെങ്കി പൊക്കോ..."

"ഈയാഴ്ച വേറെ പ്രോഗ്രാമൊന്നുമില്ല, ഫ്രീയാണെന്നല്ലേ പറഞ്ഞത് ? ഏട്ടനും കൂടി..."

"ഉമേ..."

അതൊരു താക്കീതാണ്. അതിനപ്പുറത്തേക്ക് ഉമ സംസാരിക്കാറില്ല.

"പിന്നൊരു കാര്യം. നാട്ടിൽ ചുറ്റിത്തിരിയാനൊന്നും നിൽക്കണ്ട. കാര്യം കഴിഞ്ഞാലുടൻ തിരിച്ചുപോന്നേക്കണം. ആരേലും ചോദിച്ചാൽ താനിവിടെ ഇല്ലെന്നു പറഞ്ഞേച്ചാ മതി."

അതൊക്കെ ഉമ നേരത്തേ പ്രതീക്ഷിച്ചതായിരുന്നു. അതുകൊണ്ട് അത്ഭുതമൊന്നും തോന്നിയില്ല. പത്തുമിനുട്ടിനുള്ളിൽ ഹരിക്കുട്ടന്റെ മെസ്സേജും കിട്ടി. "അമ്മേ... വല്യച്ഛന് എന്തേ ഇത്ര പെട്ടെന്ന്...? അമ്മയ്ക്കുള്ള ട്രെയിൻ ടിക്കറ്റ് ബുക്ക് ചെയ്തിട്ടുണ്ട്. ഫ്ളൈറ്റ് കിട്ടിയില്ല. പുലർച്ചെ നാട്ടിലെത്തും. പപ്പ വരുന്നില്ല ല്ലേ? സാരമില്ല. വല്യമ്മയോടും ചേച്ചിമാരോടും പറയണം ഞാനെത്തുംന്ന്. എനിക്ക് കാണണം ന്റെ വല്യച്ഛനെ..."

ഹരിക്കുട്ടന് എന്നുമൊരു അത്ഭുതമായിരുന്നു അവന്റെ വല്യച്ഛൻ ! പത്രമാസികകളിൽ പ്രസിദ്ധീകരിച്ചുവരുന്ന അദ്ദേഹത്തിന്റെ കഥകളും കവിതകളും നിരൂപണങ്ങളുമൊക്കെ ശേഖരിക്കുകയായിരുന്നു ചെറുപ്പത്തിൽ അവന്റെ പ്രധാന ഹോബി.

ഇന്ന് ഹരി ഡൽഹിയിൽ സെറ്റിൽഡാണ്. ഭാര്യയും ഒരു കുഞ്ഞുമുണ്ട്. അവൻ ചിലപ്പോൾ തനിക്കുമുമ്പേ അങ്ങെത്തും. തന്നോടുള്ളതിന്റെ പത്തിരട്ടി സ്നേഹമാണ് അവന് വല്യമ്മയോട്. വല്യച്ഛനെക്കുറിച്ചുള്ള ഒരുപാട് ഓർമ്മകൾ അവനുണ്ടാകും. അദ്ദേഹത്തിന് അത്രയേറെ ഇഷ്ടമായിരുന്നു അവനെ. അവരുടെ സ്നേഹപ്രകടനങ്ങൾ കാണുമ്പോഴൊക്കെ ശ്രീയേട്ടൻ തന്നോട് ആരും കാണാതെ കയർക്കും. തനിക്കാരായിരുന്നു അദ്ദേഹം ?

ചേച്ചിയെ പെണ്ണുകാണാൻ വരുന്ന എല്ലാവരും ചേച്ചിയേക്കാൾ തൊലിവെളുപ്പുള്ള അനിയത്തിയെ മതിയെന്ന് പറയുന്നതുകേട്ട് അച്ഛനും അമ്മയും എന്നും വേദനിക്കാറുണ്ടായിരുന്നു. പതുക്കെ പതുക്കെ പെണ്ണുകാണാൻ വരുന്നവരുടെ മുന്നിൽ അറിയാതെ പോലും പെട്ടുപോകാതിരിക്കുവാൻ ആ ദിവസങ്ങളിൽ തന്നെ അയൽപക്കത്തേക്ക് അയക്കുക പതിവായി.

അങ്ങനെയിരിക്കെയാണ് ഒരു ഞായറാഴ്ച അനന്തപത്മനാഭൻ എന്ന യുവകഥാകൃത്ത് തന്റെ ഒരു കഥാസമാഹാരത്തിന്റെ പ്രകാശ ചടങ്ങിന് അച്ഛനെ ക്ഷണിക്കാൻ വേണ്ടി വീട്ടിലേക്ക് വരുന്നത്. അച്ഛൻ ഞങ്ങളെ അദ്ദേഹത്തിന് പരിചയപ്പെടുത്തി. പിന്നീടൊരിക്കൽ അച്ഛൻ പറഞ്ഞു - അനന്തപത്മനാഭന് രമയെ വിവാഹം കഴിക്കുവാൻ താൽപ്പര്യമുണ്ടെന്ന്. അച്ഛനതു പറയുമ്പോൾ കണ്ണുകൾ നിറഞ്ഞിരുന്നു. ഞങ്ങൾക്കെല്ലാവർക്കും സന്തോഷമായി. അച്ഛനിഷ്ടപ്പെടുന്ന വ്യക്തി എന്നുപറഞ്ഞാൽ ഞങ്ങൾക്ക് മറിച്ചൊന്ന് ആലോചിക്കാനുണ്ടായിരുന്നില്ല.

ഒരു ഡിസംബറിൽ രമേച്ചി അനന്തപത്മനാഭനു സ്വന്തമായി. എന്തുരസമായിരുന്നു ആ കാലം. ഒരു പവർകട്ടുള്ള രാത്രിയിൽ എല്ലാവരും കൂടി മെഴുകുതിരി വെട്ടത്തിൽ അന്താക്ഷരി കളിച്ചുകൊണ്ടിരിക്കുമ്പോഴാണ് അച്ഛൻ ചോദിച്ചത് - "അനന്താ, ഇതുവരെ രമയെ കാണാൻ വന്നവരൊക്കെ ഉമയെ കാണുമ്പോൾ മനസ്സുമാറി ഇതുമതി എന്ന പറയുമായിരുന്നു. താനെന്തേ അങ്ങനെ പറഞ്ഞില്ല ?"

മറുപടി കേൾക്കാനായി എല്ലാവരും കാതുകൂർപ്പിച്ചു. അടുക്കളയിൽ പാത്രങ്ങൾ കലമ്പൽ നിറുത്തി. അമ്മയും ചെറ്യമ്മയും വാതിൽക്കലെത്തി. ആരേയും നോക്കാതെ എന്നാൽ എല്ലാവരും കേൾക്കേ അദ്ദേഹം പറഞ്ഞു, "ഞാൻ രമയിൽ എന്റെ ഭാര്യയേയും ഉമ്മാച്ചുവിൽ എന്റെ പെങ്ങളേയുമാണ് കണ്ടത്. അതീ ജന്മം മാറില്ല."

അച്ഛൻ അനന്തേട്ടന്റെ കൈകൾ തന്റെ നെഞ്ചോടുചേർത്തു പിടിച്ചു. "നീയെന്റെ മരുമകനല്ല, മകൻ തന്നെ അനന്താ. അനന്തപത്മനാഭൻ എന്ന ആ നീണ്ട പേര് അന്നു മുതൽ 'ഏട്ടൻ' എന്ന ഒറ്റ പദത്തിലൊതുക്കി ഞാൻ.

രമേച്ചി മാത്രം അനന്തേട്ടാ എന്നുവിളിച്ചു. എന്നെ ഉമ്മാച്ചു എന്നല്ലാതെ ഉമ എന്ന പേര് ഇന്നുവരെ എന്റെ മുഖത്തേക്കുനോക്കി വിളിച്ചിട്ടില്ല ഏട്ടൻ.

പ്രമോഷൻ ലിസ്റ്റിൽ പേര് വന്നപ്പോഴേ വിളിച്ചുകൂട്ടിയ വെള്ളമടിപ്പാർട്ടിയിൽ മൂന്നാമത്തെ റൗണ്ടിനുശേഷം ആരോ അനന്തപത്മനാഭന്റെ പേര് ഉച്ചരിക്കുന്നത് കേട്ടു. ഈ വർഷത്തെ നാഷണൽ അവാർഡ് പട്ടികയിൽ അനന്തപത്മനാഭന്റെ സിനിമയ്ക്കാണ് മുൻതൂക്കം. ശ്രീയേട്ടന് എന്താണെന്നറിയില്ല. അദ്ദേഹത്തിന്റെ പേര് കേൾക്കുമ്പോഴേ നിയന്ത്രണം വിടും.

"ഉമേ..." സുഹൃദ് സദസ്സിലേക്ക് ചെല്ലാനുള്ള ആക്രോശമാണ്.

"തനിക്കറിയ്യോ മിസ്റ്റർ. പ്രതാപ്, ഈ അനന്തപത്മനാഭൻ ഇവൾടെ ആരാണെന്ന് ?"

"വാട്ട് ഡു യു മീൻ ?" - പ്രതാപ വർമ്മ നെറ്റിചുളിച്ചു.

"താനാരെയാ ഉദ്ദേശിക്കുന്നത് ? ദ ഗ്രേറ്റ് ഡിറക്ടർ അനന്തപത്മനാഭൻ ?"

"ത്ഫൂ യെസ് - ലെവൻ തന്നെ ! അവനാരാന്നാ തന്റെ വിചാരം ? ദാ, ഇവളോട് ചോദിക്ക്... ഉം... ചോദിക്ക്."

"എന്റെ ഏട്ടൻ... ചേച്ചീടെ."

"ഓ മൈ ഗോഡ് !"

ഒരുനിമിഷം ഹാൾ നിശബ്ദമായി. മിസിസ്സ് മേനോൻ ഒറ്റക്കുതിപ്പിന് തന്റെ അരുകിലെത്തി. അറിയാതെ വിളിച്ചുപോയ "വോ" എന്ന ശബ്ദം അപ്പോഴും അവരുടെ മുഖത്ത് ഒട്ടിച്ചുവെച്ചിരുന്നു.

"മിസിസ്സ് ശ്രീകുമാർ യൂ ആർ ലക്കി !"

ബിയർ കുടിച്ചു ചുവന്ന കണ്ണുകളുമായി ഗ്രേസി തന്റെ കൈത്തണ്ടയിൽ നഖങ്ങളാഴ്ത്തി. പ്രതാപ് വർമ്മ ശ്രീയേട്ടനെ എടുത്ത് വട്ടം കറക്കി. "വൈ ഡോണ്ട് യു മാൻ ? എന്തുകൊണ്ടിത് നേരത്തേ ഞങ്ങളോട് പറഞ്ഞില്ല. ഇത്രേം വലിയ ഒരു ഫിലിം മേക്കറുടെ ബ്രദർ ഇൻ ലോ യാണെന്ന കാര്യം?"

"നോ, ഹി ഈസ് നോട്ട് മൈ ബ്രദർ ഇൻ ലോ." ശ്രീയേട്ടൻ അടുത്ത ലാർജ്ജിന് ഗ്ലാസ്സ് നിറച്ചു.

"ദെൻ ?"

"കോ-ബ്രദർ. കോ-ബ്രദർ ഓൺലി."

"വാട്ടവർടുമേബി - യു ആർ ലക്കി മാൻ?" ഉണ്ണിത്താൻ ശ്രീയേട്ടന്റെ ഗ്ലാസ്സിലേക്ക് ഒരു ഐസ് ക്യൂബിട്ടു.

"ഓ സോറി, ഐ ഡോണ്ട് ലൈക്ക് ഹിം !"

"വൈ ?"

"ഐ ഡോണ്ട് നോ, പക്ഷേ എനിക്കിഷ്ടമല്ല. മുടിഞ്ഞ ജാടയാന്നേ...!" ശ്രീയേട്ടൻ തനി തിരുവല്ലക്കാരനായി.

മിസ്സിസ് മേനോനും മിസ്സിസ് വർമ്മയും ഗ്രേസിയും ലതാജിയുമൊക്കെ തന്നെ ആരാധനയോടെ നോക്കുന്നതിൽ നിന്നും ഒഴിഞ്ഞുമാറാൻ വളരെയേറെ ബദ്ധപ്പെടേണ്ടിവന്നുവെങ്കിലും ഉള്ളാലെ നിറഞ്ഞ സന്തോഷം തോന്നി. എന്റെ ഏട്ടൻ... ഞങ്ങളുടെ ഏട്ടൻ...

രമേച്ചിയുടേയും അനന്തേട്ടന്റേയും വിവാഹം കഴിഞ്ഞ് രണ്ടു വർഷത്തിനുശേഷമാണ് ഞങ്ങളുടെ വിവാഹം കഴിയുന്നത്. ആദ്യ നാളുകളിൽത്തന്നെ ശ്രീയേട്ടൻ അനന്തേട്ടന്റെ പെരുമാറ്റങ്ങളിലെ കുറ്റങ്ങളും കുറവുകളും കണ്ടെത്തി പെരുപ്പിച്ച് കാണിക്കാൻ ഉത്സാഹം കാണിച്ചു. ഒരുദിവസം ശ്രീയേട്ടന്റെ അച്ഛനും അമ്മയും അനിയനും അനിയത്തിയുമൊക്കെയുള്ള സദസ്സിൽ തന്നെ പിടിച്ചുനിറുത്തി ചോദ്യം ചെയ്യുകവരെ ചെയ്തു.

"കേട്ടോ അമ്മേ, അവനുണ്ടല്ലോ ആ അനന്തപത്മനാഭൻ ഇവളെ എങ്ങനാ വിളിക്കുന്നതെന്നറിയാവോ ? പറഞ്ഞുകൊടുക്കടീ..."

ചുട്ടുപഴുത്ത ഒരു ഇരുമ്പ് ദണ്ട് തൊണ്ടക്കുഴിയിൽ തറച്ചുവെച്ചതു പോലെ - വാക്കുകൾക്കായി നിന്നു വിയർത്തു.

"പറഞ്ഞു കൊടുക്കടീ"

ശ്രീയേട്ടന്റെ അമ്മയുടെ കണ്ണുകൾ ഒരു കൊളുത്തുപോലെ കരളിൽ ഉടക്കി. ഇനിയുള്ള മൗനം ആപത്താണ്.

"ഉമ്മാച്ചു - ഉമ്മാച്ചൂന്ന് ?"

അനിയത്തിയുടെ കണ്ണുകളിൽ പുച്ഛരസം തുളുമ്പുന്നത് കണ്ടില്ലെന്നു നടിച്ചു. അമ്മയുടെ കണ്ണുകളിൽ കനലെരിഞ്ഞു.

"ഉമ്മാച്ചൂന്നാ ? അതെന്താ നിന്റെ പേര് ഉമയെന്നല്ലേ ?"

"അത്... ഏട്ടൻ ആദ്യം

മുതലേ...''

''ആര് ? ഏട്ടനോ ? അപ്പോ ഇവനോ ?''

''ഹും ! ഞാൻ ശ്രീയേട്ടൻ – അവൻ ഏട്ടൻ ! എങ്ങനുണ്ട് ?''

''അതൊന്നും ശരിയല്ല. ചേച്ചീടെ ഭർത്താവിനെ ഏട്ടാ എന്നൊന്നും വിളിക്കേണ്ട. പേരു ചേർത്തു തന്നെ വിളിച്ചാൽ മതി. ഇനിമുതൽ നിന്റെ ഭർത്താവായ ഇവനെയാണ് നീ ഏട്ടാ എന്ന് വിളിക്കേണ്ടത് – മനസ്സിലായോ ?''

ശ്രീയേട്ടന്റെ അമ്മയുടെ കർശനസ്വരം കരളിൽ ആണിയടിച്ച തുപോലെ തുളച്ചുകയറി. അന്നാദ്യമായി ഏട്ടാ എന്നുള്ള വിളി തൊണ്ടയ്ക്കുള്ളിൽ കിടന്ന് പഴുക്കുന്നതറിഞ്ഞു.

''പിന്നൊരു കാര്യം''

ബെഡ്റൂമം ലാമ്പിന്റെ അരണ്ടവെളിച്ചത്തിൽ ശ്രീയേട്ടന്റെ മുഖം നീലവർണ്ണമായിരുന്നു. ശബ്ദം അകലങ്ങളിൽ നിന്നു കേൾക്കുന്നതുപോലെ അവ്യക്തമായി മുഴങ്ങി.

''ഇനി മേലിൽ അവൻ നിന്നെ ഉമേ എന്നല്ലാതെ മറ്റൊന്നും വിളിക്കരുത്. അത് നീ തന്നെ അവനോട് പറയണം.''

സ്വന്തം കൂടപ്പിറപ്പിനേക്കാളും സ്നേഹത്തോടെയും വാത്സല്യത്തോടെയുമാണ് ഏട്ടൻ ഉമ്മാച്ചു എന്നുവിളിക്കുന്നത്. ഒരിക്കൽ അച്ഛൻ തന്നെ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്.

''അനന്തൻ സ്നേഹിക്കാൻ മാത്രം അറിയുന്നവനാണ്. എന്റെ മക്കളെ ഞാൻ പോലും ഇത്രയും അരുമയോടെ വിളിച്ചിട്ടില്ല; മക്കളെ, നിങ്ങൾ ജനിക്കുന്നതിനും മുമ്പ് ഞങ്ങൾക്കൊരു ആൺകുഞ്ഞ് പിറന്നിരുന്നു. ആറുമാസം മാത്രം ആയുസ്സുമായി ജനിച്ചവൻ... അനന്തന്റെ സ്നേഹം കാണുമ്പോൾ ഇപ്പോൾ തോന്നുന്നു ആ കുഞ്ഞ് മരിച്ചിട്ടില്ല എന്ന്.''

അതെ, തനിക്കും ഇന്നുവരെ അതങ്ങനെയേ തോന്നിയിട്ടുള്ളു. ആ സ്നേഹം, ആ കരുതൽ... ആ മുഖത്തുനോക്കി താനെങ്ങനെ പറയും എന്നെ ഉമ്മാച്ചു എന്നു വിളിക്കേണ്ടെന്ന്...

''എനിക്കു വയ്യ, അത് ശ്രീയേട്ടൻ തന്നെ പറഞ്ഞാൽ മതി.''

''എന്തേ നിനക്കു പറഞ്ഞാൽ ?''

''അത് നിങ്ങൾക്കു പറഞ്ഞാൽ മനസ്സിലാവില്ല!''

''നിങ്ങളോ ?''

''സോറി, ഏട്ടന്...''

ഒരു കനത്ത മൂളലിൽ ബാക്കിയൊന്നും കേട്ടില്ല. ചെവികൾ കൊട്ടിയടച്ചതുപോലെയായി. പിന്നൊരുനാൾ, തറവാട്ടിൽ എല്ലാവരും കൂടി പങ്കെടുക്കേണ്ട ഒരു സന്ദർഭത്തിൽ ഏട്ടൻ കാറിൽ നിന്നിറങ്ങും മുമ്പേ ഓർമ്മിപ്പിച്ചു.

''ഓർമ്മയുണ്ടല്ലോ ഉമേ, സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കരുത്.''

ഇങ്ങോട്ട് വരുന്നതിനെച്ചൊല്ലി തലേന്ന് രാത്രി പോലും തർക്കമായതാണ്. ശ്രീയേട്ടൻ വരുന്നില്ലെന്ന് ശഠിച്ചു. ഒടുവിൽ എല്ലാവരുടേയും മുന്നിൽവെച്ചുതന്നെ ഏട്ടനെ പേരുകൂട്ടി അനന്തേട്ടാ എന്നു വിളിക്കാമെന്ന് തന്നെക്കൊണ്ട് ആണയിട്ട് സമ്മതിപ്പിച്ചപ്പോഴാണ് ഒന്ന് അയഞ്ഞത്.

വിങ്ങുന്ന ഹൃദയവുമായി ഏട്ടനിൽ നിന്നും ഒഴിഞ്ഞുമാറി നടന്നു. എല്ലാവരേയും ഒളിക്കാം പക്ഷേ... ചേച്ചിയുടെ മുമ്പിൽ വയ്യ. അകായിലെ തണുത്ത ഇരുട്ടിൽ ചേച്ചിയുടെ തോളിൽ ഈറൻ കവിളുകൾ ചേർത്തുവെച്ച് ഒരുപാട് നാളുകൾക്കുശേഷം പെയ്തൊഴിഞ്ഞു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ ചേച്ചിയും വിങ്ങുകയായിരുന്നു.

''മോളേ, നീ പെട്ടെന്ന് പോയി ഏട്ടനെ പേരു ചേർത്തുവിളിച്ചാൽ ആ മനസ്സ് തകർന്നുപോകില്ലേ ?''

''പിന്നെ ഞാനെന്തു ചെയ്യും ?''

ഒരു ദീർഘനിശ്വാസത്തിനൊടുവിൽ ചേച്ചി തന്നെ ഏട്ടനോട് നേരിട്ട് അവതരിപ്പിക്കാമെന്ന് ഏറ്റു. ഭക്ഷണം കഴിഞ്ഞ് എല്ലാവരും നേരംപോക്കിനായി ചീട്ടുകളിക്കാനിരുന്നു. കളിക്കിടയിൽ ശ്രീയേട്ടൻ ഒരു ഗ്ലാസ് വെള്ളം ആവശ്യപ്പെട്ടു. വെള്ളവുമായി ചെന്നപ്പോൾ ശ്രീയേട്ടൻ കണ്ണുകൾകൊണ്ട് ആംഗ്യം കാണിച്ചു. തൊട്ടടുത്തിരിക്കുന്ന ഏട്ടന് വേണോ എന്ന് ചോദിക്കാൻ. ഉമിനീർ വരണ്ടുപോയ തൊണ്ടയിൽ വാക്കുകൾ ചിതൽ പിടിച്ചുകിടന്നു. ശ്രീയേട്ടന്റെ കൺകോണുകളിൽ കത്തിവേഷത്തിന്റെ രൗദ്രത. മണലാരണ്യത്തിലെ ചൂടുകാറ്റുപോലെയെന്തോ ഒന്നാണ് വായ തുറന്നപ്പോൾ പുറത്തേക്ക് വന്നത്.

''അനന്തപത്മനാഭേട്ടന് വെള്ളം കൊണ്ടുവരട്ടെ ?''

ഒന്നു ഞെട്ടി പിടഞ്ഞുപോയി ഏട്ടൻ. വിറയ്ക്കുന്ന അധരങ്ങൾ ഉള്ളിലേക്ക് കടിച്ചമർത്തുന്നത് കണ്ടു. ദൈന്യതയോടെ ആ കണ്ണുകൾ തന്റെ നേർക്കുനീണ്ടു. ശ്രീയേട്ടന്റെ കണ്ണുകളിൽ ഒരു വന്യമായ സംതൃപ്തി.

ഏട്ടന്റെ തൊട്ടടുത്തിരുന്ന അച്ഛൻ ചീട്ടുകൾ മേശമേൽ ഇട്ടുകൊണ്ട് പതുക്കെ എഴുന്നേറ്റു. അമ്മയും ചെറിയമ്മയും ഇറയത്തിന്റെ ചായ്പ്പിലൂടെ ഏട്ടന്റെ മുഖം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഏട്ടൻ തളരുന്നത് അമ്മയുടെ പുറകിൽ നിന്നിരുന്ന ചേച്ചി അറിഞ്ഞു. അടുത്ത ഒരു വിളി പ്രതീക്ഷിച്ചതുപോലെ ചേച്ചി ഒരു ഗ്ലാസ് തണുത്ത വെള്ളവുമായി ഏട്ടന്നരുകിലേക്കോടി.

ഏട്ടന്റെ ഓരോ ചലനങ്ങളും എന്തിന് മൗനം പോലും വായിച്ചെടുക്കാൻ ചേച്ചിക്കുമാത്രമേ കഴിയൂ. ചേച്ചിയുടെ കൈയിൽ നിന്നും വെള്ളം വാങ്ങി ഏട്ടൻ കുടിക്കുകയല്ല എഴുന്നേറ്റുപോയി മുഖം കഴുകുകയാണ് ചെയ്തത്.

ചേച്ചിയുടെ മുഖത്തുനോക്കാൻ ത്രാണിയില്ലാതെ മുറിയിൽ കാൽമുട്ടുകളിൽ മുഖമമർത്തി സ്വയം ഇരുട്ടിലൊളിക്കാൻ ശ്രമിച്ചു. മുടിയിഴകളിൽ പരതിനടക്കുന്ന വിരലായി ചേച്ചി അരികത്തിരുന്നു.

''ഞാനൽപ്പം വൈകിപ്പോയി മോളെ, നീ ഇത്ര പെട്ടെന്ന് പറയുംന്ന് ഞാൻ കരുതീല്യ സാരല്യ അനന്തേട്ടന് മനസ്സിലാകും.''

വൈകുന്നേരങ്ങളിൽ അച്ഛനും ചെറിയച്ഛനും ഏട്ടനും കൂടി നടക്കാനിറങ്ങാറുണ്ടായിരുന്നു. ശ്രീയേട്ടൻ ആ കൂട്ടത്തിൽ പെടാറില്ല. അന്നത്തെ നടത്തത്തിലുടനീളം ഏട്ടൻ മൗനിയായിരുന്നു. അച്ഛനും ചെറിയച്ഛ

നും ഒരുപാട് ആശ്വസിപ്പിക്കാൻ ശ്രമിച്ചു. തിരിച്ചുനടക്കുമ്പോൾ ഏട്ടൻ പറഞ്ഞു, ''ഇത്രനാളും ഏട്ടാ എന്നു വിളിച്ചിരുന്ന കുട്ടി പെട്ടെന്നൊരു ദിവസം പേരുചേർത്ത് വിളിക്കണമെങ്കിൽ എത്രമാത്രം മനസ്സംഘർഷം അനുഭവിച്ചിട്ടുണ്ടാകും. എനിക്കു മനസ്സിലാകും ഉമ്മാച്ചുവിന്റെ വേദന...

അതായിരുന്നു എന്റേട്ടൻ ! ആ വലിയ മനസ്സാണ് തന്റെ കൺമുന്നിൽ വെള്ളയിൽ പൊതിഞ്ഞു ചില്ലിട്ട പെട്ടിയിൽ കിടക്കുന്നത്. വാടിക്കരിഞ്ഞ തുളസിമാല പോലെ താഴെ അരുകിൽ ചേച്ചിയും...

കണ്ണുകളിൽ മുളകരച്ചു തേച്ചതുപോലെ എരിയുന്നുണ്ടായിരുന്നു. ഉമ്മറത്തുകൂടി നിൽക്കുന്നവരെന്തൊക്കെയോ ചോദിച്ചു. കരൾ നൊന്തു പിടയുന്ന വേദന ഇതിനുമുമ്പ് അനുഭവിച്ചതെപ്പോഴാണ് ? അതെ, അച്ഛൻ അന്നിതുപോലെ കിടന്ന സമയത്ത്. അന്ന് അരികിൽ ഏട്ടനുണ്ടായിരുന്നു - താങ്ങായി, തണലായി, ഒരു ഉൾക്കരുത്തായി, കരളുറപ്പുള്ള ഒരു കൂടപ്പിറപ്പ് കൂടെയുള്ളത് ഏതൊരു പെണ്ണിനും ഒരു കരുത്താണ്. ഒരു ഏട്ടന്റെ സ്നേഹവലയം അതിനുപകരം വെയ്ക്കാൻ ഈ ഭൂമിയിൽ ഒന്നിനുമാകില്ല. ഒരുപാട് വർഷങ്ങൾക്കുശേഷം ഇതാ വീണ്ടും തന്റെ കണ്ണുകളിൽ ഒരു നീർക്കുടം പൊട്ടിയൊഴുകുന്നു. അകമൊരു അഗ്നിപർവ്വതം പോലെ പുകയുന്നു.

ഒരമ്മയുടെ വയറ്റിൽ പിറന്നില്ലെങ്കിലും നിറഞ്ഞ ഹൃദയത്തോടെ തന്നെ ഉമ്മാച്ചു എന്നുവിളിക്കാറുള്ള തന്റെ ആങ്ങളയാണ് ഈ കിടക്കുന്നത്. അൽപ്പം കഴിഞ്ഞാൽ ഒരുപിടി ചാരമാകാൻ പോകുന്ന എന്റെ ഏട്ടൻ.

ആ കാൽക്കീഴിൽ ഞാൻ ഞെട്ടറ്റുവീഴട്ടെ... പൊട്ടിത്തകർന്ന മനസ്സോടെ ചിതയുടെ തീനാളങ്ങൾക്ക് അടിയറവെയ്ക്കും മുമ്പ് ഈ ഉമ്മാച്ചുവിനോട് പൊറുക്കണേ ഏട്ടാ... പിന്നിലേക്ക് തളർന്നുവീണുപോകാനാഞ്ഞ അമ്മയെ ഹരിക്കുട്ടൻ തന്നോട് ചേർത്തുനിറുത്തി.

# മാസങ്ങളിൽ ഞാൻ മാർകഴി...



**ടി. ജെ. നായർ**
**9446630412**

**സൂ**ര്യോദയത്തിന് തൊട്ടുമുമ്പുള്ള സുപ്രഭാതങ്ങൾ ഓരോന്നും പുണ്യമുഹൂർത്തങ്ങളാണ് - ഐശ്വര്യദായകമാണ്. ഇതിന് ബ്രഹ്മമുഹൂർത്തം എന്നുപറയും.

സൂര്യോദയത്തിനുമുമ്പ് കുളിച്ച് - നിത്യകർമ്മങ്ങൾ അനുഷ്ഠിച്ച് ഒരുങ്ങിവൃത്തിയായിരിക്കണം എന്ന് നമ്മുടെ പൂർവ്വീകർ മക്കളെ ഉപദേശിക്കുവാനും കാരണം ഇതുതന്നെയാണ്.

മനുഷ്യർ പോലെത്തന്നെ അത്യദ്ധ്വാനത്താൽ വാടിയിരിക്കുന്ന ഭൂമിയും - അതിലെ സർവ്വ ജീവജാലങ്ങൾപോലെയാണ് സർവ്വചരാചാരങ്ങളും. ആ ക്ഷീണമകറ്റുവാനുള്ള മാർഗ്ഗമാണ് രാത്രിയിലെ ഉറക്കം. ഉറക്കത്തിനാൽ ഏവരുടേയും ഉടലും ഉള്ളവും പുത്തനുണർവ്വുമായാണ് രാവിലെ ഉറക്കമുണർന്നെഴുന്നേൽക്കുന്നത്. ഈ ഉന്മേഷം മനുഷ്യരിൽ മാത്രമല്ല - പുല്ലിലും, ചെടിയിലും - സർവ്വജീവജാലങ്ങളിലും ദൃശ്യമാണ്.

മനോഹരമായ ഈ ബ്രഹ്മമുഹൂർത്തം - ആരാധനയ്ക്കും, പഠനത്തിനും, വ്യായാമത്തിനും കാർഷികവൃത്തിക്കും എന്നുവേണ്ട - എല്ലാവിധ സൽക്കർമ്മങ്ങൾക്കും അത്യുത്തമമാണ്. ഈ സുപ്രഭാതങ്ങളിൽ ശരീരത്തിൽ ഉണ്ടാകുന്ന മാസ്മരിക ശക്തികളെ ഇപ്പോൾ ആധുനിക ശരീരശാസ്ത്രവും ശരിവെക്കുന്നുണ്ട്. മനുഷ്യശരീരത്തിൽ ഉന്മേഷം കരകവിഞ്ഞൊഴുകുന്ന ഈ സുപ്രഭാതത്തിൽ ആരുംതന്നെ മൂടിപ്പുതച്ചുകിടന്നുറങ്ങുന്നത് ആരോഗ്യത്തിന് ഹാനികരമാണ്.

സൂര്യനെ കേന്ദ്രമാക്കി വിശ്രമിക്കാതെ സദാ നേരവും ചരിച്ചുകൊണ്ടിരിക്കുകയാണല്ലോ നാം പാർക്കുന്ന ഭൂമി. ഭൂമിയ്ക്ക് സൂര്യനെ ഒരുപ്രാവശ്യം ചുറ്റിവരുവാൻ ഒരുവർഷം എന്നാണല്ലോ കണക്ക്. ആ കണക്ക് പ്രകാരമാണ് നമ്മുടെ ഉത്തരായനവും ദക്ഷിണായനവും. കർക്കിടമാസം മുതൽ ധനുമാസം വരെയുള്ള ആറുമാസക്കാലം ദക്ഷിണായനം. മകരം മുതൽ മിഥുനം വരെയുള്ള ആറുമാസം - ഉത്തരായനം. നമ്മുടെ ഒരുദിവസം എന്നുപറയുന്നത് ഒരുരാവും ഒരുപകലും ആണെങ്കിൽ ദേവലോകത്ത് ഉത്തരായനം ഒരുപകലും ദക്ഷിണായനം ഒരു രാത്രിയുമാണ്. അതുതന്നെയാണ് ദേവന്മാരുടെ ദീർഘായുസ്സിന്റെ രഹസ്യവും. ഈ കണക്കുപ്രകാരം ദേവന്മാരുടെ ബ്രഹ്മമുഹൂർത്തം ദക്ഷിണായനത്തിലെ അന്തിമപാദമായ ധനുമാസമാകുന്നു - മാർകഴിപ്രഭാതങ്ങൾ. അതുകൊണ്ടാണ് മാർകഴി പ്രഭാതങ്ങളുടെ പ്രസക്തിയും.

ഈ കാര്യം നമ്മെ ഓർമ്മിപ്പിക്കുകയാണ് ശ്രീകൃഷ്ണഭഗവാൻ - ഗീതയിലെ 'മാർകഴി മാഹാത്മ്യ'ത്തിൽ - മാസങ്ങളിൽ ഞാൻ മാർകഴി... എന്നീ വരികളിലൂടെ.

## അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

മാമ്പള്ളം വിജയൻ**
9448312631, 9444540631

# നോവൽ വായനയിലെ ആസുരകാലം

തുടർച്ച...

**നോ**വൽ വായനായജ്ഞത്തിന്റെ പ്രാഥമിക ലക്ഷ്യം എന്റെ തമിഴ് ടീച്ചറുടെ പ്രഭാഷണ ദൗത്യം വിജയിപ്പിക്കുക എന്നതായിരുന്നു എങ്കിലും പന്ത്രണ്ട് നോവലുകൾക്കുശേഷം ടീച്ചർ 'വിജയാ തർപ്പോതെക്ക് ഇത് പോതും' എന്ന് പറഞ്ഞതുകൊണ്ടുമാത്രം എനിക്ക് യജ്ഞം അവസാനിപ്പിക്കാനായില്ല (ഒരുപണം കൊടുത്തു പാടാൻ പറഞ്ഞിട്ട് പത്തുപണം കൊടുത്താലും പാട്ടു നിറുത്താത്തപോലെ). കാശിറക്കി അസംഖ്യം നോവലുകൾ മേടിച്ചിരുന്നു എന്നതിനുപുറമെ മറ്റു ചില സംഗതികളും എന്നെ യജ്ഞം തുടരാൻ പ്രേരിപ്പിച്ചു.

ഒന്ന് – പ്രളയം, അഗ്നി എന്നീ പ്രതിഭാസങ്ങൾ ഇപ്പോഴും പുസ്തക സംഹാരികളായി നിലവിലുണ്ട് (ഇവിടെ ലേഖകൻ ചൂടുവെള്ളത്തിൽ വീണ പൂച്ചയാണെന്നത് ഓർക്കുക). രണ്ട് – ഒരു ശരാശരി പൗരന്റെ ആയുസ്സു കണക്കാക്കിയാൽ വായനയ്ക്കായി അധികം സമയം നീക്കിയിരിപ്പില്ല (അതുപോലും അപഹരിക്കാൻ ആഗോളശക്തികൾ എന്തെല്ലാം വേലകളാണ് ഇറക്കുന്നത്). മൂന്ന് – എഴുത്തിന്റെ സാക്ഷാത്കാരം വായനയിലൂടെ നിറവേറ്റുകയെന്നത് വർഗ്ഗബോധമുള്ള ഓരോ എഴുത്തുതൊഴിലാളിസഖാവും (കൂലിയെഴുത്തുകാരെ ഇവിടൊഴിവാക്കുന്നു) സഹകരണ മനോഭാവത്തോടെ അനുവർത്തിക്കേണ്ടതാണ്. തുടർന്ന് വായനയിലെ കൃതികളുണർത്തിയ അത്ഭുത ചിന്തകളുടെ മറ്റൊരു ദശാവതാരം താഴെ പ്രതിപാദിച്ചിരിക്കുന്നു.

**രാജീവൻ്റെ നാരായണൻ[1]**

'കെ. ടി. എൻ. കോട്ടൂർ – എഴുത്തും ജീവിതവും' എന്ന പേരു കേട്ടാൽത്തന്നെ അതൊരു ആത്മകഥാവലംബിയായ കൃതിയാണെന്ന് സാമാന്യബുദ്ധികൾ ധരിക്കും. കഥ ആത്മസ്പർശിയാണെന്നത് ഒരുവശം. അതിലുമുപരി യഥാർത്ഥ സ്ഥല- കാല-സമൂഹ പശ്ചാത്തലത്തിൽ പ്രതിഷ്ഠിച്ച കെ. ടി. എൻ. കോട്ടൂർ എന്ന കഥാപാത്രം ശ്വസിക്കുന്ന വായുവരെ നമുക്ക് സുപരിചിതമാണ്. അതുകൊണ്ടുതന്നെ കൊയിലോത്ത്താഴെ നാരായണൻ ഭാവനാ സൃഷ്ടിയാണെന്ന് ആർക്കെങ്കിലും വിശ്വസിക്കാനാവുമോ? രാജീവൻ ഒരു ഭയങ്കരനായ എഴുത്തുകാരനാണ്. കോട്ടൂരെഴുതിയ പുസ്തകങ്ങൾ അന്വേഷിച്ച് കോന്നിമാറ ലൈബ്രറിയിലേക്ക് പോയാലും തരക്കേടില്ലെന്ന് എന്നെ ചിന്തിപ്പിച്ച എഴുത്ത് എന്ന് പറയുമ്പോൾ എന്റെ അപാരമായ വിവരദോഷം വ്യക്തമാകുമല്ലോ!

കൃഷ്ണപിള്ള, എ. കെ. ഗോപാലൻ, ഇ. എം. എസ്സ് എന്നിവരുമായുള്ള നായകന്റെ ആശയസംവാദങ്ങൾ എത്ര കണിശമായാണ് ഒരുക്കിയിരിക്കുന്നത്? രാജീവൻ കോട്ടൂരിനെ ആവാഹിച്ചതോ അതോ കോട്ടൂർ രാജീവനെ ആവാഹിച്ചതോ എന്ന് പിടികിട്ടാത്തവിധം ഒരു സ്വാഭാവികമായ ഒഴുക്ക്. പുരുഷമേധാവിത്വമുള്ള നോവലിൽ ഇടയ്ക്ക് നഞ്ചെന്തിനു നാനാഴി എന്നപോലെ പ്രത്യക്ഷപ്പെടുന്ന ചില സ്ത്രീകഥാപാത്രങ്ങൾ (ദേവയാനി, വിശാലാക്ഷി, കുറത്തി കുഞ്ഞൂലി, സുശീല, ലക്ഷ്മിക്കുട്ടി, സുബ്ബമ്മാൾ എന്നിവർ) ശ്രദ്ധേയരാണ്.

നോവലിന്റെ ഒടുക്കം പാതിരായ്ക്ക് കിട്ടിയ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ ദേശീയ പതാകയെ മറീനയിൽ ഉച്ചയ്ക്കുശേഷം സല്യൂട്ട് ചെയ്യുന്ന കെ. ടി. എൻ. കോട്ടൂർ പതാകഗാനം ഓർമ്മിക്കാൻ പണിപ്പെടുമ്പോൾ സ്വന്തം കോട്ടൂരിൽ അദ്ദേഹത്തെ ഒരു നകുലന്റെ മാത്രം സ്മൃതിയിൽ അവശേഷിപ്പിക്കുന്നു. എല്ലാ മഹാന്മാരും ജീവിച്ചിരിക്കുമ്പോൾത്തന്നെ വിസ്മൃതിക്കർഹരാണെന്ന് സൂചന. വല്ലവനും ഓർക്കുമെന്നു കരുതി ഒന്നും ചെയ്തുകൂട്ടല്ലേ! മഹത്കർമ്മം ചെയ്തവരെ പൊക്കിപ്പിടിക്കുന്നവരുടെ കൈകൾ അത് തങ്ങൾക്ക് ഗുണം ചെയ്യാത്ത മെനക്കേടൻ പണിയാണെന്ന് വെളിവാകുമ്പോൾ താനെ താഴും. ആകെപ്പാടെ ഒരു ഉശിരൻ വായനാനുഭവം.

**അബുവിന്റെ പാദുകപൂജ[2]**

അമ്പത്താറുപേജിൽ ആസകലാൽ അങ്കലാപ്പുണ്ടാക്കുന്നതാണ് അബു അബിനുവിന്റെ 'പെൺചെരിപ്പുകൾ'ലെ എഴുത്ത്. (ആദ്യവാചകത്തിൽ അഞ്ച് അകാരശബ്ദങ്ങളോ എന്ന ശകാരമരുത്!) കാലുകൾ കണ്ടാൽ അവയ്ക്ക് അനുയോജ്യമായ ചെരിപ്പുകൾ തിരഞ്ഞെടുക്കാൻ കഴിവുള്ള പേരില്ലാത്ത ഒരാളുമായി ഇടപെടുന്ന കുറേ പേരുള്ള കഥാപാത്രങ്ങൾ. വാക്കുകൾകൊണ്ടുള്ള കയ്യാംകളിപോലെ ഒരു 'കാലാംകളി'. എഴുതിയത് വായിക്കുന്നതിനേക്കാൾ എഴുതാപ്പുറം ചിന്തിക്കേണ്ടി വരുന്ന കൃതി. വായിച്ചുകഴിയുമ്പോൾ തലയിലിരിക്കുന്നതിനേക്കാൾ കാലിലിരിക്കുന്നുവെന്നു തോന്നിയാലും അത്ഭുതമില്ല. ശിഹാബുദ്ദീൻ പൊയ്തുംകടവ് അവതാരികയിൽ പറഞ്ഞ സംഗതികൾ മനസ്സിലാക്കാൻ ഒരു പുനർവായന വേണ്ടിവന്നു (ബുദ്ധിമാന്ദ്യം അത്ര മൂപ്പെത്തിയിരിക്ക്ണൂ!).

പലേടത്തും പ്രത്യക്ഷപ്പെടുന്ന 'കൂർക്കം' ഒരിടത്ത് 'കൂർഖം' എന്നാണ് അവതരിച്ചത്. അക്ഷരപ്പിശകാണെന്നാലും എനിക്ക് ഒരർത്ഥം

തോന്നി. മൂർഖൻ എന്ന പദവുമായി സാമ്യമുള്ളതുകൊണ്ട് അല്പം മുന്തിയ വിഷയമയമായ കൂർക്കം എന്നുദ്യോതിപ്പിക്കാൻ 'കൂർഖം' എന്നെഴുതിയാൽ മതിയാവുമല്ലോ. ഈ ജനുസ്സാണ് വിവാഹമോചനങ്ങൾക്ക് ഹേതുവാകുന്നതെന്ന് പറയേണ്ടതില്ലല്ലോ.

**മരിച്ചതാരോ ചെട്ടിയാരോ?**[3]

ബാബു ഭരദ്വാജ് 'ഗണപതി ച്ചെട്ടിയാരുടെ മരണം: ഒരു വിയോജനക്കുറിപ്പ്' എഴുതിയിരിക്കുന്നത് ഒട്ടും വളവില്ലാതെയാണ്. ആവശ്യമില്ലാത്ത കഥാപാത്രങ്ങളെ പടിപ്പുറത്ത് നിറുത്തി കഥ കൊണ്ടുപോകുന്ന അദ്ദേഹത്തിന്റെ കഴിവ് അപാരം തന്നെ. അച്ഛനും അമ്മയും ലോകമാണെന്നു സങ്കൽപ്പിച്ച് അവരെ പ്രദക്ഷിണംവെച്ച ഗണപതിയുടെ പേരു തന്നെ ചെട്ടിയാർക്ക് കൊടുത്തത് ഭേഷായി. അമ്മ നിയന്ത്രിച്ച ഭ്രമണപഥത്തിനുമപ്പുറം ചരിക്കാത്ത ഒരു ചെറുഗോളം അവരുടെ തിരോധാനത്തിൽ നിയന്ത്രണംവിട്ടുപോകുന്നത് സ്വാഭാവികം മാത്രം. ഭരദ്വാജിന്റെ ഭാഷ കേമമായിട്ടുണ്ട്.

ഒറ്റശ്വാസത്തിൽ കഥപറയാനുള്ള ശ്രമത്തിലായിരുന്നു ഭരദ്വാജ്. എഴുപത്തിനാലു പേജുള്ള കഥ ഒറ്റശ്വാസത്തിൽ പറഞ്ഞവസാനിക്കുമ്പോൾ കഥാകാരന്റെ കഥയും തീരുമല്ലോ. ആ മാരണം ഒഴിവാക്കാൻ ഇടയ്ക്ക് ശ്വാസം എടുത്തതുപോലെ ചില ഖണ്ഡികകളുടെ ആദ്യാക്ഷരം കറുപ്പിച്ചിട്ടുണ്ട്. വായനയിൽ അവയൊന്നും തടസ്സമേ അല്ല കേട്ടോ.

**മീൻവാസനിക്കുന്ന പെണ്ണ്**[4]

ജയൻ ശിവപുരത്തിന്റെ 'മത്സ്യഗന്ധി' ഒരു രസകരമായ കഥയാണ്. ഇതിലെ നായകൻ വിനയന്റെ കാമുകി ഒരു സത്യവതിയാണ്. പുരാണത്തിലെ മത്സ്യഗന്ധിയായ സത്യവതിയെ തന്നിൽ പുനരുജ്ജീവിപ്പിക്കുന്ന ഒരസാധാരണ സ്ത്രീകഥാപാത്രം. സുരതാനന്തരഫലത്തിന് ബാധ്യതയേൽക്കാത്ത പരാശരനെപ്പോലൊരു നായകനിൽനിന്നും പൊന്മുടിയിലെ പുഴയിൽ വള്ളത്തിൽകിടന്നു സ്വീകരിച്ച വിത്ത് മുളയ്ക്കുന്ന നേരത്ത് മറ്റൊരുവന്റെ ഭാര്യയാകാനുള്ള തീരുമാനമെടുക്കുന്ന നായിക താനെഴുതിയ മത്സ്യഗന്ധിയുടെ കഥയും, കഥയില്ലായ്മയും നായകനെ ഏൽപ്പിക്കുന്നു (യമുനയിലൊഴുക്കുന്ന കുഞ്ഞിനെപ്പോലെ). കഥ വായിച്ച് നായികയെ കാണാൻ വെമ്പി അന്വേഷിച്ചുചെല്ലുമ്പോൾ അവളെപ്പറ്റി ഒരു വിവരവും കിട്ടാതെ നായകൻ വലയുന്നു. ജീവിതഗന്ധിയായ മത്സ്യഗന്ധി പുരാണേതിഹാസങ്ങളിലെ മത്സ്യഗന്ധിയെപ്പോലെ തിരയ്ക്കുപുറകിൽ മറയുന്നു. രസകരമായ എഴുത്ത്. ആണെഴുത്ത് പെണ്ണെഴുത്താക്കാൻ വിരുതുള്ള സൂത്രക്കാരനാണ് ജയൻ.

**താരനിശയിലെ നിശാതാരം**[5]

രണ്ടാം പേജിൽതന്നെ ഒരു ബലാത്കാരത്തിനിരയാകുന്ന, നാലാം പേജിൽ പാഠപുസ്തകങ്ങൾ ചെളിക്കുണ്ടത്തിലേക്ക് വലിച്ചെറിഞ്ഞ് പഠിത്തം നിറുത്തിയതായി പ്രഖ്യാപിക്കുന്ന, അഞ്ചാം പേജിൽ അമ്മയുടെ ഒന്നരയും ബ്ലൗസുമണിഞ്ഞ് ഒരുമ്പെട്ടവളായി അവതരിപ്പിക്കുന്ന നായികയെ പടച്ചത് സി. രാധാകൃഷ്ണനാണോ എന്ന് അന്തംവിട്ടുപോയി. സിനിമയുടെ കുത്സിതലോകത്തിലേക്ക് തന്മയത്വത്തോടെ അടിവെച്ചു നീങ്ങുന്ന സീതയുടെ ജീവിതം ഒരുക്കാൻ അതുവേണ്ടിവന്നു. ശക്തമായ ഒരു കഥാപാത്രം ജീവിതം സിനിമയാക്കി തകർത്തഭിനയിക്കുന്നത് അത്ഭുതത്തോടെ നോവലിൽ വായിക്കാം.

അർബ്ബുദവായനയിൽ ഒരു യഥാർത്ഥ അർബ്ബുദം ഇവിടെ വരുന്നു. മരണത്തെപ്പോലും നാണം കെടുത്തുന്ന ആ ഒരുമ്പെട്ടവൾ തന്റെ സമ്പാദ്യം അഗതികൾക്ക് നല്കുന്നതിനായി പഴയ കാമുകൻ ബാലനെ ഏൽപ്പിക്കവേ പറയുന്ന വാക്കുകൾ ശ്രദ്ധിക്കൂ: 'ചില്ലറക്കാശിന് ദേഹം വിറ്റ് രോഗികളും അവശരുമായി നരകിക്കുന്നവർക്ക് പക്ഷേ, ഒരു സഹായവും ചെയ്തുപോകരുത്. ദൈവം നൽകിയ കഴിവുകൾ ശരിയായി ഉപയോഗിക്കാത്ത കുറ്റത്തിനുള്ള ശിക്ഷയാണ് അവർ അനുഭവിക്കുന്നത്.' (നളിനി ജമീല ഇത് വായിച്ചു കാണുമോ!) ഗുരുവായൂരമ്പലനടയിലെ നാരായണിയെന്ന പിച്ചക്കാരിക്കും കൊച്ചിനും സ്വത്തിൽ വകയിരുത്തുന്ന സീതയ്ക്ക് തന്റെ സ്വന്തം വർഗ്ഗത്തിന്റെ അസമർത്ഥതയോടുള്ള അസഹിഷ്ണുത എനിക്ക് പിടികിട്ടാത്ത ഒന്നാണ്.

**പാണ്ഡവപുരവാസം**[6]

കൂടോത്രത്തിനിരയാക്കിയെന്ന് വിശ്വസിച്ച് കുഞ്ഞിക്കുട്ടൻ ഭാര്യ ദേവിയെ പീഡിപ്പിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുമ്പോൾ ദേവിയിൽ ഒരു നീണ്ടകാല അസ്വസ്ഥതയ്ക്ക് വിത്തുപാകുന്നു. അങ്ങിനെ പാണ്ഡവപുരം രൂപംകൊള്ളുന്നു. കുഞ്ഞിക്കുട്ടൻ പാണ്ഡവപുരത്ത് ഫാക്ടറിയിൽ ജോലി ചെയ്തതും സഹപ്രവർത്തകനും അയൽവാസിയുമായ അയാളു(ജാരനു)മായി അവൾ അടുക്കുന്നതും ഒടുവിൽ പാണ്ഡവപുരം ഉപേക്ഷിച്ച് നാട്ടിലേക്ക് മടങ്ങുന്നതും കഥയിലെ ഒരുഭാഗം. നാട്ടിലെത്തി ചില വർഷങ്ങൾക്കുശേഷം അയാളെ (ജാരനെ) ആവാഹിച്ചുവരുത്തുന്നതും, അയാളുടെ പത്തിയിൽ ചവിട്ടിച്ചതച്ച് രായ്ക്കുരാമാനം പാണ്ഡവപുരത്തേക്ക് മടങ്ങാൻ പ്രേരിപ്പിക്കുന്നതും, വീണ്ടും അടുത്ത ജാരനുവേണ്ടി സ്റ്റേഷനിൽ ചെന്നു കാത്തിരിക്കുന്നതും മറുഭാഗം. ദേവിയെ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു എന്നുപറഞ്ഞാൽ അത് ശുദ്ധ നുണയാവും. എന്നെപ്പോലെ വിഷമിക്കുന്ന രണ്ടു കഥാപാത്രങ്ങൾ നോവലിലുമുണ്ട്, ദേവിയുടെ മകൻ രഘുവും, കുഞ്ഞിക്കുട്ടന്റെ അനിയത്തി ശ്യാമളയും.

പാണ്ഡവപുരത്തിൽ സങ്കീർണ്ണമായ സങ്കൽപ്പങ്ങളും അവതാരണവുമാണെന്ന് വലിയ നിരൂപകർ പറയുമ്പോലൊന്നും നിരൂപിക്കാൻ ഞമ്മക്ക് ബയ്യ. ഒന്നു മനസ്സിലായി സേതു ഒരൊന്നാന്തരം കൂടോത്രക്കാരനാണ്. കഥയിൽത്തന്നെ കഥയില്ലായ്മയുടെ സൂചന നൽകുന്ന സൂത്രം സേതുവാശാൻ പ്രയോഗിക്കുന്നത് ശ്രദ്ധിക്കൂ: അസ്വസ്ഥമായ മനസ്സുകളിൽ പാണ്ഡവപുരം ജന്മം കൊള്ളുന്നു. മറ്റൊരു പാണ്ഡവപു

രം സൃഷ്ടിക്കാൻ മാത്രം അസ്വസ്ഥത വായിച്ച എനിക്കുംണ്ടായീട്ടാ!

**വ്യസനപ്പൊതി സൗജന്യം![7]**

ഒരു വ്യാഴവട്ടക്കാലത്തിനു മുമ്പ് ഒരു നാൾ എന്റെ 'ഇൻ ബോക്സിൽ' ഒരു കിടിലൻ സന്ദേശം വന്നു ചേർന്നു. എന്റെ ഇ-മെയിൽ അര മില്ല്യൻ പൗണ്ട് ലോട്ടറി അടിച്ചിരിക്കുന്നു. അത് കരസ്ഥമാക്കാൻ കുറേ നിർദ്ദേശങ്ങളും ചേർത്തിട്ടുണ്ട്. എന്റെ സാമാന്യജ്ഞാനം വെച്ച് അത്രയും വലിയ ഫോറിൻ എക്സ്ചേഞ്ച് സ്വീകരിക്കാൻ പ്രശ്നം ഉണ്ടാകുമെന്ന് ഊഹിച്ചു. സമീപത്തുള്ള എച്ച്. എസ്. ബി. സി. ബാങ്കിൽ അന്വേഷിച്ചപ്പോൾ എൻ. ആർ. ഐ. ആയവർക്കല്ലാതെ അത്തരം ഫോറിൻ എക്സ്ചേഞ്ച് വിനിമയം സാദ്ധ്യമല്ലെന്നറിഞ്ഞു. ഉടനെ ആർ. ബി. ഐക്ക് ഒരു മെയിൽ അയച്ചു. താമസംവിനാ ഒരു ഡെപ്യൂട്ടി ഗവർണറുടെ (ഒരു വനിതയാണ്, അവരുടെ പേരോർമ്മയില്ല) മറുപടി വന്നു: 'മൈ ഡിയർ സൺ, ദേർ ഈസ് നോ ഫ്രീ ലഞ്ച് ഇൻ ദിസ് വേൾഡ്.' ജീവിതത്തിൽ എനിക്ക് കിട്ടിയ ഏറ്റവും വലിയ ഉപദേശമായി ഞാനാ കുറുസന്ദേശത്തെ കണക്കാക്കുന്നു. അത് ലഭിച്ചില്ലായിരുന്നുവെങ്കിൽ സൈബർ ക്രൈമിലെ അസംഖ്യം ഇരകളിൽ ഞാനും ഒരക്കമായിപ്പോകാമായിരുന്നു.

ഈ അനുഭവപശ്ചാത്തലത്തിൽ അമലിന്റെ 'വ്യസനസമുച്ചയം' വായിക്കുന്നത് തികച്ചും അവാച്യമായ അനുഭൂതിയാണ് നൽകിയത്. വളരെ സങ്കീർണ്ണമയ സൈബർ ക്രൈം മേഘലയെ ആസ്പദമാക്കി ഒരു നോവലെഴുതുക എന്ന കാര്യം അനായാസേന അമൽ സാധിച്ചിരിക്കുന്നു (പിന്നിലെ തപസ്യ ഊഹിക്കാവുന്നതാണ്).

രാംജിത്ത് എന്ന യുവാവ് സുഹൃത്ത് ജംഷദുമായിച്ചേർന്ന് ഫേസ്ബുക്കിലൂടെ പലരേയും തട്ടിപ്പിനിരയാക്കുന്നതും ഒരനിശ്ചിത സംഭവംപോലെ അവർ പോലീസിന്റെ കെണിയിലാകുന്നതും, അവരെ മോചിപ്പിക്കാൻ ഉറ്റവരും ഉടയവരും പെടാപ്പാടുപെടുന്നതും, അതൊരു ചാകരയാക്കി മാറ്റാൻ പോലീസുകാർ ഉത്സാഹിക്കുന്നതും, സന്ദർഭത്തെ മുതലെടുക്കാൻ ചില 'നല്ലവർ' രംഗത്തുവരുന്നതും ഒക്കെയാണ് കഥാവിഷയം. അമൽ ഭാഷ കൈകാര്യം ചെയ്തത് അത്ഭുതത്തിനു വകനൽകുന്നു. ഒരുദാഹരണം നോക്കു: 'ഇക്കാലത്ത് പത്തക്കങ്ങൾ ഏണി ചാരിക്കയറി വന്നാണ് പുരുഷന്മാർ പെൺകുട്ടികളുടെ കന്യകാത്വവും ഭാവിയും പോത്തുകൾ കുളിക്കാനിറങ്ങിയ തോടുപോലെ കലക്കി നശിപ്പിക്കുന്നതെന്നോർത്ത് രജിത പല്ലിറുമ്മി.'

ഫേസ്ബുക്ക് അത്യാവശ്യം ഉപയോഗിക്കുന്ന കൂട്ടത്തിലാണ് ഇതെഴുതുന്നയാൾ. അടുത്ത കാലത്തായി അത് സുഹൃത്തുക്കൾക്ക് പിറന്നാളാശംസിക്കുവാനും, വായിക്കുന്ന പുസ്തകങ്ങളെപ്പറ്റി കുറിപ്പുകൾ പോസ്റ്റ് ചെയ്യുവാനും മാത്രമാക്കി ഒതുക്കിയിട്ടുണ്ട് (ആഘോള ശക്തികളൊരുക്കുന്ന സമയാപഹരണ സൂത്രങ്ങളെപ്പറ്റി ബോധവാനാണ്). ചുളുവിൽ സുഹൃത്തുക്കളുമായി ബന്ധം പുലർത്താൻ ഉതകുകയും നമ്മുടെ ക്രിയാത്മക ഉത്പന്നങ്ങളെ നാലാളറിയൻ സഹായിക്കുകയും ചെയ്യുന്ന സോഷ്യൽ മീഡിയയുടെ കുരുക്കുകളെപ്പറ്റി ബോധവൽക്കരണത്തിന് ഈ കൃതി ഏറെ ഉപകരിക്കും. അധികസമയവായനയ്ക്ക് തയ്യാറല്ലാത്ത യുവതലമുറയ്ക്കായി ഇതിന്റെ ഒരു ലളിത- സംക്ഷിപ്ത രൂപം തയ്യാറാക്കിയാലും വേണ്ടില്ല.

ഒന്നുമാത്രം നാം എപ്പോഴും ഓർക്കണം: 'ദേർ ഈസ് നോ ഫ്രീ ലഞ്ച് ഇൻ ദിസ് വേൾഡ്.' ചക്കാത്തിൽ തക്കാരം ഈ ദുനിയാവിലില്ലാന്ന്! ആരൊക്കെ നമ്മുടെ ജാതകങ്ങൾ വിറ്റു കാശാക്കുന്നുണ്ടെന്ന് പിന്നീടൊരവസരത്തിൽ എഴുതാം.

**മടക്കയാത്രാവിവരണം[8]**

മലയാള നോവൽ വനത്തിലെ വടവൃക്ഷങ്ങളിലൊന്ന് പാറപ്പുറത്താണ് എന്ന് പറഞ്ഞാൽ അത് ഫലിതമല്ലെന്ന് അറിയണം. ജീവിതം ഭാവിയേക്ക് അനസ്യൂതം ചരിക്കുന്ന നിമിഷങ്ങളിലെ ഭൂതത്തിന്റെ ആവേശമാണെന്ന് ആർക്കാണറിയാത്തത് ? 'മനസ്സുകൊണ്ട് ഒരു മടക്കയാത്ര' മനസ്സുള്ളവരെല്ലാം നടത്താറുണ്ട്. അതിൽ കഥാപാത്രങ്ങളും, സംഭവങ്ങളും മുൻവിധിയില്ലാതെ കടന്നുവരുന്നു. ചിട്ടയില്ലാത്ത ഈ പ്രതിഭാസത്തെ യുദ്ധഭൂമിയിലെ ഒരു യഥാർത്ഥപ്രയാണവുമായി ബന്ധിപ്പിച്ച് ചിട്ടപ്പെടുത്തി എഴുതാനായിരുന്നു കഥാകൃത്തിന്റെ ശ്രമം. യാത്രയിലെ അനിശ്ചിത സംഭവങ്ങൾ സംഗതിയാകെ കുഴമാന്തിരമാക്കുന്നു എന്നിരുന്നാലും വായനയിലെ രസച്ചരടിന്റെ പിടിവിട്ടുപോകാത്ത ഈ നോവൽ പറഞ്ഞാലും എഴുതിയാലും തീരാത്ത പട്ടാളജീവിതത്തിന്റെ ബഹുമുഖങ്ങൾ കാട്ടിത്തരുന്നു. ഒത്തിരിത്തവണ നാട്ടിലേക്കും ചാടുന്നുണ്ട് മനം എന്ന കുരങ്ങ്.

നമ്മളേവരുടേയും ഒച്ചിന്റെ വേഗത്തിലുള്ള ജീവിതയാത്രയ്ക്കിടയിൽ പ്രകാശവേഗത്തിൽ മനസ്സു നടത്തുന്ന എത്രയെത്ര മടക്കയാത്രകൾ! യാത്രക്കിടയിൽ ഒന്നിളവേൽക്കുവാനും യാത്രയിലെ അനുഭവങ്ങളത്രയും കുറിച്ചിടാനും നമ്മൾ പാറപ്പുറത്തല്ല എന്നതാണ് ഭാഷയുടെ ദുരന്തം (അതോ സുകൃതമോ?)

**പിന്നെയും നദിയും സൂര്യനും[9]**

ഷീബയുടെ 'മഞ്ഞ നദികളുടെ സൂര്യൻ' വായിക്കുംമുമ്പ് ചൈനയിലെ മഞ്ഞനദിയിൽ പ്രതിഫലിക്കുന്ന ചുവന്ന സൂര്യനായിരുന്നു മനസ്സിൽ. സംഗതി നമ്മുടെ അയലോക്കത്തെ കഥയാണെന്ന് താമസിയാതെ വെളിവായി. നിരുപമയെന്ന എഴുത്തിന്റെ സൂക്കേടുള്ള കഥാപാത്രം തന്റെ ചില കൃതികൾക്ക് പ്രതികരണമായി Sun of the Yellow River എന്ന സ്രോതസ്സിൽ നിന്നും വന്ന ഇ-മെയിലിന്റെ വാലിൽതൂങ്ങി ചിറക്കൽ എന്ന ഇടത്തേക്ക് സ്ഥലം മാറിപ്പോകുന്നു. സ്ഥലത്തെ ഉറഞ്ഞുപോയ വിപ്ലവരക്തങ്ങളെ തിരഞ്ഞ് അവരുടെ കഥയും കഥയില്ലായ്മയും കലർത്തി ഒരു കൃതി നിർമ്മിക്കുന്നു. അതോടു സാമ്യമുള്ള വിഷയത്തിൽ നിർമ്മിച്ചൊരു ഡോകുമെന്ററിയോടൊപ്പം പ്രകാശിപ്പിക്കുന്നു. കയ്യടികൾ! ഹായ്ഹായ്വിളികൾ! സഹായങ്ങൾ നൽകി കുറേദൂരം സഹചാരിയായി വർത്തിച്ച ആളാണ് Sun of the

Yellow River എന്ന് കഥാകാരി ചിറക്കൽ എത്തുംബ്ലയ്ക്കും ഞമ്മക്ക് പുടികിട്ടിയത് വേറെ വിഷയം (ഞമ്മന്റെ ഒരു ബുദ്ധി!)

രസകരമായ ഒരു എഴുത്താണ് ഷീബയുടേത്. വലിയ വളച്ചുകെട്ടൊന്നുമില്ലാത്ത വിവരണങ്ങൾ. ഒരു ചട്ടക്കൂട്ടിലും ഒതുക്കാനാവാത്ത വേറെ കുറേ കഥാപാത്രങ്ങൾ strategic position അലങ്കരിച്ചുകൊണ്ട് നോവലിനെ പുഷ്ടമാക്കുന്നു. മൃദുല മനോമോഹനെപ്പോലെ ഷീബയും ശുഭാപ്തിവിശ്വാസക്കാരിയാണ്.

**കുഞ്ഞബ്ദുള്ളയുടെ ശിലാസ്മാരകം[10]**

സ്മാരകശിലകൾ ഒരു പ്ര അ പു ആണ്. രണ്ടായിരത്തിപ്പതിനഞ്ച് ആഗസ്റ്റ് ആറിന് മേടിച്ചതായി എന്റെ കയ്യൊപ്പിനു താഴെ തിയ്യതി സൂചിപ്പിക്കുന്നു. വായിക്കാൻ വൈകിയതിലുള്ള കുണ്ഠിതത്തിലേറെ അത് ഇപ്പോഴെങ്കിലും സാദ്ധ്യമായതിലുള്ള സന്തോഷമാണുള്ളിൽ.

കാലത്തിന്റെ മണ്ണടിഞ്ഞുപോയ അറക്കൽ തറവാട്ടിലെ അവശിഷ്ടങ്ങൾ കുഴിതോണ്ടിയെടുത്ത് എഴുതാതെപോയ ഒരു ചരിത്രം നിർമ്മിച്ചതുപോലെത്തോന്നി. എത്ര രസകരമായ എഴുത്ത്. നിയതിയുടെ കരുനീക്കങ്ങൾക്കു പൂർണ്ണവിധേയത്വം അർപ്പിക്കുന്ന മറക്കാനാവാത്ത കുറേ കഥാപാത്രങ്ങൾ. പൂക്കുഞ്ഞിബീയെക്കൊന്ന ജിന്നിനോട് വല്ലാത്ത ദേഷ്യം തോന്നി, ഒപ്പം അവളുടെ പുയ്യാപ്ളയുമായുള്ള അസഹ്യമായ ജീവിതത്തിൽ നിന്നും മുക്തി നൽകിയതിന് നന്ദിയും. മയ്യത്താകും മുമ്പ് ഓരോ മലയാളിയും വായിച്ചിരിക്കേണ്ട ഒരു പുസ്തകം. എറമുള്ളാൻ മുക്രിയ്ക്ക് അർബുദമാണെന്ന് രോഗനിർണ്ണയം നടത്തി പോകാനിറങ്ങുന്ന കോമപ്പൻവൈദ്യരുടെ കൈയ്യിൽ ഒരു വെള്ളി ഉറുപ്പിക പിടിപ്പിക്കാൻ പൂക്കോയതങ്ങൾ ശ്രമിക്കവേ തീതൊട്ട പോലെ കൈവലിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത് ശ്രദ്ധിക്കൂ: 'വേണ്ട. ഫലമില്ലാത്ത ചികിത്സയ്ക്ക് പ്രതിഫലമോ?' മരിച്ചവനെ വെന്റിലേറ്ററിൽ ബന്ധിച്ച് ഉടയോരെ പിഴിയുന്ന ഇന്നത്തെ ചികിത്സാമേഖലയുടെ കുത്സിതാവസ്ഥ മറ്റൊരു പുസ്തകത്തിൽ[11] വായിച്ചതോർത്തു. കോമപ്പൻ വൈദ്യരുടെ ജനുസ്സ് കുറ്റിയറ്റുപോയിരിക്കുന്നു. പുനത്തിൽ ഹിപ്പോക്രറ്റസിനെ കോമപ്പൻ വൈദ്യരിൽ പുനരുജ്ജീവിപ്പിക്കുകയായിരുന്നോ എന്നുതോന്നി. (അതോ തന്നിലെ ഡോക്ടറെത്തന്നെയോ!)

**കുറിപ്പുകൾ**

* അർബുദവായന രണ്ടിനുശേഷം അഞ്ചു വന്നു, ആറും വന്നു, മൂന്നും നാലും ഇനിയും വരാത്തതെന്തേ എന്നല്ലേ നിങ്ങളുടെ ചോദ്യം? അതിനാവശ്യമായ വായന പുരോഗമിച്ചിട്ടില്ല. ക്ഷമയോടെ കാത്തിരിക്കുക!

** സംശയം വേണ്ടാ, കെ. വിജയകുമാരൻ തന്നെ. ഒഴുക്കിലകപ്പെട്ട ഒതളങ്ങയ്ക്ക് ഓർക്കാപ്പുറത്ത് ഒരു ബോധോദയം. ഡിമെൻഷിയ ബാധിച്ച് ഏതെങ്കിലും അജ്ഞാതതീരത്തടിയും മുമ്പ് തന്റെ ഉദ്ഭവത്തിന്റെ ഒരു ജ്യോഗ്രഫിക് ഇൻഡെക്സ് ശിരസ്സിൽ ചാർത്തിക്കളയാം എന്നുതോന്നി. പ്രിയ വായനക്കാരേ, നിങ്ങളിനിയുമെന്തൊക്കെ സഹിക്കണം!

1. ടി. പി. രാജീവൻ, 2012, കെ. ടി. എൻ. കോട്ടൂർ: എഴുത്തും ജീവിതവും, കറന്റ് ബുക്സ്, തൃശ്ശൂർ.
2. അബു അബിനു, 2008, പെൺചെരിപ്പുകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. ബാബു ഭരദ്വാജ്, 2007, ഗണപതിച്ചെട്ട്യാരുടെ മരണം - ഒരു വിയോജനക്കുറിപ്പ്, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
4. ജയൻ ശിവപുരം, 2011, മത്സ്യഗന്ധി, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
5. സി. രാധാകൃഷ്ണൻ, 2009, താരനിശ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
6. സേതു, 2005, പാണ്ഡവപുരം, ഡി. സി. ബുക്സ്, കോട്ടയം.
7. അമൽ, 2015, വ്യസനസമുച്ചയം, ഡി. സി. ബുക്സ് കോട്ടയം.
8. പാറപ്പുറത്ത്, 2006 (1976), മനസ്സുകൊണ്ട് ഒരു മടക്കയാത്ര, കറന്റ് ബുക്സ്, തൃശ്ശൂർ.
9. ഷീബ ഇ കെ, 2017, മഞ്ഞനദികളുടെ സൂര്യൻ, ഡി. സി. ബുക്സ്, കോട്ടയം.
10. പുനത്തിൽ കുഞ്ഞബ്ദുള്ള 2000, സ്മാരകശിലകൾ, ഡി. സി. ബുക്സ്, കോട്ടയം.
11. Arun Gadre and Abhay Shukla, 2016, Dissenting Diagnosis - Voices of Conscience from the Medical Profession, Vintage-Penguin Random House India Pvt. Ltd., Gurgaon.

■ കവിത

## കുഞ്ഞുകവിതകൾ

ജിജോ രാജകുമാരി
8086350652, 9495260652

### കെണി

ഇലക്ഷനിങ്ങടുത്തു
ഭയന്നിടാം
കരുതലാവാം
ചിരിക്കും മുഖങ്ങളെ.

### അന്നിന്ന്

അന്ന്
പ്രണയം വിറയലാണ്
ഇന്ന്
പ്രണയം വൈറലാണ്.

### ദർശനങ്ങൾ

ദർശനങ്ങളെന്നും
വൈരക്കല്ലുപതിപ്പിച്ച
മൂക്കുത്തിയുടെ
മിന്നലാട്ടം പോലെയാണ്.


### നൊമ്പരക്കടൽ

ഓരോ
മഞ്ഞുതുള്ളിയിലും
ഒരു കടലൊളിക്കുന്നുണ്ട്
ഓരോ മിഴിനീരിലും
ഒരു നൊമ്പരമെന്നപോൽ.

### മരപ്പെയ്ത്ത്

മഴപെയ്ത്
തോർന്നിരുന്നു.
മനസ്സിൽ
പ്രക്ഷുബ്ധമാം
മരപ്പെയ്ത്ത് തോർന്നിടാതെ.

■ കഥ



സുരേഷ് തെക്കീട്ടിൽ
9446330957

# പുതുമനസ്സ്

മനസ്സിൽ തട്ടിയകഥ മകനെ കാണിച്ചു. മനസ്സിലാക്കട്ടെ എന്നുദ്ദേശിച്ചുതന്നെ. ‘‘ഒരു നിമിഷം, ഈ കഥയൊന്നു വായിച്ചു നോക്ക്.’’

ഭാഗ്യം അന്നെന്തോ അവൻ പതിവുപോലുള്ള തിരക്കോ ധിക്കാരമോ കാണിച്ചില്ല. എന്റെ കൈയ്യിൽ നിന്നും കഥവാങ്ങി. വലിയ താൽപര്യമൊന്നുമില്ലാത്ത മട്ടിലാണെങ്കിലും വായന തുടങ്ങി.

പ്രായം കൊണ്ട് ഓർമ്മശക്തി നഷ്ടപ്പെട്ടുതുടങ്ങിയ ഒരച്ഛന്റേയും യുവാവായ മകന്റേയും കഥയായിരുന്നു അത്. ഒരു കാക്കയുടെ കരച്ചിൽ കേട്ട് അതെന്തെന്നന്വേഷിക്കുന്ന അച്ഛനോട് മകൻ അത് കാക്കയുടെ കരച്ചിലാണെന്ന് പറയുന്നതും നിമിഷങ്ങൾക്കകം അക്കാര്യം മറന്നുപോകുന്ന അച്ഛൻ വീണ്ടും അതുതന്നെ ചോദിക്കുന്നതും മൂന്നാലുതവണ ഇതാവർത്തിക്കപ്പെടുമ്പോൾ മകന് ദേഷ്യം വരുന്നതുമാണ് കഥയുടെ തുടക്കം. ദേഷ്യപ്പെടുന്ന മകനോട് പണ്ട് കുട്ടിക്കാലത്ത് കാക്കയുടെ കരച്ചിൽ കേട്ട് അതെന്തെന്നന്വേഷിച്ച മകന് അത് കാക്കയുടെ കരച്ചിലാണെന്ന് അച്ഛൻ പറഞ്ഞുകൊടുത്തതും പത്തിരുപതു തവണ അതേ ചോദ്യം ആവർത്തിച്ച മകനോട് യാതോരു മടുപ്പുമില്ലാതെ ആ അച്ഛൻ വീണ്ടും വീണ്ടും പറഞ്ഞു മനസ്സിലാക്കികൊടുത്തതും അമ്മ ബോദ്ധ്യപ്പെടുത്തുമ്പോൾ സങ്കടം വന്ന മകൻ അച്ഛനെ കെട്ടിപിടിച്ചു കരയുന്നതുമാണ് കഥാന്ത്യം.

കഥ വായിച്ച എന്റെ മകൻ പ്രത്യേക ഭാവമൊന്നുമില്ലാതെ നിന്നു. കഥ എങ്ങനെയുണ്ട് എന്ന എന്റെ ചോദ്യത്തിന് തീർത്തും ലാഘവമായ അവന്റെ മറുപടി.

‘‘എന്തോന്നു കഥ. വളർന്നുവരുന്ന പ്രായത്തിൽ കുട്ടിയുടെ സംശയങ്ങൾ തീർത്തുകൊടുക്കേണ്ടത് അച്ഛന്റെ ബാദ്ധ്യതയും സംശയങ്ങൾ തീർത്ത് കാര്യങ്ങൾ മനസ്സിലാക്കേണ്ടത് വളർന്നുവരുന്ന കുട്ടിയ്ക്ക് ആവശ്യവുമാണ്. അതുപോലാണോ ചാവാൻ നേരത്ത് വെറുതേ കുത്തിയിരുന്ന് ആർക്കും ഒരു ഉപകാരവുമില്ലാത്ത ചോദ്യങ്ങൾ വീണ്ടും, വീണ്ടും ചോദിച്ച് മറ്റുള്ളവരെ വെറുപ്പിക്കുന്നത്, അവരുടെ വിലപിടിച്ച സമയം കൂടെ കളഞ്ഞ് വെറുതെ മെനക്കെടുത്തുന്നത്.’’

പുസ്തകം അവിടെയിട്ട് അവൻ തിരിഞ്ഞു നടന്നു.

■ കവിത

# ഹർത്താൽ

സൗമിനി അലക്സാണ്ടർ
9496871803

ആണ്ടിൽ ഒരിക്കൽ നടത്തിയ ഹർത്താലോ
ആഴ്ചയിൽ ഒന്നായി മാറിടുന്നു
ആരേയും കൂസാതെ നൽകുന്നൊരാഹ്വാനം
ആരിലും രോഷം ഉണർത്തിടുന്നു.
ആരെയോ ചൊല്ലിപ്പഴിക്കുന്ന ജാഥകൾ
ആവേശമോടങ്ങ് നീങ്ങിടുമ്പോൾ
ആർക്കും പുറത്തിറങ്ങീടുവാനാവാതെ
ആരവം വാനിൽ മുഴങ്ങിടുന്നു.
ഗാന്ധിജി കാട്ടിയ സത്യത്തിൻ പാതകൾ
ഗാന്ധിയർ പോലും മറന്നിടുന്നു
'സ്വാതന്ത്ര്യം' എന്നുള്ള മൂന്നക്ഷരത്തിന്റെ
സാരം മറക്കുന്നു നേതാക്കളും.
കല്ലും കൊഴിയുമായ് എത്തുന്ന നേതാക്കൾ
തല്ലിത്തകർക്കുന്നു വാഹനങ്ങൾ
കല്ലേറുകൊണ്ടു തകരുന്നു കണ്ണുകൾ
കയ്പ്പായി മാറുന്നു ജീവിതങ്ങൾ.
വേദനതിന്നു മരിക്കുന്നു രോഗികൾ
വീഥിയിലങ്ങിങ്ങു ഹർത്താലിലായ്
വ്യാധിപോൽ വ്യാപിച്ചു നാശം വിതയ്ക്കുന്ന
വാസനയാണിതു ഹർത്താലുകൾ.
എന്തു നേടുന്നിവർ ഹർത്താലിലൂടെയായ്
എന്തിനും പോരുന്ന കൂട്ടരെയോ
എന്തും ഭവിക്കട്ടെ എന്നു നിനപ്പവർ
എന്തെന്തു ജീവൻ തകർത്തിടുന്നു.
വാഹനങ്ങൾക്കൊരു വിശ്രമം നല്കുവാൻ
വീഥികളൊക്കെ വിജനമാക്കീടുവാൻ
വീട്ടിലിരുന്നു സുഖിച്ചു രസിക്കുവാൻ
ഹർത്താലിതല്ലാതെ മാർഗ്ഗം നമുക്കെന്ത് ?

# ജീവിതം

■ കഥ

ഉല്ലല ബാബു
9645267545, 9349793355

ഒരു ദിവസം അവൻ എന്നോടു പറഞ്ഞു - ‘‘ജീവിതം മടുത്തു സുഹൃത്തേ. ജീവിതം എനിക്ക് നല്കിയത് യാതന മാത്രം.’’

അവൻ ആത്മഹത്യ ചെയ്തു. അത് ജീവിത യഥാർത്ഥ്യങ്ങളിൽ നിന്നുള്ള പലായനമായിരുന്നു. ഒരിക്കൽ സെമിത്തേരിക്കടുത്തുകൂടി പോകുമ്പോൾ അവന്റെ കുഴിമാടത്തിലേക്ക് നോക്കി. ആ കുഴിമാടത്തിനുമുമ്പിൽ ജീവിതം നൃത്തമാടുന്നു.

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

സ്കൂളിലും കോളേജിലും മലയാളം പഠിക്കാത്ത എനിക്ക് ലളിതമല്ലാത്ത രചനകളെ മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. ഭാരതീയ ചിന്തകൾക്ക് ചില ആമുഖങ്ങൾ ഏക തത്ത്വ പുസ്തകം 8 ലക്കം 4 ഉം 5ഉം

കവികൾക്ക് (Poetic Licence) കവിസ്വാതന്ത്ര്യത്തിനുപുറമേ, പ്രാസം, ലയം, താളം എന്നിവയുടെ നിർബന്ധങ്ങൾ കാരണം എന്നെപ്പോലെ സാധാരണക്കാർക്ക് രചനകളുടെ ആസ്വാദനം അത്ര എളുപ്പമല്ല. എന്നാൽ ഗദ്യരചനകളിൽ, പാണ്ഡിത്യപ്രദർശനത്തിനായി കടിച്ചാൽ പൊട്ടാത്ത വാക്കുകൾ ഉപയോഗിക്കാതിരുന്നാൽ വായനക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയണം. നീണ്ട മുടിയുള്ള പെൺകുട്ടികൾ മുടിയെ മൂന്നായി പങ്കി, ചേർത്തി പിന്നിവെക്കുമ്പോൾ ഭംഗിക്കുപുറമെ ഒതുക്കവും ഉണ്ടാവുന്നു. എന്നാൽ ചരിത്രത്തിലെ വാസ്തവികത, പുരാണത്തിലെ കെട്ടുകഥകൾ, ന്യായീകരിക്കാനാവാത്ത സ്വന്തം അഭിപ്രായങ്ങൾ എന്നിവയെ വാരിക്കെട്ടി വേർതിരിക്കാനാവാത്ത 'ജട' പിടിച്ച വിരൂപമുടിക്കെട്ടെന്നവണ്ണം അവതരിപ്പിച്ചിരിക്കുന്നത് ചിന്താകുഴപ്പത്തെയല്ലെയുണ്ടാക്കുന്നത്?

**അന്യരുടെ രചനകളെ വായിച്ചില്ലെങ്കിലും സ്വന്തം കൃതികളെ ശ്രദ്ധയോടെ വായിച്ചു ശുദ്ധീകരിച്ച് വായനക്കാർക്ക് നൽകുന്നത് രചയിതാക്കളുടെ ഒഴിച്ചുകൂടാത്ത ധർമ്മമാണ്.**

ഏക തത്ത്വയുടെ നിലവാരം കഴിയുന്നത്ര ഉയർത്താൻ ശ്രമിക്കണം. അസംഖ്യം വിഘ്നങ്ങളോടു പൊരുതിക്കൊണ്ടു ഇതിനായി അദ്ധ്വാനിക്കുന്ന എഡിറ്റർ ദമ്പതികൾക്ക് ലേഖകരുടെ ആത്മാർത്ഥ സഹകരണം/സഹായം അനിവാര്യമാണ്.

ലേഖകന്റെ മുഖ്യഉദ്ദേശം എന്തെന്നു തെളിയുന്നില്ല. ആരേയും താഴ്ത്തിക്കാട്ടാനോ പരിഹസിക്കാനോ ഉള്ള അറിവും യോഗ്യതയും എനിക്കില്ല.

മേൽ കൊടുത്തത് രചയിതാക്കളോടു വിനീതമായ അഭ്യർത്ഥനയാണ്. തെറ്റിദ്ധരിക്കില്ലെന്നു അപേക്ഷിക്കുന്നു.

എം. എം. മേനോൻ
0491 2572939

ശ്രീ. മുരളീധരൻ,

നമ്മെ നിരന്തരം അലട്ടുന്ന കാലികപ്രശ്നങ്ങളിൽ, പ്രതികരിക്കാതിരിക്കാൻ, അല്പമെങ്കിലും രാജ്യത്തോടും, സമൂഹത്തോടും സഹജീവികളോടും പ്രതിപത്തിയുള്ള ഒരാൾക്കും സാധിക്കുന്നതല്ല.

പ്രതികരിക്കുന്നവരെ പ്രതിരോധിക്കാനും, ഹിംസിക്കാനും മടിയില്ലാത്ത ഒരു സമൂഹസൃഷ്ടിക്കായി യത്നിക്കുന്നവർ, രാഷ്ട്രീയക്കാരായാലും മതസ്നേഹികളായാലും, ഉണർവ്വുള്ളവരിൽ നിന്നും സഹനമല്ല, പ്രതിഷേധം തന്നെ അഭിമുഖീകരിക്കേണ്ടിവരുമെന്ന കാര്യം ഓർമ്മിപ്പിക്കേണ്ടിയിരിക്കുന്നു.

സമൂഹത്തെ ഗ്രസിക്കുന്ന തിന്മകളോട് പൊരുതുക തന്നെയാണ് ഉത്തമപൗരന്റെ കടമയെന്നോർമ്മിപ്പിക്കുന്ന ഏക തത്ത്വയ്ക്ക് അഭിവാദനങ്ങൾ.

സസ്നേഹം,
സൈനുദീൻ മുണ്ടക്കയം.
9947253006

അനുഗ്രഹീത മുരളീജി,

ഏക തത്ത്വ എന്ന 'ഉണർത്തുപാട്ട്' അതിലുള്ള എല്ലാവിഭവങ്ങളും വളരെ സ്വാദിഷ്ടമാണ്. അതിന്റെ മൂല്യം എത്രപേർക്ക് ഉൾക്കൊള്ളാൻ കഴിയുന്നു എന്നെനിക്കറിയില്ല.

ശ്രീ. മുരളീജി, എം. എം. മേനോൻ സാർ, ഗുരു എന്നിവരുടെ കാലാനുചിതമായ വിലപ്പെട്ട സംഭാവനകൾ വളരെ വലുതാണ്. കൂടാതെ കഴിഞ്ഞ 45 വർഷമായി യാതൊരു പ്രതിഫലേച്ഛയുമില്ലാതെ ആതുരസേവനം നടത്തിവരുന്ന ഡോ. സി. രാമകൃഷ്ണൻ ഡോക്ടറുടെ മഹത്തായ സേവനം, ശ്രീ. സൈനുദീൻ സാറിന്റെ പുതുച്ചൊല്ലുകൾ, സുരേഷ് സാറിന്റെ (തെക്കീട്ടിൽ സാർ) നുറുങ്ങു കഥകൾ, സ്ത്രീ ശാക്തീകരണം ഉൾക്കൊണ്ടുള്ള ശ്രീമതി. തുളസി ടീച്ചറുടെ കവിതകൾ, ഏക തത്ത്വയുടെ കാരണവർ സ്ഥാനത്തു നിന്നുകൊണ്ട് ശ്രീ. മുക്കം ഭാസി സാറിന്റെ അനുഭവ, അഭിനയ സ്മരണകൾ എന്നിവ ഈ മാസികയുടെ മാറ്റ് വർദ്ധിപ്പിക്കുന്നു.

ശ്രീ. മുരളിയുടെ എനിക്ക് പറയാനുള്ളത് എന്ന മുഖപ്രസംഗത്തിന്റെ, പൊരുൾ ഏക തത്ത്വയെ മഹത്തരമാക്കുന്നു.

എം. എൽ. ശ്യാമള
9446936039

പ്രിയപ്പെട്ട മുരളീധരന്,

ഏക തത്ത്വ മാസിക അയച്ചിട്ട് കിട്ടിയില്ല എന്നുള്ള വരിക്കാരുടെ ആവലാതി ശ്രദ്ധയിൽ പെട്ടു. മാസിക അയച്ചിട്ട് എങ്ങിനെയാണ് കിട്ടാതെ പോകുന്നത്? ആരാണ് ഈ മാസികകൾ അടിച്ചുമാറ്റുന്നത് ? പോസ്റ്റുമാൻ മനഃപ്പൂർവ്വം കൊടുക്കാത്തതായിരിക്കുമോ? അകലെ വീടുകളിൽ നടന്നുപോയി മാസികകൾ കൊടുക്കാനുള്ള ബുദ്ധിമുട്ടുകൊണ്ട് പോസ്റ്റുമാൻമാർ മാസികകൾ നശിപ്പിക്കാറുണ്ടെന്നും കേൾക്കുന്നു. അങ്ങിനെ ആരെങ്കിലും ചെയ്യുമോ ? ഇതിനൊക്കെ വേണ്ടിയല്ലേ സർക്കാർ അവർക്ക് ശമ്പളം കൊടുക്കുന്നത്. ചക്കാത്തു വായനക്കാരായ ചില പോസ്റ്റൽ ജീവനക്കാർ നല്ല മാസികകൾ വായിക്കാൻ എടുത്തുവെക്കാറുണ്ടെന്നും പറയപ്പെടുന്നു. എന്തായാലും മാസികകൾ മേൽവിലാസക്കാരന് എത്തിച്ചുകൊടുക്കാതിരുന്നാൽ പത്രാധിപർക്കാണ് അതിന്റെ നഷ്ടം. വരിക്കാർ മാസിക കിട്ടിയില്ല എന്നു പരാതിപ്പെട്ടാൽ വീണ്ടും അയച്ചുകൊടുക്കുവാൻ അവർ നിർബന്ധിതരാകുന്നു. മാസികയുടെ വിലയും രണ്ടാമതയക്കുന്ന പോസ്റ്റൽ ചിലവും മാസികയുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്നു. സാ

ധാരണക്കാരായ മാസികാ പ്രവർത്തകർ മാനം രക്ഷിക്കാൻ വേണ്ടി കടക്കാരനായി മാറുന്നു. ഇതുവളരെ പരിതാപകരമായ സംഗതിയാണ്. മാസിക നഷ്ടപ്പെടുത്തുന്ന കണ്ണിൽ ച്ചോരയില്ലാത്ത പണി ആരു ചെയ്താലും അവർക്ക് മാപ്പുകൊടുക്കാനാവില്ല. സമൂഹത്തോടും അക്ഷര സ്നേഹികളായ വായനക്കാരോടും ചെയ്യുന്ന കടുംകൈ ആരായാലും അവസാനിപ്പിക്കണം.

ജോസഫ് പൂതക്കുഴി

9846751749, 9745321352

പ്രിയപ്പെട്ട മുരളീധരന്,

സൗഖ്യമെന്ന് കരുതുന്നു. അന്ന് കിള്ളിക്കുറിശ്ശിമംഗലത്തെ പരിപാടിയിൽ പത്നിസമേതം പങ്കെടുത്തതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തട്ടെ. പുസ്തകത്തിലെ കഥാപാത്രങ്ങൾ തന്നെ നേരിട്ടെത്തി ഗ്രന്ഥകാരനോട് സംവദിക്കുകയെന്ന അപൂർവ്വത ആ ചടങ്ങിനുണ്ടായിരുന്നു. ഇതുപോലെ മറ്റൊരു സന്ദർഭത്തിൽ എന്റെ പ്രിയ ശിഷ്യയായ ദിയ എന്റെ കവിതയാലപിച്ച് ഒന്നാം സ്ഥാനം കരസ്ഥമാക്കിയപ്പോൾ സദസ്സിൽ ഞാനുമുണ്ടായിരുന്നു. ചെറുശ്ശേരിക്കും എഴുത്തച്ഛനുമൊന്നും കിട്ടാത്ത അപൂർവ്വാനുഗ്രഹമാണ് നാരായണൻ മാഷിന് കിട്ടിയതെന്ന് തമാശക്കാരിയായ ഒരു സഹപ്രവർത്തക അഭിപ്രായപ്പെട്ടത് ഓർമ്മവരുന്നു. തീർച്ചയായും ഇതൊക്കെ അസുലഭമുഹൂർത്തങ്ങൾ തന്നെ.

എന്റെ സൃഷ്ടികൾക്ക് ഏക തത്ത്വയിൽ ഇടം നൽകുന്നതിൽ ഒരുപാട് നന്ദിയുണ്ട്. തുടർന്നും പരിഗണന പ്രതീക്ഷിക്കുന്നു.

മറ്റു പറയത്തക്ക വിശേഷങ്ങളൊന്നുമില്ല. ആനുകാലിക സംഭവങ്ങളും മൂല്യച്യുതിയും മനസ്സിനെ ഒരുപാട് വേദനിപ്പിക്കുന്നുണ്ട്. 'വികാരജീവിയായത് കൊണ്ടുള്ള (over sensitive) കുഴപ്പമാണ്. പക്ഷേ അത്തരക്കാർക്കേ സർഗ്ഗാത്മകസാഹിത്യം വഴങ്ങുകയുള്ളുവെന്ന് തോന്നുന്നു.

ആശംസകളോടെ,

സസ്നേഹം

ഇ. എൻ. നാരായണൻ

9539307005

ഡിയർ സർ,

മെയ് ലക്കത്തിലെ 'ഏക തത്ത്വ' കിട്ടി. ഒറ്റ ദിവസംകൊണ്ട് മുഴുവനും വായിച്ചുതീർത്തു. എല്ലാം ഒന്നിനൊന്നു ഹൃദ്യം, എപ്പോഴും പറയുന്നത് പോലെ തന്നെ ഓരോ വിഷയവും നമ്മളെ ഓരോ ലോകത്തേക്ക് കൊണ്ടുപോവുന്നു, പ്രത്യേകിച്ചു കഥകൾ. അതിൽ എടുത്തുപറയാതിരിക്കാൻ പറ്റാത്ത ഒരു കഥയാണ് 'വിധിയുടെ വിളയാട്ടം'. വീട്ടിൽ അച്ഛനും അമ്മയും പോലും ആ കഥയെ പറ്റി എടുത്തുപറഞ്ഞു. കഥാകാരൻ ടി. വി. നാരായണൻ കുട്ടി സാറിനും ഏക തത്ത്വയുടെ സാരഥിയായ സാറിനും അഭിനന്ദനങ്ങൾ!

ആശംസകളോടെ

അർച്ചന മേനോൻ സച്ചിൻ

+971529455273

ഏക തത്ത്വ മെയ് 2018

*ആത്മീയത ഒരു മരമെങ്കിൽ*
*അതിലെ ഓരോ ചില്ലകളാണ്*
*ഓരോ മതവും.*

വളരെ സത്യമായ കാര്യം. ഇന്ന് ഏറ്റവും കൂടുതൽ വേരോട്ടമുള്ള ഒന്ന് ആത്മീയതയാണ്. ഓരോ മതങ്ങളും അത് അവരുടെ രീതിയിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. ആത്മീയതയുടെ ഏറ്റവും വലിയ പ്രത്യേകത അത് ചോദ്യം ചെയ്യപ്പെടുന്നില്ല എന്നതാണ്. ആത്മീയത ഉണ്ടാക്കിയെടുക്കുന്ന ഗുരുക്കളുടെ ദൈവങ്ങളുടെ എണ്ണം വളരെ കൂടുതലാണ്. പിറന്നുവീണതിനുശേഷം കിട്ടുന്ന ജാതിയും മതവും നമ്മളുടെ കൂടെ ജീവിതകാലം മുഴുവൻ ഉള്ളതുപോലെ ആത്മീയതയും ഇത്തരം ഒരു വലയാണ് എറിയുന്നത്. പെട്ടുപോകുന്നവർ പിന്നെ രക്ഷപ്പെടുന്നില്ല എന്ന അവസ്ഥ. പലപ്പോഴും സമൂഹത്തിൽ പടർന്നു പന്തലിക്കുന്ന ഇത്തരം വ്യാധികളെക്കുറിച്ച് ആരും എഴുതാറില്ല. മുരളി സാറത് എഡിറ്റോറിയലിൽ സൂചിപ്പിച്ചത് വളരെ നന്നായി. മനുഷ്യൻ അവന്റെ ബിസിനസ്സ് തത്പരതയിൽ ഊന്നി നിന്നാണ് ആത്മീയത വളർത്തിക്കൊണ്ടുവരുന്നത്. ശക്തമായ എഴുത്ത്, കൊള്ളാം.

ഇക്കുറി ഏക തത്ത്വ ഒത്തിരി പ്രത്യേകതകളും കണ്ടു. ധാരാളം കഥകൾ, കവിതകൾ, നല്ല കുറച്ചു ലേഖനങ്ങൾ. കൊള്ളാം. വളരെ അർത്ഥവത്തായ മുഖച്ചിത്രം.

ആശംസകളോടെ,

ടി. വി. ഹരികുമാർ

9446118387

ഡിയർ സർ,

ഞാൻ ഏക തത്ത്വയുടെ സബ്സ്ക്രൈബറാണ്. കഴിഞ്ഞ രണ്ടു മാസമായി തുടർച്ചയായി മാസികയുടെ രണ്ടു കോപ്പികൾ തപാലിലൂടെ കിട്ടുന്നുണ്ട്. യഥാസമയം അറിയിക്കുവാനോ ഫോണിൽ ബന്ധപ്പെടുവാനോ ഇപ്പോഴത്തെ രോഗാവസ്ഥയിൽ പ്രാപ്തനല്ല. ഓർമ്മക്കുറവും കേൾവിക്കുറവും മൂലം Dimentia, Arthritis തുടങ്ങിയ രോഗങ്ങൾക്കും ഇരുപത് വർഷമായി ചികിത്സയിൽ കഴിയുന്ന 76 കാരനാണ്. കുടുംബത്തിലും പാഴ്വസ്തു (Old dead stock) ന്റെ ഗണത്തിൽ എന്ന് ചുരുക്കം. Circulation, Postal delivery വിഭാഗങ്ങളുടെ ആത്മാർത്ഥതയോടെയുള്ള പ്രവർത്തനം ഉണ്ടെങ്കിൽ പല തുള്ളി പെരുവെള്ളം എന്ന നഷ്ട സത്യത്തിൽ നിന്നും ഒരുപരിധി വരെ കര കയറാൻ ഏക തത്ത്വ പ്രസ്ഥാനത്തിനു കഴിയുമെന്ന് ഉറച്ചുവിശ്വസിക്കുന്നു. ഇനിയും ഈ പ്രസ്ഥാനത്തിന് ഒരുപാട് ഒരുപാട് ഉയരങ്ങളിൽ എത്താൻ കഴിയട്ടെ എന്ന് ടി മാസികയുടെ ഉപഭോക്താവായ ഞാൻ ആഗ്രഹിക്കുന്നു.

സ്നേഹപൂർവ്വം

പുരുഷോത്തമൻ നായർ,

മുണ്ടക്കയം

പ്രിയ മുരളി,

മെയ് ലക്കം മാസിക കിട്ടി. ആത്മീയത ഒരു മരമെങ്കിൽ, അതിലെ ഓരോ ചില്ലകളാണ് ഓരോ മതവും എന്ന് ഉദ്ഘോഷിക്കുന്ന പുറംചട്ട ഗംഭീരം. ആകർഷകം. 'ഒരുരാജ്യം ഭരിക്കേണ്ടത് ഒരു ജാതിയോ മതമോ അല്ല, ഏതെങ്കിലുമൊരു രാ

ഷ്ട്രീയ പാർട്ടിയല്ല. ജനവികാരങ്ങളെ മുഴുവൻ ഉൾക്കൊള്ളാൻ കഴിയുന്ന നല്ല ഭരണാധികാരിയാണ് വേണ്ടത്.' എനിക്കുപറയാനുള്ളത് എന്ന പത്രാധിപക്കുറിപ്പിൽ, വീണ്ടും വീണ്ടും വായിക്കാൻ തോന്നിപ്പിക്കുന്ന ഇത്തരം എത്രയോ കാര്യങ്ങൾ തുറന്നുവെക്കുന്നു. മുരളിക്ക് അഭിനന്ദനങ്ങൾ ! പൊതുവേ എല്ലാ വിഭവങ്ങളും സാമാന്യ നിലവാരം പുലർത്തുന്നു. ശ്രീജ ജയചന്ദ്രന്റെ, സ്വാർത്ഥത (എന്റേത്), മുക്കം ഭാസിയുടെ പൂ നിലാമഴയിൽ ഒരു രാത്രി (അഭിനയ സ്മരണകൾ), അശോകൻ രാജീവത്തിന്റെ പുസ്തക പരിചയം എന്നിവ കൂടുതൽ ഇഷ്ടപ്പെട്ടു. മാസികക്ക് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

അരവിന്ദൻ

9745935385

**മറുപടി**

കത്തുകളയച്ച ഏവർക്കും നന്ദി. അക്ഷരത്തെറ്റുകൾ പരമാവധി വരാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട് എങ്കിലും ചില തെറ്റുകൾ സംഭവിച്ചു പോകുന്നതിൽ ഖേദിക്കുന്നു. ഏക തത്ത്വയുടെ സാമ്പത്തിക ഭദ്രതയ്ക്ക് ഓരോ വായനക്കാരും വരിക്കാരാവുക. ഓരോ വരിക്കാരും കൂടുതൽ പേരേ ഏക തത്ത്വ മാസിക പരിചയപ്പെടുത്തുക, വരിക്കാരാക്കുക. അതുപോലെ ഏക തത്ത്വ പ്രസിദ്ധീകരിക്കുന്ന ഓരോ പുസ്തകവും ഓരോ വായനക്കാരും വരിക്കാരും വാങ്ങി സഹകരിക്കാൻ താഴ്മയോടെ അഭ്യർത്ഥിക്കുന്നു.

**തിരുത്ത്**

1. പുസ്തകം 8 ലക്കം 6 മെയ് 2018 ലെ പേജ് 26ൽ വിധിയുടെ വിളയാട്ടം എന്ന കഥയുടെ രചയിതാവിന്റെ പേരിൽ അക്ഷരത്തെറ്റ് സംഭവിച്ചിട്ടുണ്ട്. അത് ടി. വി. നാരായണൻ കുട്ടി എന്ന് തിരുത്തി വായിക്കുക.

2. പുസ്തകം 8 ലക്കം 6 മെയ് 2018 ലെ പേജ് 30ൽ കഥയുടെ പേര് നിസ്സഹായത എന്ന് തിരുത്തി വായിക്കേണ്ടതാണ്.

എഡിറ്റർ



# വെറുമൊരു പെണ്ണിന്റെ കഥ

**രജിത മണക്കാട്**
**9497828460**

**സൂ**ര്യൻ ഒരു ചെരുവം നിറയെ സ്വർണ്ണം ഉരുക്കി മൂവന്തിപ്പുഴയിലേക്ക് ഒഴുക്കിക്കൊണ്ടിരുന്നു. ക്യാൻവാസിൽ വരച്ച ഒരു സുന്ദരചിത്രം പോലെ പ്രകൃതി. താര അവൾ സ്കൂൾ കഴിഞ്ഞ് വന്ന്, പതിവ് പോലെ പുഴക്കരയിലേക്കെത്തി. അന്നത്തെ അലക്കാനുള്ളതെല്ലാം കൈയിലുണ്ട്. തന്റേയും സഹോദരങ്ങളുടേയും എല്ലാം കൂടി ഒരു ചെറിയ കൂനയുണ്ട്. എങ്കിലും വളരെ ആസ്വദിച്ചാണ് അവൾ അലക്കുന്നത്.

ഇടയ്ക്കവൾ പ്രകൃതിയുടെ ക്യാൻവാസിലെ ചിത്രത്തിന്റെ നിറഭേദങ്ങളെ നോക്കി നിൽക്കും. പിന്നേയും സമയബോധം അവളെ അതിൽ നിന്നും പിൻതിരിപ്പിക്കും. അവൾ അലക്ക് കഴിഞ്ഞ് മേൽകഴുകി തുണികളുമായി തിരികെ പോവാൻ ഒരുങ്ങി.

ചെറിയ ഒരിടവഴിയിലൂടെ പോയാലെ പ്രധാന റോഡെത്തൂ. പിന്നെ അടുത്താണ്. വിശപ്പ് നല്ലോണം ഉണ്ട്. അമ്മ അരി കഴുകുന്നതും കണ്ട് കൊണ്ടാണ് പോന്നത്. ഇപ്പോൾ കഞ്ഞി ആയിക്കാണും. ഓരോന്നോർത്തിട്ടാണേലും താര വേഗം നടന്നു. പെട്ടെന്ന് ഒരു കൈ തന്നെ അമർത്തി പിടിക്കുന്നതായി അവൾ അറിഞ്ഞു.

ആരാണെന്ന് നോക്കുമ്പോഴേക്ക് ആ കൈ തന്റെ മാറിലമർന്നിരുന്നു. ഒരു കൈ കൊണ്ട് വാ കൂടി അമർത്തിപ്പിടിച്ചിരുന്നു. അവൾക്ക് ഓക്കാനം വന്നു. ചൊറി പിടിച്ച പോലെ ഒരു കൈ. അവൾ ഛർദ്ദിച്ചു. അയാളുടെ മേത്ത് കൂടി അത് ഒഴുകി ഇറങ്ങി.

"ഛെ, നാശം" എന്ന് പുലമ്പി അവൻ പോയി. താര ആകെ ക്ഷീണിച്ചവശയായി. അവൾ അവിടെത്തന്നെ കിടന്നു. ബോധം വന്നപ്പോൾ അവൾ സ്വന്തം വീട്ടിൽ തന്നെയാണ് പക്ഷെ മുന്നിൽ മറ്റൊരു മുഖം, അവ്യക്തമായിട്ടാണേലും ആ കാഴ്ചകൾ. നെറ്റിയിൽ കറുപ്പും ചോപ്പും മഞ്ഞയും... നീണ്ട മുടി, കാഷായ വസ്ത്രം, വസൂരിക്കല.

"അമ്മേ..."

അവൾ കരഞ്ഞു. അമ്മ വന്ന് അവളുടെ അടുത്തിരുന്നു.

"ഇത് തമ്പാട്ടിയാ. മോള് പേടിക്കണ്ട. മോൾടെ ദീനം ഒക്കെ വേഗം മാറും. സാമി മാറ്റിത്തരും."

അവൾ ഒന്നൂടെ അയാളെ നോക്കി. വീണ്ടും ഛർദ്ദിച്ചു. നിർത്താതെ... ചോര നിറം വരെ...

പിന്നീട് താരയുടെ ബോധമണ്ഡലത്തിൽ അവ്യക്തമായ ചില ചിത്രങ്ങളാണ്. ചുവപ്പും കറുപ്പും ചേർത്ത് വരച്ച കളങ്ങൾ, ചൂരൽ വടി പ്രയോഗങ്ങൾ, കർപ്പൂരം ദേഹത്ത് വീണ് പൊള്ളിയ പാടുകൾ, അവസാനം ബോധം മറയുമ്പോൾ താര അന്നത്തെ ആ ചെമ്പഴുക്കാ സൂര്യനും ചെരുവത്തിൽ ഒഴുക്കിയ സ്വർണ്ണ വർണ്ണവും പിന്നെ ആ പുഴയിലൂടെ ഒഴുകിയ അപ്പൂപ്പൻ താടികളും...

വർണ്ണങ്ങളില്ലാത്ത മറ്റൊരു ലോകത്തിൽ അവൾ സുഖമായി ഉറങ്ങി...

●


**ഏക തത്ത്വയിലേയ്ക്ക്**
**മികവുറ്റ സൃഷ്ടികൾ**
**അയച്ചുതരിക.**

**വരിസംഖ്യ എടുത്തും**
**വരിസംഖ്യ യഥാസമയം**
**പുതുക്കിയും**
**സഹകരിക്കുക**

**പരസ്യങ്ങളും നല്കാം!**

■ കഥ

# സാഹിത്യം



ടി. വി. ഹരികുമാർ
9446118387

**ക**ഥാകൃത്ത് വളരെ കാലത്തിനുശേഷം ഒരു കഥയെഴുതി. കഥ പ്രസിദ്ധീകരിച്ചതിനടുത്ത നാൾ നിരൂപകൻ കഥാകൃത്തിനെ ശാസിച്ചു. ഇത്രയും നീണ്ട കഥകൾ ആര് വായിക്കാനാണ് ? ഇതിൽ ജീവിതമുണ്ടോ ? കഥാകൃത്ത് പിന്നീട് മിനിക്കഥകൾ എഴുതിത്തുടങ്ങി. നിരൂപകൻ പല്ലും, നഖവും ഉപയോഗിച്ചു നേരിട്ടു - ഇതെന്തുകഥ? ഇത്ര ചെറിയകഥകളിൽ എന്തു ജീവിതം? വേദനയോടെ കഥാകൃത്ത് എഴുത്തുനിർത്തി. പേന അടച്ചു വച്ചു. സ്വതന്ത്രനായി. ഉടൻ നിരൂപകൻ എഴുതി - സാഹിത്യത്തിന്റെ ഉറവ വറ്റി. നിരൂപകന്റെ ഉള്ളിൽ ഒരു ചിരി ഊറിവരുന്നുണ്ടായിരുന്നു. ●

# ഒ. എൻ. വി.
# യുവ സാഹിത്യ പുരസ്ക്കാരം
# അനുജ അകത്തൂട്ടിന്



ഒ. എൻ. വി. യുവ സാഹിത്യ പ്രതിഭാ പുരസ്ക്കാരം കവയിത്രി അനുജ അകത്തൂട്ടിന്റെ 'അമ്മ ഉറങ്ങുന്നില്ല' എന്ന കാവ്യ സമാഹാരത്തിന് ലഭിച്ചു. കേരള സാഹിത്യ അക്കാദമി മുൻ സെക്രട്ടറി പായിപ്ര രാധാകൃഷ്ണന്റേയും നോവലിസ്റ്റ് നളിനീ ബേക്കലിന്റേയും പുത്രിയായ അനുജ കേരള വെറ്റിനറി സർവ്വകലാശാല അസി. പ്രൊഫ. ഡോ. അസ്‌ലമിന്റെ ഭാര്യയുമാണ്. ഇപ്പോൾ ഡൽഹി ഇന്ത്യൻ അഗ്രി. സ്റ്റാറ്റിറ്റിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ശാസ്ത്രജ്ഞയാണ്.

50000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്ക്കാരം ഒ. എൻ. വി.യുടെ ജന്മദിനമായ മെയ് 27ന് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ നല്കുമെന്ന് ചെയർമാൻ അടൂർ ഗോപാലകൃഷ്ണൻ അറിയിച്ചു.

■ കവിത

# ആകാശത്തിനു കീഴിൽ

ഉണ്ണി വിശ്വനാഥ്
9895555393



മനസ്സിൽ പകർത്തിയ
സ്വപ്നങ്ങളൊക്കെയും
ജീവിതവീഥിയിൽ
തുണയ്ക്കാറില്ല.

ചില്ലുകൂട്ടിലെ രുചിയും മണവും
ചിലനേരം വിശപ്പകറ്റാനുതകാറില്ല

പാഞ്ഞുനടക്കും കാറ്റിനും
ആഞ്ഞുപതിയ്ക്കും പേമാരിയ്ക്കും
പൊള്ളിച്ചു തളർത്തും വെയിലിനും
കഴിയുകില്ലൊരു ജീവനെ കാക്കുവാൻ.

വിനയം കാട്ടിയ വിദ്വാൻമാർക്കും
ഹുങ്കുനടിയ്ക്കും മേലാളർക്കും
ഗതിയില്ലാത്തോർക്കായ്
തുണയില്ലാത്തോർക്കായ്
തണലേകാനായ് കഴിയാറില്ല
കഴിഞ്ഞാലൊട്ടു തുനിയാറില്ല.

കാലം കോലം കെട്ടിനടത്തം
കാലത്തിനൊപ്പം കൈകൊട്ടി നടത്തം
ആകാശത്തുനോക്കി ഭൂമിയിലൂടെ.

■ കവിത

# അഖിലമമ്മ, സകലമമ്മ...

അജയ് ബാലചന്ദ്രൻ
8848854181, 9895659050

സർവ്വലോകത്തിനും നിലവിളക്കായ് നിത്യം
പകൽ അറിയിക്കുന്ന സൂര്യനമ്മ,
നേരം പുലരുന്നോരാദ്യപൊൻ കിരണത്തെ
തഴുകിയണയും ഇളം കാറ്റുമമ്മ,
പകലിൽ ആണെങ്കിലും കാണാത്ത കാഴ്ചകൾ
തെളിവായി അറിയുവാൻ ചൊല്ലുമമ്മ
രാവാകും വീഥിയിൽ വഴിയറിഞ്ഞീടാതെ
അലയുന്ന ജീവന് പ്രകാശമമ്മ
പരാജയത്തിൻ പടിവാതിൽക്കൽ എത്തുമ്പോൾ
ധൃഢകൽപ്പടവുകളായ് സ്വയം മാറുമമ്മ,
വിജയത്തിൻ മധുരം വിളമ്പുന്ന നേരത്ത്
മനം നിറയും നൽ ചിരിവരമമ്മ.
അമ്മതൻ ഇഷ്ടങ്ങൾ കാണുവാനെളുതല്ല
എന്നെന്നും പൈതലിൻ ഇഷ്ടമമ്മ,
അച്ഛനിലൂടെ നീ അറിയുന്ന സ്നേഹവും
അച്ഛൻ തൻ അമ്മയിൽനിന്നും അറിഞ്ഞ സ്നേഹം,
ഈശ്വരസ്നേഹത്തെ കണ്ടറിഞ്ഞീടുവാൻ
ഒരൊറ്റ മാർഗ്ഗം അതമ്മതന്നെ.



ടി. കെ. ഉണ്ണികൃഷ്ണൻ
0491–2578098, 9447972209

# നരസു

**മു**ള്ളിനെ മുള്ളുകൊണ്ടെടുക്കാം. ആനയെ ആനയെക്കൊണ്ടു മെരുക്കാം. ഇരുമ്പിനെ ഇരുമ്പുകൊണ്ട് മുറിക്കാം. സ്നേഹം സ്നേഹം കൊടുത്ത് വാങ്ങാം. പക്ഷെ അമ്പതു ഫ്ളാറ്റുകളുള്ള അപ്പാർട്ടുമെന്റിൽ എന്തുചെയ്തും നേർവഴിക്കു കൊണ്ടുവരാൻ പറ്റാത്ത ഒരുവനുണ്ട്. പതിനഞ്ചു വയസ്സു കഴിഞ്ഞ നരസു.

അപ്പാർട്ടുമെന്റിലെ ചെറിയ കളിസ്ഥലം, സ്വിമ്മിംഗ് പൂൾ എന്നിവിടെയെല്ലാം അവന്റെ ഭരണം. അവനനുസരിച്ച് കളിച്ചില്ലെങ്കിൽ കുട്ടികളെ നന്നായി ഉപദ്രവിക്കും. ഡൽഹിക്കാരനായതിനാൽ ഹിന്ദിയിൽ അസഭ്യങ്ങൾ വിളിച്ചുകൂവും. ഹിന്ദി അറിയുന്നവരും അറിയില്ലെന്നു നടിച്ചു നടക്കും. അവന്റെ അച്ഛന് ഈ നഗരത്തിൽ കച്ചവടമാണ്. രാവിലെ അവനുവേണ്ട ഭക്ഷണമെല്ലാം വച്ച് അച്ഛനും അമ്മയും കടയിലേക്ക് പോകും.

ആദ്യമെല്ലാം അവർ വൈകുന്നേരം വരുമ്പോൾ പലരുടേയും പരാതികൾ വരും. നരസു കുട്ടികളെ തല്ലിയതിന്. സ്വിമ്മിംഗ് പൂളിൽ എണ്ണയും സോപ്പും ഉപയോഗിച്ചുകുളിച്ചതിന്. റൂമിൽ കടന്ന് ഫ്രിഡ്ജിൽ വച്ച പഴവർഗ്ഗങ്ങൾ എടുത്തുകഴിച്ചതിന്. അങ്ങിനെ നീണ്ടുപോകും പരാതികൾ.

അവർ കൈകൂപ്പി തൊഴുത് പറയും "മാപ്പ്, പറഞ്ഞു മനസ്സിലാക്കാം." പക്ഷെ അവർ എന്തു ഉപദേശിച്ചിട്ടും അവന്റെ സ്വഭാവം ശരിയായില്ല. എന്നുമാത്രമല്ല പരാതി പറഞ്ഞവരെ പലവിധത്തിലും ഉപദ്രവിക്കാനും തുടങ്ങി. അവരുടെ വീട്ടിലെ ബെൽ ഇടയ്ക്കിടെ അമർത്തും. അവർ വാതിൽ തുറക്കുമ്പോൾ അവൻ ഒളിച്ചു നിൽക്കും. അവരുടെ പുറത്തുവച്ചിരിക്കുന്ന ഷൂ റാക്കിൽ നിന്ന് ഷൂകളും ചെരുപ്പുകളും എടുത്ത് കാർ പാർക്കിൽ കൊണ്ടേയിടും. അവരുടെ വീട്ടിലേക്കുള്ള വെള്ളത്തിന്റെ പൈപ്പിന്റെ വാൾവുകൾ അടയ്ക്കും. വാഹനങ്ങളുടെ മുകളിൽ മാലിന്യങ്ങൾ നിറച്ച പിക്കപ്പുകൾ കൊണ്ടുവയ്ക്കും. എല്ലാറ്റിനുപരി ലിഫ്റ്റിൽ മൂത്രം ഒഴിക്കും.

എല്ലാം അനുഭവിച്ച ആൾക്കാർ പരാതി നിർത്തി. അകത്ത് ശപിച്ചുകൊണ്ട് അവനെ കാണുമ്പോൾ ചിരിക്കാൻ ശ്രമിക്കും. അപ്പാർട്ടുമെന്റിൽ അവനൊരു ശല്യം തന്നെയായി. നിവാരണം കാണാതെ വിഷമിച്ചുപോയി. ആയിടയ്ക്കാണ് മൂന്നാം നിലയിലെ ഒരു ഫ്ളാറ്റിലെ ബാൽക്കണിയിൽ നാലഞ്ചുവയസ്സായ ഒരു കുട്ടി ആർത്തു കരയുന്നത് ആൾക്കാർ ശ്രദ്ധിച്ചത്. ചിലർ ഓടി ഫ്ളാറ്റിൽ പോയി നോക്കി. അത് പൂട്ടിക്കിടപ്പാണ്. താഴെ വന്ന് വിവരം മറ്റുള്ളവരെ അറിയിച്ചു. ഫ്ളാറ്റിൽ താമസിക്കുന്നവരെ മൊബൈലിൽ വിളിച്ചു. അവർ ഓഫീസിലാണെന്നും പണിക്കാരിയെ കുട്ടിയെ നോക്കാൻ ഏല്പ്പിച്ചാണ് ഓഫീസിൽ പോയതെന്നും അവർ പറഞ്ഞു. വിവരം അറിയിച്ചപ്പോൾ ഉടൻ വരാമെന്നും അറിയിച്ചു.


കുട്ടിയെ ഉറക്കിക്കിടത്തി പണിക്കാരി പുറത്തുനിന്നു പൂട്ടി എവിടേയ്ക്കോ കടന്നതാണെന്ന് ഊഹിക്കാൻ പ്രയാസമില്ലായിരുന്നു. ബാൽക്കണിയുടെ വാതിൽ അടയ്ക്കാത്തതിനാൽ കുട്ടി ഉണർന്നപ്പോൾ അവിടെവന്ന് കരച്ചിൽ തുടങ്ങിയതാണ്.

എന്തുചെയ്യണമെന്നറിയാതെ അപ്പാർട്ടുമെന്റിലെ ആൾക്കാർ അഭിപ്രായങ്ങൾ നിരത്തുകയാണ്. മൂന്നടി ഉയരമുള്ള ബാൽക്കണിയുടെ ഗ്രില്ലിൽ പിടിച്ച് കുട്ടിയുടെ കരച്ചിൽ കൂടിക്കൂടി വരികയായിരുന്നു. ഗ്രില്ലിൽ പൊത്തിപ്പിടിച്ച് കുട്ടി കയറാൻ ശ്രമിച്ചാൽ എന്താവും സ്ഥിതി. ഭയം കൂടിനിൽക്കുന്നവരുടെ ടെൻഷൻ കൂട്ടി. അത്രയും ഉയരമുള്ള കോണിയുമില്ല. അഥവാ ഉണ്ടെങ്കിൽ ത്തന്നെ ആരു കയറും. ഫയർ ഓഫീസിൽ വിളിച്ചെങ്കിലും കിട്ടുന്നില്ല.

അപ്പോഴാണ് നരസു അടുത്ത കൺസ്ട്രക്ഷൻ നടക്കുന്ന ബിൽഡിംഗിൽ നിന്ന ഒരു മുളന്തണ്ടുമായി വന്നത്. അവിടെ നിന്നിരുന്ന രണ്ട് ആളെ വിളിച്ച് അടുത്ത അപ്പാർട്ടുമെന്റിലേക്ക് നടന്നു. അവിടെച്ചെന്ന് കുട്ടി നിൽക്കുന്ന ബാൽക്കണിയുടെ നേർക്കുള്ള ബാൽക്കണിയിൽ നിന്ന് മുള ഒരു പാലം പോലെ വച്ചു. ഒപ്പം വന്ന രണ്ടുപേരോടും മുള മുറുകെ പിടിക്കാൻ പറഞ്ഞ് നരസു കാലുകൾ അപ്പുറവും ഇപ്പുറവുമിട്ട് മുളയിൽ ഇരുന്നു. കൈകക്ക് ബലം കൊടുത്ത് മുന്നിലേക്ക് നീങ്ങിത്തുടങ്ങി. അവൻ നീങ്ങുന്നതും കണ്ട് താഴെക്കൂടി നിൽക്കുന്നവർ തലയ്ക്ക് കൈവച്ചു. ഒന്നു തെറ്റിയാൽ മൂന്നാം നിലയുടെ ഉയരത്തിൽ നിന്ന് താഴേക്കു തന്നെ. പിന്നെ സംഭവിക്കുന്നത് ഊഹിക്കാമല്ലോ. വെറുക്കപ്പെട്ട നരസുവിന്നുവേണ്ടി ദൈവത്തോടു പ്രാർത്ഥിച്ചു. അവനെ കാണാൻ പോലും ഇഷ്ടപ്പെടാത്ത പല സ്ത്രീകളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

നരസു അപ്പുറം കടന്ന് കുട്ടിയെ എടുത്ത് അകത്തേക്കുപോയി കതകുതുറന്നു. അത് കണ്ട് എല്ലാവരും ഫ്ളാറ്റിലേക്കോടി. അപ്പോഴേക്കും കുട്ടിയുടെ അച്ഛനും അമ്മയും എത്തിയിരുന്നു.

വിശ്വസിക്കാൻ പറ്റാത്ത പണിക്കാരിയെ ശകാരിച്ച് ആൾക്കാർ റൂമിലേക്ക് വന്നപ്പോൾ കണ്ടത് – നരസു ഫ്രിഡ്ജിൽ നിന്നും ആപ്പിൾ എടുത്ത് കടിച്ചുതിന്നുന്നതാണ്. അതുകണ്ട് ആൾക്കാർക്ക് ചിരിപൊട്ടി. ആർക്കും അവനോട് വെറുപ്പ് തോന്നിയില്ല. ●



**മുഹമ്മദ് കനി**
**8157874953**

# എന്നിലെ ഞാൻ

'എന്നിലെ ഞാൻ' ഇല്ലാതായാൽ മാത്രമെ ഞാൻ ഞാനായി ത്തീരുകയുള്ളൂ'.

എന്നിലെ എന്നെ കണ്ടെത്തുന്നതിന്നുള്ള ആകാംക്ഷ എന്നിൽ വർദ്ധിച്ചുകൊണ്ടിരുന്നു. പുണ്യാത്മാക്കളുടെ ജീവചരിത്രത്തിലൂടെ എന്നെ കണ്ടെത്തുവാൻ കഴിയുമെന്ന് ഞാൻ കരുതി. അവരിലെ അവരെ അവർ തന്നെ കണ്ടെത്തിയതുപോലെ ഞാൻ തന്നെ എന്നിലെ എന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു.

വീട്ടിലെ അലമാരയിൽ പതിപ്പിച്ച കണ്ണാടിയ്ക്ക് മുമ്പിൽ ഞാൻ നിന്നു. എന്റെ മുഖം വ്യക്തമായും ഞാൻ കണ്ടു. സീനിയർ സിറ്റിസനായി പ്രമോഷൻ ലഭിച്ച എന്റെ തലയിലെ രോമങ്ങളെല്ലാം പാൽ നിറമായി മാറിയെങ്കിലും ചെറുപ്പത്തിന്റെ കറുപ്പ് ഒരഞ്ചുശതമാനത്തോളം ബാക്കിയുള്ളത് എന്റെ യുവത്വം നഷ്ടപ്പെട്ടിട്ടില്ല എന്ന ആശ്വാസത്തിന് വക നൽകി. കഴുത്തിനു മുകളിലുള്ള എല്ലാ രോമങ്ങളും ആനച്ചന്തം പോലെ തിളക്കമുള്ളതാക്കി മാറ്റാനുള്ള വിദ്യ അറിയാമെങ്കിലും കൃത്രിമസൗന്ദര്യം ഈശ്വരന് (അല്ലാഹുവിന്) ഇഷ്ടമല്ലായെന്ന കാരണത്താൽ വേണ്ടെന്നുവെച്ചു. (എന്റെ പ്രവാസകാലത്ത് അനുഷ്ഠിച്ചുവന്ന കർമ്മമായിരുന്നു അത് എന്ന കാര്യം വിസ്മരിക്കുന്നില്ല).

കുറച്ചുദിവസങ്ങൾക്ക് മുമ്പ് ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ ഒരു പെൺകുട്ടിയുടെ ചോദ്യത്തിന് 'എന്റെ അമ്മ 35 വർഷങ്ങൾക്കു മുമ്പ് മോനെ നിനക്കിപ്പോൾ 25 വയസ്സുകഴിഞ്ഞിട്ടുണ്ട് എന്നു പറഞ്ഞുവെന്ന് പറഞ്ഞപ്പോൾ അല്പനേരം ചിന്തിച്ചതിനുശേഷമുള്ള ആ കുട്ടിയുടെ പുഞ്ചിരിയിൽ നിന്നും എന്റെ വയസ്സെത്രയെന്ന് അവൾ മനസ്സിലാക്കിയെന്ന് ഞാനൂഹിച്ചു.

കോൺകേവ് ലെൻസിൽ പിടിപ്പിച്ച കോൺവെക്സ് ലെൻസിലൂടെ ഞാൻ എന്റെ നാസികയ്ക്കു മുകളിൽ സ്ഥാനം പിടിച്ചിട്ടുള്ള മൂക്ക് കണ്ണാടിയുടെ ഫ്രെയ്മിന് വയസ്സ് കൂടുതലാണെന്ന് കണ്ടെത്തി. അതുമാറ്റിക്കൊണ്ട് യുവാക്കൾ ഉപയോഗിക്കുന്ന ഒരെണ്ണം വാങ്ങി ഫിറ്റു ചെയ്യണമെന്ന മോഹം വൈറ്റമിൻ എമ്മിന്റെ (Money) കുറവുനിമിത്തം ഇപ്പോൾ വേണ്ടെന്നുവെച്ചത് എന്റെ മുഖസൗന്ദര്യത്തിനല്പം മങ്ങലേൽപ്പിച്ചിട്ടുണ്ട്. എന്റെ നാസികയിലെ രണ്ടു മാളങ്ങളിൽ നിന്നും വെളുത്ത രണ്ടു മൂന്നു നീർക്കോലികൾ തല പുറത്തേക്കിട്ട് എന്നെ നോക്കി പുഞ്ചിരിക്കുന്നു.

എന്റെ പിതാവിനെ 'മീശയലിയണ്ണൻ' എന്ന് സംബോധന ചെയ്തുകൊണ്ട് ജനങ്ങൾ വിളിച്ചിരുന്നതുപോലെ എന്നെയും 'മീശ കനിയണ്ണൻ' എന്ന് വിളിയ്ക്കരുത് എന്ന നിർബന്ധം എനിക്കുണ്ടായിരുന്നതുകൊണ്ട് എന്റെ മീശയേ കട്ടിയുള്ളതോ കൊമ്പുള്ളതോ ആക്കി മാറ്റാതിരുന്നതു കൊണ്ട് എന്റെ മുഖസൗന്ദര്യം വർദ്ധിച്ചതിൽ എനിയ്ക്കഭിമാനമുണ്ട്. എന്റെ നിറം കറുപ്പായത് കൊണ്ടും, കറുപ്പിന് ഏഴഴകായതു കൊണ്ടും എന്റെ പൗരുഷരോമങ്ങൾ (താടി, മീശ) പഞ്ചസാരയിൽ ചായപ്പൊടി കലർന്നതുപോലെ തോന്നിപ്പിക്കുന്നത് മുഖസൗന്ദര്യത്തിനൽപ്പം മങ്ങലേൽപ്പിച്ചുവെന്ന് തോന്നുന്നുണ്ടെങ്കിലും അതുസാരമില്ല. കാരണം ഞാനും, എന്റെ സഹധർമ്മിണിയും മാത്രമാണല്ലോ ഈ സൗന്ദര്യമാസ്വദിക്കുന്നത് എന്നതുതന്നെ കാരണം.

എന്റെ വദനസൗന്ദര്യമാസ്വദിക്കാനല്ല ഞാൻ കണ്ണാടിക്കുമുമ്പിൽ നിൽക്കുന്നതെന്ന തിരിച്ചറിവുണ്ടായപ്പോൾ എന്നിലെ എന്നെ കണ്ടെത്തുന്നതിന്നുള്ള ശ്രമത്തിന്റെ ഭാഗമായി എന്റെ രണ്ടു കണ്ണുകളും ഞാനടച്ചു. മനസ്സാകുന്ന തൃക്കണ്ണ് മെല്ലെ തുറന്നു. അതിൽനിന്നും മൂർച്ചയേറിയ രശ്മികൾ എന്റെ നെറ്റിത്തടത്തിൽ പതിച്ചു. തലയോട്ടി തുളച്ച് അകത്തേയ്ക്ക് പ്രവേശിച്ച രശ്മികൾ അവിടെയാകെ അരിച്ചുപെറുക്കി പരിശോധിച്ചു. ശുദ്രവർണ്ണവും, ലോലവും മൃദുലവും മാംസനിർമ്മിതവുമായ സിരാകേന്ദ്രത്തിനകത്ത് രണ്ടു കൊമ്പുകളുള്ള ഒരു വികൃതരൂപത്തിന്റെ തലയുടെ പിൻഭാഗം കാണപ്പെട്ടു. ആ രാക്ഷസരൂപത്തിന്റെ മുഖമൊന്നുകാണുവാൻ 'ഹലോ' എന്ന് ഞാൻ പതുക്കെ പറഞ്ഞതേയുള്ളൂ. അപ്പോഴേയ്ക്കും ആ വിരൂപി എന്റെ നേരെ തിരിഞ്ഞുകൊണ്ട് ആരാണു നീ ? നിനക്കെന്താണിവിടെക്കാര്യം എന്ന് കർണ്ണകഠോരമായ ശബ്ദത്തിൽ ചോദിച്ചു. അപ്പോൾ അതിന്റെ വായിൽ നിന്നും പുറത്തേക്കുവന്ന ദുർഗന്ധം അവിടമാകെ പരന്നു.

ഞാൻ നിന്റെ ഈ വികൃതമായ മോന്ത കാണാനല്ല വന്നത്. എന്നെ കാണാനാണ് എന്ന എന്റെ വാക്കുകൾക്കുള്ള ആ രാക്ഷസമുഖത്തിന്റെ ഉത്തരം 'നീ തന്നെയാണ് ഞാൻ, ഇതാണ് നിന്റെ യഥാർത്ഥ മുഖം' എന്ന് ആവർത്തിച്ചുകൊണ്ടിരുന്നു. ഞാൻ നിഷേധിച്ചുകൊണ്ടുമിരുന്നു.

എന്റെ കോപം ഇരട്ടിച്ചു. കയ്യിൽ കരുതിയിരിക്കുന്ന ആക്സോ ബ്ലേഡുകൊണ്ട് അവന്റെ രണ്ടു കൊമ്പുകളും അറുത്തുമാറ്റി. ഇനി നീ ആരേയും ഈ കൊമ്പുകളുപയോഗിച്ച് കുത്തിപ്പരിക്കേൽപ്പിക്കരുത്. അനുസരണയുള്ള കുട്ടിയെപ്പോലെ തലയാട്ടിക്കൊണ്ട് അവൻ സമ്മതിച്ചു. ചോരനിറമുള്ള രണ്ട് ഉണ്ടക്കണ്ണുകളുടേയും ആകൃതിക്ക് മാറ്റം വരുത്തി മനോഹര നയനങ്ങളാക്കി മാറ്റി. തടിച്ചതും കൊമ്പുള്ളതുമായ മീശയേയും, തടിച്ച കൺപുരികങ്ങളേയും കത്തിരിയുപയോഗിച്ച് ഭംഗിയുള്ളതാക്കി മാറ്റി. രക്തക്കറപുരണ്ട അവ

ന്റെ രണ്ടു കോമ്പല്ലുകളേയും ചവണയുപയോഗിച്ച് ബലമായി പറിച്ചെടുക്കുമ്പോൾ ഞാനിങ്ങനെ പറഞ്ഞു 'പരദൂഷണം പറച്ചിൽ' സ്വന്തം സഹോദരന്റെ പച്ചമാംസം ഭക്ഷിക്കലാണ്' എന്ന് പ്രവാചകൻ പറഞ്ഞിട്ടുണ്ട്. നിന്റെ കോമ്പല്ലുകളിലെ രക്തക്കറയ്ക്ക് കാരണം അതാണല്ലോ. ഇനി ഒരിയ്ക്കലും നിന്നിൽ നിന്നും അത്തരത്തിലുള്ള വാക്കുകൾ പുറത്തേക്കുവരരുത്. ഗത്യന്തരമില്ലാതെ തല കുലുക്കിക്കൊണ്ടവൻ എന്റെ വാക്കുകളോട് യോജിച്ചു. കറുത്ത ചായം തേച്ച് പിടിപ്പിച്ചത് പോലുള്ള അവന്റെ മുഖം ഔഷധഗുണവും ചന്ദന സുഗന്ധവുമുള്ള സോപ്പുപയോഗിച്ച് വൃത്തിയും, ഭംഗിയുള്ളതുമാക്കി മാറ്റി. അവിടമാകെ ചന്ദന സുഗന്ധം പരന്നു.

ഇപ്പോൾ പൂർണ്ണമായും അവൻ പറഞ്ഞത് സത്യമാണെന്ന് മനസ്സിലായി. 'അതെ' ഞാൻ തന്നെ. ഞാൻ കണ്ണാടിയിൽ കണ്ടു എന്റെ അതേമുഖം. ഞാൻ എന്നെ തിരിച്ചറിയാൻ വളരെ വൈകിപ്പോയി എന്ന ഖേദം എന്നെ വല്ലാതെ നൊമ്പരപ്പെടുത്തി. ഇപ്പോഴെങ്കിലും എന്നെ ഞാനാക്കി മാറ്റുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഞാൻ എന്റെ പുതിയ മുഖത്തോടുപറഞ്ഞു. ഇനിയൊരിയ്ക്കലും പഴയ മുഖം ഞാൻ സ്വീകരിക്കില്ലായെന്ന് നീ ദൈവത്തോട് സത്യപ്രതിജ്ഞ ചെയ്യൂ. എന്റെ വാക്കുകൾ പാലിച്ചുകൊണ്ട് എന്റെ പുതിയ മുഖം ഇങ്ങിനെ സത്യപ്രതിജ്ഞ ചൊല്ലി, 'എന്റെ സൃഷ്ടികർത്താവായ, അന്നും ഇന്നും, എന്നും, എന്നെന്നും ജീവിച്ചിരിക്കുന്നവനുമായ ജഗദീശ്വരന്റെ (അല്ലാഹു) നാമത്തിൽ ഞാൻ സത്യപ്രതിജ്ഞ ചെയ്യുന്നു. 'ഇനിയൊരിയ്ക്കലും ഞാൻ പഴയ മുഖം സ്വീകരിക്കില്ല. ഇത് അല്ലാഹുവാണേ, (ഈശ്വരനാണേ) സത്യം.'

എന്നിലെ 'ഞാൻ' ഇല്ലാതാക്കിയ സന്തോഷത്തോടെ തലയോട്ടിയിൽ നിന്നും പുറത്തുവന്ന് എന്റെ സ്ഥാനത്ത് ഞാനിരുന്നു. രണ്ടു കണ്ണുകളും ഞാൻ തുറന്നു. എന്റെ മുഖസൗന്ദര്യം പൂർവ്വാധികം വർദ്ധിച്ചിരിക്കുന്നു. ഓജസ്സും, തേജസ്സും നിറഞ്ഞ എന്റെ പുതിയ മുഖത്തെ നിർന്നിമേഷനായി ദീർഘനേരം ഞാൻ നോക്കിനിന്നു.

'എന്നിലെ' ഞാനില്ലാതായാൽ മാത്രമേ ഞാൻ ഞാനായിത്തീരുകയുള്ളൂ'

എല്ലാ സ്തുതിയും പരബ്രഹ്മത്തി(അല്ലാഹു)ന്.


**ഏക തത്ത്വ വരിക്കാരാവുക**

**ഒറ്റ പ്രതി – 15 രൂപ**

**ഒരു വർഷത്തേക്ക് – 170 രൂപ**

**രണ്ടു വർഷത്തേക്ക് – 330 രൂപ**

**മൂന്നു വർഷത്തേക്ക് – 500 രൂപ**

**മണിയോഡറായോ ചെക്കായോ ഡിഡിയായോ ഇ-ട്രാസ്ഫറിലൂടേയോ പണമടയ്ക്കാം. വിലാസവും ബാങ്ക് വിവരങ്ങളും ഉള്ളടക്കം പേജ് നോക്കുക.**





എം. കെ. ശശിധരൻ
9847838361


# പ്രവാഹിനി

അതിലോലമായ് ശോകവീചികളാ-
ർദ്രമായ് പൊടിയും മനസ്സുമായ്
സായന്തനത്തിലീ നദിയുടെ തീരത്തു
തൂമണൽ തന്നിലിരിപ്പു ഞാനും.
വർഷങ്ങൾ മുൻപ് യതിവൃഷ്ടിമൂലം
ഈ നദിക്കര കവിഞ്ഞൊഴുകിയപ്പോൾ
പ്രവാഹമാകെ മണ്ണുകലർന്നു മലിന-
മായ് പരിണമിച്ചായിരുന്നു
സ്കൂളിലേക്കുള്ള യാത്രയിലന്നു തോണി
മറിഞ്ഞുയാറുവയസ്സുള്ളെന്നയൽവീട്ടിലെ
കൊച്ചുപെൺകുട്ടിയൊഴുക്കിൽ വീണു
ഏന്നേയ്ക്കുമായാ ചെറിയ ജീവൻ
ലോകം വെടിഞ്ഞു പിരിഞ്ഞുപോയി.
പിന്നീട് നദിയിതുവരെയങ്ങനെ
നിറയെ നിറഞ്ഞു ഞാൻ കണ്ടതില്ല
ഓരോ വർഷവും കാലവർഷം
ലോപിച്ചു ലോപിച്ചു പെയ്തുതീർന്നു
വേനൽ കടുക്കുമ്പോൾ പുഴയുടെ-
യടിയിലെ നഗ്നതയുപരി
പൊന്തിനില്ക്കുമോരൊത്തുകൂടി
ശുഷ്കമായുള്ളൊരു നീർച്ചാലു-
മാത്രമെയൊഴുകിയെത്തുയതിൽ മുങ്ങി
നീർന്നു കുളിക്കുകില്ല
രാത്രിയിൽ കള്ളവണ്ടികൾ വന്നു
മണൽ കോരി വാരി കൊണ്ടുപോകും.
പണ്ടൊക്കെ സ്കൂൾ വിട്ടുവന്നാൽ
ചൂണ്ടയുമായി ഞാനിവിടെയെത്തും
എത്രയോ മീനിനെ കൈക്കലാക്കി
അമ്മ തന്നഭിനന്ദനങ്ങൾ കിട്ടി !
ദുർബ്ബലയായി നദിയൊഴുകുന്നു
സായന്തനാകാശം ശോണമായി
സൂര്യനസ്തമിക്കും കടയിലേക്കുള്ള
യാത്രയിൽ വേഗതയില്ലാതെ നദിയൊ
ഖിന്നയായുള്ളിൽ തപിക്കയാവാം.

■ കവിത



ഗോപിനാഥ് തട്ടയ്ക്കാടൻ
9567762202

# ഒടുവിൽ നാം ഒരിടത്തിൽ

(നാം എത്ര കണ്ട് എവിടെയെല്ലാം ഓടിനടന്നാലും ഒടുവിൽ നമ്മൾ എത്തിച്ചേരുന്നത് ഒരിടത്തുതന്നെ. നാം എന്തെല്ലാം എവിടെയെല്ലാം കരുതിവെച്ചാലും നമ്മുടെ കർമ്മഫലങ്ങളെന്യേ മറ്റൊന്നും നമ്മോടൊപ്പമെത്തുന്നില്ല. നമുക്ക് വേണ്ടതേതോ അത് നാം അന്വേഷിയ്ക്കുന്നില്ല, അവസാനം വരെ. നമുക്ക് ദുഃഖം നല്കുന്നതേതോ, അതിന്റെ പിന്നാലെയാണ് ജീവിതം മുഴുവൻ നാം അലയുന്നത്, അത് ദുഃഖമാണെന്നറിയാതെ...!

മരണത്തിന് തന്റെ മുന്നിൽ കിടക്കുന്നത് അജ്ഞനോ ജ്ഞാനിയോ എന്ന ഭേദമില്ല. കുചേലനോ കുബേരനോയെന്ന ഭേദമില്ല. സ്ത്രീയോ പുരുഷനോയെന്ന വ്യത്യാസമില്ല. സഹർഷം വാരിപ്പുണരും എല്ലാവരേയും ! അത് മരണധർമ്മമാണ്, യമധർമ്മമാണ്. അവിടെ നാമെല്ലാം തുല്യരാണ്. ഒടുവിൽ ഒരുനാൾ നാം അവിടേയ്ക്കെത്തിയേ തീരൂ... അവിടേയ്ക്കനായാസം കടന്നുചെല്ലുന്നതിനുള്ള പാത തെളിയ്ക്കുക. അതിനുവേണ്ടിയാണ് ഈ മനുഷ്യജന്മം.)

നിന്നെരിയുന്നൊരാ, വൻചിത നോക്കൂ...
ചെന്നിടുമൊരുനാൾ നമ്മളുമോർക്കൂ...
ഇന്നലെയോളം നിന്നുജ്വലിച്ചവ-
നിന്നിവിടഗ്നിയിൽ നിന്നെരിയുന്നു...

ആശകളൊത്തിരി ബാക്കിയുമായി,
ശാശ്വതമായൊരു നിദ്രയുമായി.
പാശവും പണവുമെന്തിഹേചെയ്തു...?
വാശിയുമെവിടെ... ഒക്കേയടങ്ങീ...!

വന്നുപിറന്നതുമുഷ്ടിച്ചുരുട്ടീ...
നിന്നിവിടെന്തിനും പോന്നവൻ പോലെ
അഗ്നിയിലിന്നവനേറിയനേരം,
ഇന്ധനതുല്യമാക്കൈകൾ നിവർന്നും

അജ്ഞനും ജ്ഞാനിയും വന്നുശയിപ്പാ-
നീച്ചുടുകാട്ടിലങ്ങുള്ളതൊരേടം...
പുച്ഛിച്ചുതള്ളവേയോർക്കയില്ലാരും,
മൃത്യുവിലേവരു,മൊന്നെന്ന സത്യം !

നേടിയതില്ലവൻപാരിതിയൊന്നും
തേടിയതില്ലവൻ വേണ്ടിയതൊന്നും
മാടിവിളിയ്ക്കും ചുടുകാട്ടിലല്ലോ
ആടിമുടിപ്പതീ,യന്തിയിൽ നമ്മൾ.

(1991 മെയ് മാസത്തിലെ ഒരു സായംസന്ധ്യ. മുംബൈയിലെ മുള്ളുണ്ട് ചെക്ക്നാക്കയിലുള്ള പൊതുശ്മശാനത്തിനരികിലൂടെ ഞാൻ നടന്നുപോവുകയാണ്. ശ്മശാനത്തിൽ ഒരു മൃതദേഹം കത്തിയെരിയുന്നു. എ ല്ലാം കൈയ്പിടിയിലൊതുക്കാൻ വെമ്പൽ കൂട്ടി ഓടി നടക്കുന്ന മനുഷ്യന്റെ മനസ്സിലെ അന്തസാരശൂന്യതയേക്കുറിച്ച്, അപ്പോൾ എന്റെ മനസ്സിലൂടെ കടന്നു പോയ ചിന്താശകലങ്ങളാണ് ഈ കവിതയ്ക്കാധാരം.)

•

■ കവിത

# അമ്മയുടെ മാനദണ്ഡം



വാസന്തി മോഹൻ
9142223960

അമ്മയായതുകൊണ്ട് മാത്രമാരിലും
നൻമയുണ്ടാകുമെന്നു കരുവീടാനാകുമോ?
പെറ്റുപോറ്റിവളർത്തിയതിനാൽമാത്രം
അമ്മയാകേണമെന്നു ശഠിച്ചീടാനാകുമോ?
വാക്കുകൾക്കെല്ലാമതീതയാണല്ലോ അമ്മ
വർണ്ണനകളിലൊതുക്കീടാനാകാ അമ്മയെ
നിർവ്വചിച്ചീടാനാകുമോ മാതാവിനെ
നിരൂപണങ്ങളിൽ തളച്ചീടാനുമാകാ
വാശിപിടിക്കാനാമോ മാതാവിനുവേണ്ടും
യോഗ്യതകളെപ്പറ്റി വാദമുന്നയിക്കാനാമോ
തിരഞ്ഞെടുക്കാനാകാ അമ്മയെ ഒരുത്തർക്കും
തൃപ്തികൊള്ളുക മാത്രമേ നിർവ്വാഹമുള്ളു.
പച്ചമലയാളത്തിൽ പറഞ്ഞീടുകിലമ്മ
പത്തുമാസം ചുമന്നുപെറ്റവയറല്ലോ
വറ്റാത്തക്കാരുണ്യം സ്നേഹസാഗരമവൾ
വാത്സല്യദുഗ്ധം ചുരത്തീടുന്നാജീവനാന്തം
തല്ലുന്നു കൊല്ലുന്നു കൊന്നുകത്തിക്കുന്നോളമ്മ
വിൽക്കുന്നു വിലപേശുന്നു വീഥിയിൽ തള്ളിടുന്നു
തീറെഴുതുന്നു സ്വജീവിതം മക്കൾക്കായമ്മ
തീരാദുഃഖങ്ങളിൽ താങ്ങായ് തണലാകുന്നതുമമ്മ
വ്യക്തിയാണമ്മയും സാഹചര്യങ്ങളവളെ
സർവ്വം സഹയാക്കാം സംഹാരരുദ്രയാക്കാം
ജൻമാന്തര പുണ്യ പാപങ്ങൾക്കൊത്തവണ്ണം
ജൻമം കൊള്ളുന്നോരോ ജീവനും ഭാഗ്യം പോലെ.



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# ഏക തത്ത്വ – കൂട്ടുകുടുംബം


### ശ്രീ. സുകുമാരൻ നെല്ലാനിക്കാടിന്റെ രചനാസമാഹാരമായ 'പുനർജ്ജനി'യുടെ പുസ്തകപ്രകാശനത്തിനിടെ ലഭിച്ച ഒരസുലഭ മുഹൂർത്തം !



ഇടത്തുനിന്ന് (നില്ക്കുന്നവർ) ശ്രീ. ഉണ്ണി വിശ്വനാഥ്, ശ്രീ. ഇ. എൻ. നാരായണൻ, ശ്രീ. സുകുമാരൻ നെല്ലാനിക്കാട്, ശ്രീമതി. മഞ്ജു കൃഷ്ണ, ശ്രീമതി. കൃഷ്ണ എഴക്കാട്, ശ്രീ. സുധാകര പണിക്കർ, ശ്രീ. മുഹമ്മദ് കനി, ശ്രീമതി. വാസന്തി മോഹൻ, ശ്രീ. ടി. കെ. ഉണ്ണികൃഷ്ണൻ, ശ്രീ. സുരേഷ് തെക്കീട്ടിൽ, ശ്രീ. രജീഷ് കാളികാവ്. ഇടത്തുനിന്ന് (ഇരിക്കുന്നവർ) ശ്രീമതി. നീരജ വർമ്മ, ശ്രീ. മുരളീധർ കൊല്ലത്ത്, ശ്രീ. ആർ. കെ. വള്ളീച്ചിറ, ശ്രീ. കെ. വേണു, ശ്രീ. ഇന്ദുജൻ ഇന്ദീവരം, ശ്രീ. ശ്രീപ്രകാശ് ഒറ്റപ്പാലം.



കവിയും റിട്ട. ഹെഡ് മാസ്റ്ററുമായ ശ്രീ. ആർ. കെ. വള്ളീച്ചിറ ശ്രീ. സുകുമാരൻ നെല്ലാനിക്കാടിന് കീർത്തിപത്രം സമർപ്പിക്കുന്നു. അരികിൽ (ഇടത്തുനിന്ന്): ശ്രീ. ബാലഗംഗാധരൻ മാസ്റ്റർ, അഡ്വ. സേനാപതി വേണു എന്നിവർ.




പുനർജ്ജനി (രചനാസമാഹാരം)
ഗ്രന്ഥകർത്താവ്:
ശ്രീ. സുകുമാരൻ നെല്ലാനിക്കാട്
9495276965
പ്രസാധകർ:
ഏക തത്ത്വ പബ്ലിക്കേഷൻ,
പാലക്കാട് 678 001
9446443321
പേജ് – 121, വില – 120 രൂപ


**ആർ. കെ. വള്ളിച്ചിറ**
9496161911


കൈരളിക്കിന്നു മനം തെളിഞ്ഞ്
കൈകളിൽ വച്ചൊരു മുത്തമേകാൻ
കൈവന്ന ഭാഗ്യ തനയനാണ്
കൈവല്യമാർന്നോരീ 'യേകതത്ത്വ'.

കൂടുമ്പോളിമ്പം പകർന്നിടുന്ന
കൂട്ടുകുടുംബമാ 'ണേകതത്ത്വ'.
ശ്രേഷ്ഠകലാകാരന്മാരുടേതാം
കൂട്ടായ്മയാണിവിടേകതത്ത്വ.

ഇ. ടി. എം. തന്റെ കലാകുടുംബേ
ഏറ്റവും വന്ദ്യ വയോധികരിൽ
മുറ്റിനിന്നീടും കലകളാലേ
കൊറ്റക്കുടക്കീഴിലാണ് ശില്പി.

സുകുമാരകാവ്യകലകൾ തന്റെ
സൗകുമാര്യങ്ങളടുത്തറിഞ്ഞ്
സൗഹൃദബന്ധം ദൃഢപ്പെടുത്തി
സന്തോഷമോടെത്തി നമ്മളെല്ലാം.

ചേലൊത്ത ശില്പനിരകളാലേ
ചാലെ വിളങ്ങുന്നു ശില്പിയിന്ന്.
വിലയെഴുന്നീടും കലകളാലേ
വിലസുന്നിവിടെയീ ശില്പശാല.

പാലാഴിമാതു മനംനിറഞ്ഞ്
പാലിച്ചിടുന്ന കലാതിലകം
പാലായിൽ നിന്നു കടന്നുവന്ന്
പാലക്കാടിന്റെ മനം കവർന്നു.

പച്ചപ്പട്ടിങ്ങു പുതച്ചുനിൽക്കും
മെച്ചമാർന്നുള്ളൊരീപ്പുണ്യഭൂമി
കൊച്ചുകൃഷിക്കാരനായ ശില്പി-
ക്കിച്ഛയിലിങ്ങു വിളകൾ നൽകി.

നാരായണീയമീ നാടിതിലായ്
പാരായണം ചെയ്യും ലക്ഷ്മിയിന്ന്
പാരിലിന്നീശ്വര ചിന്തയാലേ
നേരായ മാർഗ്ഗം തെളിച്ചിടുന്നു.

മനസ്സിൻ നിഗൂഢമാമുള്ളറകൾ
മലയാളികൾക്കു തുറന്നുകാട്ടാൻ
'മനസ്സെ'ന്ന പേരിലെഴുതി ലക്ഷ്മി
മടിയാതെയേകിയീ മാസികയ്ക്ക്.

സമ്പത് സമൃദ്ധിയോടൊപ്പമായി
അൻപാൽ മനസ്സും നിറഞ്ഞിടട്ടെ!
ഇമ്പമാർന്നുള്ള കലാലതയിൽ
ചെമ്പനീർപ്പൂക്കൾ വിരിഞ്ഞിടട്ടെ.

ചെമ്പൊൽത്താർ മാതിൻ മനോഹരമാം
ദാമ്പത്യമാനന്ദമാക്കിടുവാൻ
തമ്പുരാൻ തന്റെയടിമലരിൽ
കുമ്പിട്ടു ഞങ്ങൾ വണങ്ങിടുന്നു.

Published on 15/05/2018, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 8 Issue 7, June 2018, Rs.15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM


## Kitchens/bedrooms/interiors


Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime




















Sleepwell MATTRESSES PILLOWS CUSHIONS | Peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com